യൂണിറ്റ് ഒന്ന്

# ദീപ്തമായ ഓർമകൾ

**ആമുഖം**

ഭാവി ഒരു സാധ്യതയാണ്; ഭൂതകാലം മാത്രമാണ് യാഥാർത്ഥ്യം. ഓർമ്മകളുടെ സംഭരണിയാണ് ഭൂതകാലം. പിന്നിട്ട കാലത്തിലേക്ക് വേരുകൾ നീട്ടിയാണ് ജൈവികമായ ഏതു വളർച്ചയും തിടം വയ്ക്കുന്നത്. അഗാധസ്മൃതികളിലൂടെയുള്ള അന്വേഷണങ്ങൾ സാമൂഹികക്രമങ്ങളെ പുതുക്കിപ്പണിയുന്നു. വർത്തമാനകാലജീവിതത്തെ നിർവചിക്കാനും ഭാവിയെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് ഇന്ധനമാകാനും ഓർമ്മകൾക്ക് കഴിയും. കാലസങ്കല്പങ്ങളുടെ സങ്കേതവും സൗന്ദര്യവും ഓർമ്മകളാകുന്നു എന്നർഥം. വ്യക്തികൾക്കെന്നപോലെ സമൂഹത്തിനും ഓർമ്മകളുണ്ട്. ഓർമ്മകളെ നിലനിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഓരോ സമൂഹത്തിലും മിത്തുകളും ഐതിഹ്യങ്ങളും ചരിത്രങ്ങളും രൂപം കൊള്ളുന്നു. സമൂഹസ്മൃതികളുടെ അപഗ്രഥനമാണ് സംസ്കാരപഠനത്തെ സൂക്ഷ്മമാക്കുന്നത്. ഈ അന്വേഷണങ്ങളാണ് ചരിത്രങ്ങളുടെ പുനർവായനയ്ക്ക് സമൂഹത്തെ പ്രാപ്തമാക്കുന്നത്. വ്യക്തിഗതമായ ഓർമ്മകളുടെ എഴുത്ത് കലയിലും സാഹിത്യത്തിലും ജീവിതാന്വേഷണത്തിനുള്ള ഉപാധിയാകുന്നു. ഓർമ്മ നേരിട്ട് എഴുത്തായി മാറുന്നത് ആത്മകഥയിലാണെങ്കിലും യാത്രാവിവരണമുൾപ്പടെയുള്ള രചനകളിലും അവയുടെ ശക്തമായ സ്വാധീനമുണ്ട്.

ഒരു വ്യക്തിയുടെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളാണ് ആത്മകഥ. പലപ്പോഴും വ്യക്തിയുടെ ഓർമ്മകൾ സമൂഹത്തിന്റെ ചരിത്രം കൂടിയാവുന്നു. സ്വദേശബോധകന്റെ ആത്മകഥ എന്ന പേരിൽ പ്രസിദ്ധമായ യാക്കോബ് രാമവർമ്മന്റെ ആത്മകഥ തൊട്ടു തുടങ്ങുന്ന ആത്മകഥനത്തിന്റെ വലിയ ഒരു പാരമ്പര്യം മലയാളത്തിനു സ്വന്തമായുണ്ട്. കൊച്ചീരാജാവായ വീരകേരളവർമ്മയുടെ മകനായി തൃപ്പൂണിത്തുറകൊട്ടാരത്തിൽ ജനിച്ച രാമവർമ്മന്റെ കൃതി 1879 ലാണ് പ്രസിദ്ധീകൃതമായത്. സംസ്കൃതപണ്ഡിതനും വൈയാകരണനും തിരുവിതാംകൂറിന്റെ ചരിത്രകാരനും കൊട്ടാരംവൈദ്യനുമായിരുന്ന വൈക്കത്ത് പാച്ചുമൂത്തതാണ് മലയാളത്തിലെ മറ്റൊരു ആദ്യകാല ആത്മകഥാകാരൻ. കെ പി കേശവമേനോന്റെ കഴിഞ്ഞകാലം, സി കേശവന്റെ ജീവിതസമരം, ചെറുകാടിന്റെ ജീവിതപ്പാത, വി.ടി ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും, ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥയ്ക്ക് ഒരു ആമുഖം, മുണ്ടശ്ശേരിയുടെ കൊഴിഞ്ഞ ഇലകൾ, തോപ്പിൽ ഭാസിയുടെ ഒളിവിലെ ഓർമ്മകൾ, പി കു

ഞ്ഞിരാമൻ നായരുടെ കവിയുടെ കാൽപ്പാടുകൾ, നിത്യകന്യകയെ തേടി, എന്നെ തിരയുന്ന ഞാൻ, എൻ എൻ പിള്ളയുടെ ഞാൻ, വൈലോപ്പിള്ളിയുടെ കാവ്യലോകസ്മരണകൾ, തിക്കൊടിയന്റെ അരങ്ങു കാണാത്ത നടൻ, മാധവിക്കുട്ടിയുടെ ബാല്യകാല സ്മരണകൾ, നീർമാതളം പൂത്ത കാലം, കെ പി അപ്പന്റെ തനിച്ചിരിക്കുമ്പോൾ ഓർമ്മിക്കുന്നത്, സി വി ബാലകൃഷ്ണന്റെ പരൽമീൻ നീന്തുന്ന പാടം തുടങ്ങിയവ ഇവയിൽ ചിലതാണ്. ആത്മകഥകൾ, ജീവിതാനുഭവങ്ങൾ പറയുന്നതിനോടൊപ്പം അതതുകാലഘട്ടത്തിലെ സമൂഹത്തെയും സൂക്ഷ്മമായി വരച്ചിടുന്നു. ചരിത്രസംഭവങ്ങളെ വ്യത്യസ്തമായ തലങ്ങളിൽ നിന്നുകൊണ്ട് നോക്കിക്കാണുന്നതിനും ആത്മകഥകൾ സഹായിച്ചിട്ടുണ്ട്.. പാർശ്വവത്കരിക്കപ്പെടുന്ന മനുഷ്യരുടെ അസാധാരണ ജീവിതാനുഭവങ്ങളും നമ്മുടെ സമകാലിക ആത്മകഥാരചനകളെ സമ്പന്നമാക്കുന്നുണ്ട്. (കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം - പൊക്കുടൻ, പച്ചവിരൽ- ദയാഭായി - ഞാൻ വിനയ, വാഴ്കയിലെ പോരാട്ടം മയിലമ്മ) വാമൊഴിരീതിയിൽ പകർത്തിയ ജീവിതാനുഭവങ്ങളുടെ ശക്തി അപാരമാണ്; ഭാവപരമായും ഭാഷാപരമായും. അനുഭവങ്ങളുടെ തുറന്നു പറച്ചിൽ വായനക്കാർ കൂടുതൽ ഇഷ്ടപ്പെടുന്നു എന്നതിനു തെളിവാണ്, സമീപകാലത്ത് ആത്മകഥാപരമായ രചനകൾക്ക് ലഭിക്കുന്ന സ്വീകാര്യത. ഓർമ്മകൾ എഴുതപ്പെടുന്നതിനു പിന്നിൽ സാമൂഹികധർമ്മം കൂടിയുണ്ട്. സൗകര്യപൂർവം സമൂഹം മറന്നു കളയുന്ന ചില കാര്യങ്ങൾ ഓർമ്മിക്കുന്നത് ഒരു പ്രതിരോധപ്രവർത്തനമാണ്. അരികുജീവിതങ്ങളുടെ ഓർമ്മയെഴുത്ത് ഈ നിലയിലാണ് വിലയിരുത്തപ്പെടേണ്ടത്. പാട്ട്, കളി, സിനിമ, നാടകം, രാഷ്ട്രീയം, ചരിത്രം, പുസ്തകങ്ങൾ, തൊഴിൽ ഇങ്ങനെ എന്തിനെക്കുറിച്ചുമുള്ള ഓർമ്മകൾ എഴുതപ്പെടുന്നുണ്ട്. പകർത്തിയെഴുതുന്ന ജീവിതാഖ്യാനങ്ങളുടെ വിപുലമായ ശേഖരവും മലയാളത്തിൽ സമ്പന്നമാണ്.

എല്ലാ യാത്രകളും അന്വേഷണങ്ങളാണ്. ഭൂപ്രദേശാന്വേഷണങ്ങളിൽനിന്ന് പ്രകൃതിയിലേക്കും, സംഗീതത്തിലേക്കും, അനുഭവങ്ങളിലേക്കും, സംസ്കാരങ്ങളിലേക്കും യാത്രകൾ നീളുന്നു. പാറേമാക്കൽ തോമാക്കത്തനാരുടെ വർത്തമാനപുസ്തകത്തെയാണ് മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമായി കണക്കാക്കി വരുന്നത്. ഊർശ്ലേം യാത്രാവിവരണം, കൊച്ചീരാജാവിന്റെ കാശിയാത്ര, കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ രചിക്കപ്പെട്ട അജ്ഞാതകർത്തൃകമായ രാജ്യസഞ്ചാരം ഒരു നാടൻ പെൺകിടാവിന്റെ ലണ്ടൻയാത്ര തുടങ്ങിയ രചനകൾ മലയാളിയുടെ യാത്ര ചെയ്യാനുള്ള താത്പര്യങ്ങളുടെ ആദ്യകാല സാക്ഷ്യപത്രങ്ങളാണ്. ധർമ്മരാജാവിന്റെ രാമേശ്വരയാത്ര എന്ന കൃതി പോലെ പദ്യത്തിലും നമുക്ക് യാത്രാവിവരണങ്ങളുണ്ടായിട്ടുണ്ട്. എം പി വീരേന്ദ്രകുമാറിന്റെ യാത്രകൾ സന്ദർശിക്കുന്ന രാജ്യത്തിന്റെ സാംസ്കാരികമായ ഈടുവയ്പുകളെ പരിചയപ്പെടുത്തിക്കൊണ്ടുള്ളതാണെങ്കിൽ (ആമസോണും വ്യാകുലതകളും, ഡാന്യൂബ് സാക്ഷി) ചരിത്രഭൂമികയിലൂടെ സമാന്തരമായി നടത്തുന്ന യാത്രയാണ് ജോർജ്ജ് ഓണക്കൂറിന്റെ രചനയെ ശ്രദ്ധേയമാക്കുന്നത് (ഒലീവുമരങ്ങളുടെ നാട്ടിൽ) ഹിമാലയയാത്രകളിലൂടെ ശ്രദ്ധേയനായ തപോവനസ്വാമികൾ, അനിശ്ചിതത്വമാണ് യാത്രയുടെ സൗന്ദര്യം എന്ന് തന്റെ കു

റിപ്പുകളിലൂടെ തെളിയിച്ച രാജൻ കാക്കനാടൻ, ഇന്ത്യൻ ഗ്രാമങ്ങളുടെ മിഴിവാർന്ന ചിത്രം വരച്ചിട്ട രവീന്ദ്രൻ സച്ചിദാനന്ദന്റെ കാവ്യയാത്രകൾ, ആഷാമേനോന്റെ പാരിസ്ഥിതിക അന്വേഷണയാത്രകൾ, എം കെ രാമചന്ദ്രന്റെ ആദികൈലാസയാത്രകൾ, അമേരിക്കയിലും ചൈനയിലും എം ടി നടത്തിയ ഏകാന്തയാത്രകൾ, മുസാഫിർ അഹമ്മദ് മരുഭൂമിയിലൂടെ നടത്തിയ യാത്രകൾ, അഭിലാഷ് ടോമിയുടെ കടൽയാത്രകൾ അങ്ങനെ നീളുന്ന എണ്ണമറ്റ രചനകളിൽ മലയാളത്തിലെ യാത്രാനുഭവങ്ങളുടെ വൈവിധ്യം അനുഭവസിദ്ധമാണ്. മലയാളയാത്രാവിവരണമേഖലയിലെ കുലപതി എന്നു വിശേഷിപ്പിക്കപ്പെടുന്ന എഴുത്തുകാരനാണ് എസ്.കെ.പൊറ്റെക്കാട്. വേണ്ടത്ര യാത്രാസൗകര്യങ്ങളില്ലാതിരുന്ന കാലങ്ങളിൽ വിവിധഭൂഖണ്ഡങ്ങളിലേക്ക് സാഹസികമായി യാത്ര ചെയ്ത് അദ്ദേഹം യാത്രയിലും എഴുത്തിലും മലയാളത്തിന് സ്വകീയമായ മാതൃകകൾ നിർമ്മിച്ചു നൽകി. പൊറ്റെക്കാടിന്റെ വഴിയിലൂടെ പിൽക്കാലത്ത് വിദൂരഭൂഖണ്ഡങ്ങളിലെ സമകാലികജീവിതവും ആത്മചിഹ്നങ്ങളും അന്വേഷിച്ചു പോയ സക്കറിയയും പുനത്തിൽ കുഞ്ഞബ്ദുള്ളയും വിജി തമ്പിയും ടി പി രാജീവനും തുടങ്ങി പുതിയ അക്ഷാംശങ്ങൾ തേടുന്ന മലയാളി മനസ്സിന്റെ അതിജീവനത്വരകളെ തൃപ്തിപ്പെടുത്തുന്ന ഓർമ്മയുടെ പങ്കുവയ്പുകാർ നമുക്ക് ഏറെയാണ്. എന്റെ കേരളവും സഞ്ചാരവും പോലെയുള്ള ടെലിവിഷൻ പരിപാടികൾ യാത്രാവിവരണങ്ങളെ ദൃശ്യങ്ങളുമായി കൂട്ടിയിണക്കി യാത്രയെഴുത്തിനെ പുതിയൊരു തലത്തിൽ പ്രതിഷ്ഠിച്ചു.

ജ്യേഷ്ഠദേവന്റെ യുക്തിഭാഷ (ഗണിതന്യായസംഗ്രഹം) വൈജ്ഞാനിക രചനകളുടെ വിപുലമായ ശേഖരം മലയാളത്തിനുണ്ടായിരുന്നു എന്നതിന്റെ തെളിവാണ്. 1530 ൽ മധ്യകാലമലയാളഗദ്യത്തിൽ രചിക്കപ്പെട്ട ഈ കൃതി കേരളത്തിലെ ജ്യോതിശ്ശാസ്ത്രഗണിത പണ്ഡിതന്മാരായായിരുന്ന മാധവൻ, പരമേശ്വരൻ, നീലകണ്ഠസോമയാജി തുടങ്ങിയവരുടെ കണ്ടുപിടിത്തങ്ങളുടെ വിവരണമാണ് ഉൾക്കൊള്ളുന്നത്. ആധുനികകാലത്ത് ശാസ്ത്രവിജ്ഞാനങ്ങളുടെ വളർച്ച പാശ്ചാത്യരാജ്യങ്ങൾ കേന്ദ്രീകരിച്ചായപ്പോൾ നാട്ടുഭാഷകളിലേക്കുള്ള വിവരവിജ്ഞാനങ്ങളുടെ ഒഴുക്കിന്റെ മുഖ്യസ്രോതസ്സ് പരിഭാഷകളായിത്തീർന്നു. പുതുതായി ജന്മംകൊള്ളുന്ന ആശയസംഹിതകളെ പദങ്ങളിലൂടെ സ്വാംശീകരിക്കുക ഭാഷയുടെ നവീകരണത്തിന് ഒഴിച്ചുകൂടാനാവാത്ത പ്രക്രിയയാണ്. അന്യഭാഷകളിലുള്ള സാങ്കേതികപദങ്ങൾക്ക് (Terms) സമാനപദങ്ങൾ കണ്ടെത്തുകയെന്നതാണ് മലയാളത്തിലെ വൈജ്ഞാനികരചനകൾ നേരിടുന്ന പ്രധാന വെല്ലുവിളി. ഡോ. കെ. ഭാസ്കരൻ നായരും എൻ. വി. കൃഷ്ണവാര്യരുമൊക്കെ ഈ മേഖലയിൽ ഒട്ടേറെ പരിശ്രമങ്ങളും പരീക്ഷണങ്ങളും നടത്തിയിട്ടുള്ളവരാണ്. ശാസ്ത്രീയസ്വഭാവമുള്ള കാര്യങ്ങൾ ഭാഷയിൽ പാരായണക്ഷമവും ലളിതവും ആവുകയും വേണം. വിവരസാങ്കേതികവിദ്യയുടെ വളർച്ചയോടെ വിവിധ വിഷയങ്ങളിലുണ്ടാകുന്ന അറിവുകളുടെ പ്രളയത്തിലാണ് നാം. വിവിധ ശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും ഇപ്പോൾ മലയാളത്തിൽ ധാരാളമായി ഉണ്ടാകുന്നുണ്ട്. വി

ക്കിപീഡിയ പോലെയുള്ള സ്വതന്ത്രവിജ്ഞാനകോശങ്ങളിൽ വേണ്ട ഇടപെടലുകൾ നടത്താൻ തക്കവണ്ണം മലയാളത്തിലെ വൈജ്ഞാനിക രചനാമേഖല ഇനിയും ശക്തിപ്പെടേണ്ടതുണ്ട്.

ഓർമ്മകളാണ് ഈ യൂണിറ്റിലെ രചനകളെ ഇണക്കിച്ചേർക്കുന്ന ഘടകം. ഓർമ്മകളെ ബാല്യകാലാനുഭവങ്ങളായും ഭൂതകാലത്തിലേക്കുള്ള യാത്രയായും തകഴിയും യു എ ഖാദറും പുനഃസൃഷ്ടിക്കുമ്പോൾ ഓർമ്മപ്രക്രിയയുടെ ശാസ്ത്രീയതലങ്ങളെ വിശകലനം ചെയ്യുകയാണ് ഡോ. രാജശേഖരൻ നായർ.

### പ്രവേശക പ്രവർത്തനം

അഞ്ചാറു വയസ്സുണ്ടായിരുന്നപ്പോഴുള്ള ഏതെങ്കിലും അനുഭവം നിങ്ങൾക്ക് ഓർമ്മയുണ്ടോ?

- ജീവിതത്തിൽ ഏതു തരം ഓർമ്മകളാണ് കൂടുതൽ വ്യക്തതയോടെ നിലനിൽക്കുന്നത്? എന്തുകൊണ്ട്?

തുടങ്ങിയുള്ള ചോദ്യങ്ങളിലൂടെ കുട്ടികളെ ഏതെങ്കിലും ഭൂതകാലാനുഭവത്തിലേക്കു നയിക്കുന്ന പ്രവർത്തനം അധ്യാപികയ്ക്കു നടത്താം.

മനസ്സിൽ ഇപ്പോഴും മായാതെ നിൽക്കുന്ന ഒരനുഭവം ക്ലാസിൽ കുട്ടികൾ അവതരിപ്പിക്കട്ടെ. ഇന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുമ്പോൾ ഓർമ്മകൾ കൂടുതൽ ദീപ്തമാവുന്നുണ്ട്. ഇന്ദ്രിയ സ്പർശിയായ ബിംബങ്ങളെ മനസ്സിൽ വച്ചുകൊണ്ട് കുട്ടികൾക്ക് അവർ അവതരിപ്പിച്ച ഓർമ്മകളെ വർഗീകരിക്കാം.

| | |
|---|---|
| കയ്പുള്ള ഓർമ്മകൾ | (നാവ്) |
| നനവുള്ള ഓർമ്മകൾ | (സ്പർശം) |
| മുഴങ്ങുന്ന ഓർമ്മകൾ | (കാത്) |
| തിളങ്ങുന്ന ഓർമ്മകൾ | (കണ്ണ്) |
| സുഗന്ധമുള്ള ഓർമ്മകൾ | (മൂക്ക്) |

തുടങ്ങിയ വിശേഷണങ്ങളുടെ കീഴിൽ വരുന്ന തരത്തിൽ അവർ ഓർമ്മകളെ പട്ടികപ്പെടുത്തട്ടെ. വേണ്ടത്ര ആശയസംവാദം നടക്കാതിരിക്കുകയോ അവ്യക്തമായിരിക്കുകയോ വികാരക്ഷമമല്ലാതിരിക്കുകയോ ചെയ്ത അനുഭവാഖ്യാനങ്ങളെ ചർച്ചയിലൂടെ മെച്ചപ്പെടുത്തി, കുറിപ്പുകളാക്കി പ്രവർത്തനരേഖ (ആക്ടിവിറ്റി ലോഗ്) യിൽ പിന്നീട് ചേർക്കാം. കുട്ടികളുടെ അവതരണത്തെ അവർ തന്നെ തയാറാക്കിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് വിലയിരുത്താം

സൂചകങ്ങൾ

- അവതരണത്തിലെ ഒഴുക്ക്
- ഭാവാത്മകത
- അനുഭവത്തിന്റെ തെരഞ്ഞെടുപ്പ്

### പഠനനേട്ടം

*സ്വന്തം അനുഭവങ്ങളെ വിവേചനബുദ്ധിയോടെ പരിശോധിച്ച് അവതരിപ്പിക്കുന്നു.*

സ്വന്തം അനുഭവങ്ങൾ പങ്കു വയ്ക്കുന്നതോടൊപ്പം, കൂടുതൽ കുട്ടികൾ ഇഷ്ടപ്പെട്ട ഏതെങ്കിലും ഒന്നോ രണ്ടോ അനുഭവവിവരണത്തെ സ്വന്തം വാക്കുകളിലാക്കി അവതരിപ്പിക്കാനുള്ള മറ്റൊരു പ്രവർത്തനം കൂടി നടക്കണം. കേട്ട് എഴുതുമ്പോൾ ഓർമ്മകൾക്ക് വരുന്ന മാറ്റങ്ങളെ ക്ലാസിൽ സൂക്ഷ്മമായ ചർച്ചകൾക്ക് വിധേയമാക്കാവുന്നതാണ്. ഒരു കുട്ടിയുടെ

അനുഭവത്തെ കേട്ട് മറ്റുള്ളവർ എഴുതിയ ആഖ്യാനങ്ങൾ ക്ലാസിൽ വായിക്കുന്നു.

- ഓർമ്മകൾ പകർത്തിയെഴുതുമ്പോൾ എന്തൊക്കെയാണ് സംഭവിക്കുന്നത്?

സംഭവങ്ങൾ ഓർത്തെടുക്കുമ്പോൾ മനസ്സിലുള്ള രേഖാരൂപമനുസരിച്ച് പുനർനിർമ്മിക്കപ്പെട്ട ഓർമ്മയാണ് ബോധത്തിലെത്തുന്നതെന്നു ശാസ്ത്രജ്ഞന്മാർ പല പരീക്ഷണങ്ങളിലൂടെയും തെളിയിച്ചിട്ടുണ്ട്. വസ്തുക്കളുടെ കാര്യത്തിൽ മാത്രമല്ല പാഠ (ടെക്സ്റ്റ്)ങ്ങളുടെ കാര്യത്തിലും ഇതാണ് സംഭവിക്കുന്നത്. ഒരു കഥ വായിച്ച് 15 മിനിട്ടിനു ശേഷം ഓർമ്മയിൽ നിലനിൽക്കുക കഥയുടെ രത്നച്ചുരുക്കം മാത്രമായിരിക്കും. കഥ ഓർമ്മിച്ചെഴുതാൻ ആവശ്യപ്പെട്ടാൽ പലകാര്യങ്ങളും വിട്ടുപോകും. ഇങ്ങനെ പല കാര്യങ്ങൾ ഉപേക്ഷിച്ച് കഥ പുനഃസൃഷ്ടിക്കാനുള്ള പ്രവണതയെ "നിരപ്പാക്കൽ (levelling)" എന്നാണ് പറയുന്നത്. കേട്ട കഥയാണെങ്കിലും കഥ പറയുന്ന ആൾ അയാളുടെ പൊതുബോധത്തിനു യോജിച്ച രീതിയിൽ കഥയിലെ വാക്കുകൾ മാറ്റും. തന്റെ മനസ്സിലുള്ള സംഭവത്തിന് യോജിച്ച രീതിയിലാണ് ഓരോരുത്തരും ഈ മാറ്റം വരുത്തുക. പരിപാകം ചെയ്യൽ (assimilation) എന്നാണ് ഈ പ്രക്രിയ അറിയപ്പെടുന്നത്. ഇതോടൊപ്പം സംഭവിക്കുന്ന മറ്റൊരു മാനസികപ്രക്രിയയാണ് മൂർച്ച കൂട്ടൽ (sharpening) കഥയിൽ ഇല്ലാത്തത് സ്വന്തം ഓർമ്മയിൽ നിന്നെടുത്ത് കൂട്ടിച്ചേർക്കുന്ന പ്രവൃത്തിയാണിത്. പഠനത്തിനും ഓർത്തെടുക്കലിനും ഇടയ്ക്കുള്ള സമയം വർദ്ധിക്കും തോറും മൂന്നുതരത്തിലുള്ള മാറ്റം വരുത്തലുകളും കൂടിയ അളവിൽ നടക്കും. ഓർമ്മകളുടെ പുനർനിർമ്മാണസമയത്ത് ഗ്രഹിച്ച ആശയത്തിന് വ്യക്തി നൽകുന്ന സ്വന്തം നിലയ്ക്കുള്ള വ്യാഖ്യാനവും (interpretation) വിവിധ സംഭവങ്ങളെ ഒറ്റപ്രതിരൂപമായി മനസ്സിൽ സൂക്ഷിക്കാനുള്ള പ്രവണതയും (സംയോജനം integration) ഓർമ്മയുടെ വക്രീകരണത്തിനു കാരണമാകുന്നുണ്ട്. (ജ്ഞാനാത്മക മനശ്ശാസ്ത്രം, ഡോ. എൻ. എം. മുഹമ്മദാലി)

ഇക്കാര്യങ്ങളെല്ലാം ഓർമ്മകളെ അനുഭവാഖ്യാനത്തിനായി കൂട്ടുപിടിക്കുമ്പോഴും സംഭവിക്കുന്നുണ്ട്. എന്നാൽ ഒരു കുട്ടി ക്ലാസിനു മുൻപിൽ അവതരിപ്പിക്കുന്ന അനുഭവം, പൂർവമാതൃകയായി മുന്നിലുള്ളതുകൊണ്ട് അതു കേട്ട് മറ്റു കുട്ടികൾ എഴുതിയ വിവരണങ്ങൾ ഏതെല്ലാം മാറ്റങ്ങൾക്കു വിധേയമായി എന്ന് അവരെ ബോധ്യപ്പെടുത്തുക എളുപ്പമാണ്. സാമൂഹികസംഭവങ്ങളുമായി ബന്ധപ്പെട്ട ഓർമ്മകളാണ് വ്യക്തിയുടെ ജീവിതത്തിന് അർത്ഥവ്യാപ്തി നൽകുന്നത്. വസ്തുതാപരമായ വിവരണം എന്ന നിലയ്ക്ക് അവ വിശ്വാസയോഗ്യമാവണമെന്നില്ല. വായിക്കുന്ന ആളിന്റെ ചരിത്രബോധവും സാമൂഹികബോധവും ചേർന്ന് അവ പൂരിപ്പിക്കുന്നു. മേൽ സൂചിപ്പിച്ച ഓർമ്മയുടെ വക്രീകരണങ്ങൾ ഓർമ്മപ്പിശകായിട്ടാണ് സാധാരണ നാം കണക്കിലെടുക്കാറുള്ളത്. അതേസമയം ഓരോ സർഗാത്മക ആഖ്യാനത്തെയും വ്യത്യസ്തവും വായനാക്ഷമവും ആക്കുന്നതും ഈ വക്രീകരണങ്ങളാണ് എന്ന് ഓർമ്മിക്കാവുന്നതാണ്.!

ഓർമ്മശക്തി പരമപ്രധാനവും ബുദ്ധി

വൈഭവത്തിന്റെ മുഖ്യലക്ഷണവുമാണെന്ന മുൻധാരണയിലാണ് മിക്ക കുട്ടികളും. ഓർമ്മകളുടെ പങ്കു വയ്ക്കലുകളിൽ തന്റേതായ ചില അംശങ്ങൾ അബോധപൂർവം കലരുന്നുണ്ടെന്ന വിവരം സർഗാത്മകമായ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചില ഉൾക്കാഴ്ചകൾ കുട്ടികൾക്ക് പകർന്നു നൽകും. ക്ലാസ് റൂം സംവാദങ്ങളെ മുന്നോട്ടു നയിക്കുന്നത് ഈ ആശയത്തിന് വേണ്ടത്ര ഊന്നൽ നൽകിക്കൊണ്ടു വേണം.

കേവലം എട്ടുപത്തു വർഷങ്ങൾക്കു മുമ്പുള്ള അനുഭവങ്ങളാണ് നമ്മൾ പങ്കുവച്ചത്. വളരെ വേഗത്തിൽ പരിണമിച്ചുകൊണ്ടിരിക്കുന്ന കേരളീയസമൂഹത്തിന്റെ നൂറോളം വർഷം പഴക്കമുള്ള ചിത്രം തകഴി ശിവശങ്കരപ്പിള്ള വരച്ചിടുന്നതെങ്ങനെയാണെന്ന് നോക്കാം എന്ന ആമുഖത്തോടെ പറിച്ചുനടീൽ ന്റെ വായനയിലേക്കു കടക്കാം.

## പറിച്ചുനടീൽ

### പാഠാപഗ്രഥനം

തന്റെ ബാല്യകാലാനുഭവങ്ങളിലൂടെ കുട്ടനാടിന്റെ ചരിത്രമാണ് തകഴി പറയുന്നത്. കുട്ടനാടിന്റെ സവിശേഷമായ ഭൂപ്രകൃതി, കൃഷിരീതികൾ, സാധാരണ മനുഷ്യരുടെ ജീവിതം ഇവയൊക്കെ തകഴി വരച്ചിടുന്നു. ചുറ്റുപാടും വെള്ളം നിറഞ്ഞ ഈ പ്രദേശത്തെ ജീവിതത്തിന്റെ സവിശേഷതകൾ പ്രത്യേകമായി പറയുന്നുണ്ട്. നെൽക്കൃഷിയാണ് ജനങ്ങളുടെ ജീവിതോപാധി. കൃഷിയുടെ വിവിധസമ്പ്രദായങ്ങളും കൃഷിപ്പാട്ടുകളും ഇതുമായി ബന്ധപ്പെട്ട നാട്ടറിവുകളും വിവരിക്കുന്നുണ്ട്. സാധാരണമനുഷ്യരുടെ ജീവിതപ്രാരാബ്ധങ്ങളും അവർ അവയെ അതിജീവിച്ച വഴികളും തന്മയത്വത്തോടെ ആവിഷ്കൃതമാവുന്നു. അന്നത്തെ ഭക്ഷണരീതികൾ, വസ്ത്രധാരണരീതികൾ, വിവിധ ആചാരങ്ങൾ, സ്ത്രീജീവിതം, ഗാർഹികാവസ്ഥകൾ തുടങ്ങിയവ തകഴി വരച്ചിടുന്നു. കുട്ടനാട്ടിലെ ജീവിതപരിസരങ്ങൾ കാലക്രമത്തിൽ മാറിപ്പോയതിനെപ്പറ്റി വിലയിരുത്തിക്കൊണ്ടാണ് ഈ ലേഖനഭാഗം അവസാനിക്കുന്നത്. വികസനത്തിന്റെ ഭാഗമായി ജീവിതസൗകര്യങ്ങൾ വർദ്ധിച്ചപ്പോൾ നാടിന്റെ ശാന്തിയും സൗന്ദര്യവും നഷ്ടപ്പെട്ടുപോയെന്ന് ലേഖകൻ പരിഭവിക്കുന്നുണ്ട്. ഒപ്പം പഴയകാലത്തിൽ മുഴുകി നിൽക്കുന്ന തന്റെ മനസ്സിന് പുതിയ മാറ്റങ്ങളെ പൂർണ്ണമായി ഉൾക്കൊള്ളാനാവുന്നില്ലെന്ന് തകഴി തുറന്നു സമ്മതിക്കുന്നുമുണ്ട്.

### പഠന പ്രവർത്തനം

പറിച്ചു നടീലിൽ തകഴി തന്റെ ബാല്യകാല ഓർമ്മകളെ വെറുതെ ക്ഷണിക്കുക മാത്രമല്ല ചെയ്യുന്നത്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കാലത്തെയും ദേശത്തെയും ഛായാചിത്രത്തിന്റെ പകിട്ടോടെ അവതരിപ്പിക്കുകയും സ്വന്തം നിരീക്ഷണങ്ങൾകൊണ്ട് വ്യക്തത വരുത്തുകയും ചെയ്യുന്നു.

- ആളുകളുടെ വേഷവും ജോലിയും
- ഗ്രാമീണചായക്കടകൾ
- സമയമറിയാനുള്ള നാട്ടുരീതികൾ
- മരണത്തിന്റെ മുന്നിലെ നിസ്സഹായത

തുടങ്ങി കഥാകാരന്റെ കൈമുദ്രകൾ പതിഞ്ഞു കിടക്കുന്ന നിരീക്ഷണങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ പതിയത്തക്കവിധം ചില ഇടപെടലുകൾ അധ്യാപികയ്ക്ക് നടത്താവുന്നതാണ്.

മുണ്ട് ഉടുക്കുന്ന രീതി പദവികൾക്കനുസരിച്ചും കാലമനുസരിച്ചും മാറുന്നതിനെ സംബന്ധിച്ച് ജയരാജ് വാര്യരുടെ കാരിക്കേച്ചർ ക്ലാസിൽ പ്രദർശിപ്പിക്കുന്നത് നന്നായിരിക്കും. കേരളീയരുടെ മുണ്ടുടുപ്പിനെ ചിത്രീകരിക്കുന്ന ലാറിബേക്കറുടെ രേഖാചിത്രങ്ങളുടെ പ്രദർശനവും ക്ലാസ്റൂം വിനിമയത്തെ സജീവമാക്കും.

- വസ്ത്രധാരണത്തെക്കുറിച്ചുള്ള മാറുന്ന കാഴ്ചപ്പാടുകൾ
- നമ്മുടെ ചലച്ചിത്രങ്ങളിലെ ചായക്കടകൾ
- പ്രാകൃതജ്യോതിശ്ശാസ്ത്രത്തെപ്പറ്റിയുള്ള നാട്ടറിവുകൾ
- രോഗത്തിന്റെയും വിശ്വാസത്തിന്റെയും ഇരകൾ എന്ന നിലയ്ക്കുള്ള മനുഷ്യരുടെ നിസ്സഹായാവസ്ഥ

കുട്ടികളുടെ വായനയിലും ചർച്ചയിലും ഇടപെട്ടുകൊണ്ട് ഇത്തരം കാര്യങ്ങളിലേക്കു കൂടി ദിശാബോധം നൽകുന്നതരത്തിൽ കാലികമായ ഉദാഹരണങ്ങൾ നൽകാം.

കുട്ടനാട്ടിൽ വന്ന മാറ്റങ്ങളെ തകഴി അവതരിപ്പിച്ചിരിക്കുന്നതു പോലെ, നമ്മുടെ നാടും സമൂഹവും ധാരാളം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ശ്രദ്ധയിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട സാമൂഹികമാറ്റങ്ങൾ അവർ പട്ടികപ്പെടുത്തട്ടെ. മാറ്റങ്ങളുടെ ഗുണദോഷങ്ങളെപ്പറ്റി ഗ്രൂപ്പിൽ ചർച്ച ചെയ്ത് 'അന്നും ഇന്നും' എന്ന പേരിൽ ഒരു ഉപന്യാസം തയാറാക്കുന്നു.

വിലയിരുത്തൽ

- വസ്തുതാപരമായ വിവരങ്ങൾ
- കാലക്രമത്തിലുള്ള അടുക്കൽ
- പ്രതിപാദന രീതി
- സ്വന്തം നിരീക്ഷണങ്ങൾ

ക്ലാസിൽ വികസിപ്പിച്ചെടുത്ത മറ്റു സൂചകങ്ങളും പ്രയോജനപ്പെടുത്തണം. ഈ സൂചകങ്ങൾ ഉപയോഗിച്ചുകൊണ്ട് വിലയിരുത്തൽ നടത്താം.

**പഠനനേട്ടം**

*ചർച്ചയിലെ ആശയങ്ങളെ സ്വാംശീകരിച്ച് ഉപന്യാസം തയാറാക്കുന്നു.*

**പഠന പ്രവർത്തനം**

വായനാമാതൃകകൾ

***ചത്തോറെ കോലം അഥവാ***
***അച്ഛന്റെ കോലം***

കോലംന്ന് പറഞ്ഞാ തെയ്യം. ചത്തോറെ കോലം എന്നു പറഞ്ഞാൽ മരിച്ചു പോയ അച്ഛന്റെ കോലം. തെയ്യംകെട്ടിയാൽ ഓരോരുത്തരേം പേരു വിളിച്ച് ആദ്യം പാടും. പിന്നെ മക്കളെയും മരുമക്കളെയും വിളിച്ച് ഗുണദോഷങ്ങൾ പറയുകയും പണ്ട് പോറ്റിയതും പണിക്ക് പോയതും കൈപിടിച്ചോറ്റ് വളത്തിയതും (ചോറ് കൊടുത്തതിന്റെ പുറത്ത് അച്ഛനൊരുണ്ട കൊടുക്കുന്നത്) ഞാൻ പോയതിൽ (മരിക്കൽ) പിന്നെ ഞാനില്ലെങ്കിൽ തായ് (അമ്മ) പെരുവാനും തമ്പുരാൻ പോറ്റുവാനും മുമ്പേ നാട്ടിൽ പതിവുള്ളതാണ്. അതു വല്യ കാര്യമാക്കേണ്ട മക്കളെ എന്നു പറയുകയും കരയുകയും ചെയ്യും. എന്റെ പെങ്ങന്മാര് നിങ്ങളെ നോക്കലില്ലേ, ഞാൻ പോയതുമുതൽ നിങ്ങൾക്കാരുമില്ലേ, ഞാനെപ്പോഴുമുണ്ട് മക്കളെ എന്നു പറഞ്ഞ് കർമ്മങ്ങൾ കൊ

ടുത്തു സന്തോഷിപ്പിക്കുകയും പതിവുണ്ട്. (കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം/ പൊക്കുടൻ)

## അമ്മ

"ഒരിക്കൽ എന്റെ അനുജത്തിക്കു പനി കടുത്തു. വയറിളക്കവുമുണ്ട്. കുട്ടി അവശയായി. വൈദ്യന്റെ മരുന്നു ഫലിച്ചില്ല. അന്നാദ്യമായി അമ്മ കുട്ടിയുടെ അസുഖത്തിന്റെ ഗൗരവത്തെപ്പറ്റി പൂമുഖത്തെ നമ്പൂരിമാരുടെ വെടിവെട്ടത്തിൽ ചെന്ന് അവതരിപ്പിക്കാൻ വലിയേട്ടനെ നിർബന്ധിച്ച് അയച്ചു. ഏട്ടൻ മടിച്ചു മടിച്ചാണ് പോയത്. സദസ്സിൽ ചെന്ന് രോഗവിവരം പറഞ്ഞു. ഒരു വൈദ്യനെക്കൊണ്ടുവന്ന് കുട്ടിയെ ചികിത്സിക്കണമെന്ന് അമ്മ പറഞ്ഞതായി അറിയിച്ചു. മറുപടിയായി പരിഹാസവാക്കും കൂട്ടച്ചിരിയുമാണുണ്ടായത് ഏട്ടൻ മടങ്ങിപ്പോന്നു.

പിറ്റേന്ന് രാത്രി വടക്കിനിയിൽ ക്ഷീണിച്ച് അവശയായിക്കിടക്കുന്ന അനിയത്തിയുടെ മുഖം കണ്ടാണ് ഞാൻ ഞങ്ങളുടെ കിടപ്പറയായ വടക്കേമുറിയിലേയ്ക്ക് പോന്നത്. വെളുപ്പാൻ കാലത്ത് അമ്മ വന്ന് എന്നെ കിടക്കപ്പായിൽ എണീപ്പിച്ചിരുത്തി. ചെറിയ ശബ്ദത്തിൽ പറഞ്ഞു കുട്ടിക്ക് സൂക്കേട് കുറച്ചധികാണ്. നീ ഒന്ന് വന്ന് നമസ്കരിച്ചോ. എനിക്ക് ഒന്നും മനസ്സിലായില്ല. ഞാൻ നമസ്കരിച്ചാൽ അസുഖം മാറുമോ എന്ന വിചാരത്താൽ വടക്കിനിയിലേക്കു ചെന്നു. കുട്ടിയെ നിലത്തു കിടത്തിയിരിക്കുന്നു. തെക്കോട്ട് തലവച്ചാണ് കിടത്തിയിട്ടുള്ളത്. മുഴുവൻ മനസ്സിലായില്ലെങ്കിലും അരുതാത്തതെന്തോ സംഭവിച്ചിരിക്കുന്നു എന്ന് എനിക്ക് തോന്നി. ഒരു ഉൾവിറയലോടെയാണ് നമസ്കരിച്ചത്. മരണം ആദ്യമായി കണ്ടത് അന്നാണെന്ന് ഓർക്കുന്നു. ചെറിയ കുട്ടി ആയാലും മുമ്പേ പോകുന്നവർ എന്ന സങ്കല്പത്തിൽ മുതിർന്നവർ നമസ്കരിക്കണമെന്നാണ് പ്രമാണം എന്ന് പിന്നീടാണറിഞ്ഞത്.

(യാത്ര : കാട്ടിലും നാട്ടിലും / ദേവകീ നിലയങ്ങോട്)

## ഉപ്പൂത്തി

പ്രൈമറി സ്കൂളിലേയ്ക്കുള്ള ഓർമ്മകളുടെ അടിക്കാട്ടിലൂടെ പോകുമ്പോൾ വഴികൊള്ളിൻ (തിണ്ട്) പള്ളകളിൽ നിന്നും ആദ്യം കൈതൊടുക പച്ചവട്ടത്തിൽ നിറയെ ചുവന്ന ഞരമ്പുകളുള്ള ഉപ്പൂത്തി ഇലകളായിരിക്കും.

ഉച്ചക്കഞ്ഞിക്കാലത്തിന് തൊട്ടുമുമ്പുള്ള റവക്കാലത്തായിരുന്നു ഞങ്ങളുടെ പ്രൈമറിജീവിതം. ഉപ്പൂത്തി ഇലകളിലാണ് റവ വിളമ്പുക. റവയുടെ ബെല്ലടിക്കുമ്പോൾ കുട്ടികൾ ഉപ്പില പറമ്പുകളിലേയ്ക്ക് പൊട്ടിപ്പടരുന്നു. ചിലർ രാവിലെതന്നെ കരുതിയ ഇല പുസ്തകത്തിൽ മടക്കിവച്ച് ഒളിപ്പിക്കുന്നു.

വട്ടത്തിൽ വിരിഞ്ഞ ഉപ്പൂത്തി തളിരുകളിൽ പത്തുമണി കഴിഞ്ഞ നേരത്തെ ഒച്ചയില്ലാത്ത വെയില് കാണുമ്പോൾ എപ്പോഴും റവ തരുന്ന കല്യാണിയേടത്തിയെ ഓർമ്മ വരും. പ്ലാസ്റ്റിക് സഞ്ചിയുഗത്തിനു മുമ്പ് ഉപ്പൂത്തിയിലയിലോ തേക്കിലയിലോ ആയിരുന്നു ഞങ്ങളുടെ അ



ങാടിച്ചാപ്പയിൽ മീനും ഇറച്ചിയും പൊതിഞ്ഞ് കൊടുത്തിരുന്നത്. സ്കൂൾ വിട്ടു വരുമ്പോഴോ രാവിലെ നേരത്തെ പോകുമ്പോഴോ വഴി നീളെ കാണുന്ന ഉപ്പൂത്തിയിലകൾ ശേഖരിച്ച് അട്ടിയാക്കി അടുക്കിക്കെട്ടി മീൻചാപ്പയിൽകൊണ്ടുപോയി വിൽക്കുന്നത് ദരിദ്രവീടുകളിൽനിന്നു വരുന്ന കുട്ടികൾക്ക് ഒരു ചെറുകിട വരുമാന മാർഗംകൂടിയായിരുന്നു. (നരിപുള്ളിച്ചി/ കെ ഷെറീഫ്)

സമാനമായ ഓർമ്മക്കുറിപ്പുകൾ ആനുകാലികങ്ങളിൽനിന്നും വായനശാലകളിൽ നിന്നും കണ്ടെത്തി കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കട്ടെ.

വ്യത്യസ്തമായ ജീവിതപരിസരങ്ങളിൽ നിന്നുള്ള അനുഭവക്കുറിപ്പുകളാണല്ലോ വായിച്ചത്. തങ്ങളുടെ ജീവിതസാഹചര്യങ്ങളെ വിവരിക്കുന്നതിന് ഇവർ ഉപയോഗിച്ചിരിക്കുന്ന ഭാഷ ഈ എഴുത്തുകളെ പ്രത്യേകതയുള്ളതാക്കുന്നു. തന്റെ ദേശത്തെയും ജീവിതത്തെയും എഴു താൻ കഥാകാരനായ തകഴി ആത്മകഥയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ ചില മാതൃകകൾ നോക്കുക :

നാലുമഞ്ചുമാറും ദിവസം മഴ നിന്നുപെയ്യുമ്പോൾ വെള്ളപ്പൊക്കമായി. അപ്പോൾ പുരയ്ക്കകത്തും വെള്ളം കയറും. തട്ടും പരണും കെട്ടി വെള്ളത്തെ അതിജീവിക്കണം.

കേശവൻ മിണ്ടാതെ കിടന്നു. വീട്ടിൽ അലയും തല്ലും നിലവിളിയുമായി. അവനെ കുഴിയിലെടുത്തുവച്ചു മണ്ണിട്ടു മൂടി. പിറ്റേന്നു രാവിലെ ഞാൻ കേശവനെ വിളിച്ചു. അവൻ മിണ്ടിയില്ല.

ഗൗരിച്ചേച്ചിയുടെ കൊച്ചുമോനായിരിക്കാം ആ നിൽക്കുന്നത്. നാണിച്ചേച്ചിയ്ക്ക് ഒരു മകളുണ്ടായിരുന്നു. മകളുടെ മകനായിരിക്കാം ആ നീലപാൻസുകാരൻ.

ഒരമ്പതു കൊല്ലംകൂടി കഴിയുമ്പോൾ ഇതിന്റെയെല്ലാം തികവ് എവിടെച്ചെന്ന് നിൽക്കും? അന്ന് ഒരത്യുജ്ജ്വലപ്രതിഭ ഈ മണ്ണിൽനിന്ന് ഉയിർക്കൊണ്ടേക്കാം.

- കുട്ടനാടിന്റെ ഗ്രാമീണജീവിതത്തെ മിഴിവോടെ മുന്നിൽ നിർത്താൻ ഈ ഭാഷയ്ക്ക് കഴിയുന്നുണ്ടോ?
- ഭൂതകാലാനുഭവത്തെ മുന്നിൽ കാണുന്നതുപോലെ ആവിഷ്കരിക്കാൻ തകഴി ഭാഷയിൽ സ്വീകരിച്ചിരിക്കുന്ന തന്ത്രം എന്താണ്?
- ഭാഷയുടെ ഏതെല്ലാം സാധ്യതകളാണ് തകഴി ഉപയോഗിച്ചിരിക്കുന്നത്?

- ഗ്രാമീണമായ ശൈലികളുടെ ധാരാളിത്തം
- കാർഷികജീവിതവുമായി ബന്ധപ്പെട്ട പദപ്രയോഗങ്ങൾ

- ഓർമ്മയുടെ പ്രവാഹം പോലെയുള്ള വാക്യരീതി
- ഒളിവും മറവുമില്ലാത്ത സംഭാഷണ ശൈലി
- ഭൂത ഭാവി വർത്തമാനങ്ങളിൽ മാറി മാറി സഞ്ചരിക്കുന്ന ആഖ്യാനരീതി

ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് തകഴിയുടെ ഭാഷാശൈലിയെപ്പറ്റി ഒരു ലേഖനം കുട്ടികൾ തയാറാക്കട്ടെ.

### പഠന പ്രവർത്തനം

**പട്ടികപ്പെടുത്തൽ**

പ്രസിദ്ധമായ ഓർമ്മക്കുറിപ്പുകൾ, ആത്മകഥകൾ, ജീവചരിത്രങ്ങൾ എന്നിവയുമായി കുട്ടികളെ കൂടുതൽ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പട്ടികപ്പെടുത്തൽ, ചേരുംപടി ചേർക്കുക തുടങ്ങിയ ലഘുവായ പ്രവർത്തനങ്ങൾ ക്ലാസിൽ നടത്താം.

| കൃതി | കർത്താവ് | കാലം | ഭാഷ |
|---|---|---|---|
| ഞാൻ | | | |
| | ആൻഫ്രാങ്ക് | | |
| | | | ഹിന്ദി |

കൂടുതൽ കൃതികൾ കണ്ടെത്തി വിപുലപ്പെടുത്താവുന്ന പ്രവർത്തനമായി ഇതു വികസിപ്പിക്കാം. കൃതിയെയും രചയിതാവിനെയും ആസ്പദമാക്കി ലഘുചോദ്യങ്ങൾ കുട്ടികൾ സംഘമായി തിരിഞ്ഞു പരസ്പരം ചോദിച്ചുകൊണ്ടുള്ള പ്രശ്നോത്തരി സംഘടിപ്പിക്കുന്നത് കൂടുതൽ കൃതികളെ പരിചയപ്പെടാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന തരത്തിലാവണം. ഇവയിൽ ഏതെങ്കിലും കൃതിയെപ്പറ്റി വിശദമായ നിരൂപണം കുട്ടികൾക്ക് തയാറാക്കാം.

**വിശദീകരണം**

**തീണ്ടാപ്പാട്** : തീണ്ടല് ആകാതിരിക്കാൻ നിശ്ചയിച്ചിട്ടുള്ള ദൂരം

'കേരളവിശേഷനിയമവിവരം' എന്ന ഗ്രന്ഥത്തിൽ തീണ്ടൽ ഉള്ളവർ ത്രൈവർണികന്മാരിൽ (ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവർ)നിന്ന് എത്ര അകലം പാലിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നു. ജാതികൾക്കുള്ളിൽ തന്നെയുള്ള ഉച്ചനീചത്വം കാരണം ഈ അകലം 24 അടി മുതൽ 64 അടി വരെയാണ്. ഇതു സംബന്ധിച്ച വ്യവസ്ഥ ഇതാണ്.

അഷ്ടൗ ഹി വിപ്രാദ്യൗ ന്യൂനൗ
ദ്വാദശൈവാന്തരാളികാഃ
അഷ്ടാദശസ്യ ശൂദ്രാഷ്ട
ശില്പിനഃ പതിതാ ദശ
നീചാഃ പൃഥക് ച ചത്വാര
ശ്ചതുഷ്ഷഷ്ടിർഹി ജാതയഃ'

(വിപ്രാദികൾക്ക് കുറഞ്ഞത് എട്ട്, ബ്രാഹ്മണരിൽ തന്നെ മറ്റുള്ളവർക്ക് പന്ത്രണ്ട്, ശൂദ്രന്മാർക്ക് പതിനെട്ട്, ശില്പികൾ(വിശ്വകർമ്മർ)ക്ക് ഇരുപത്തെട്ട്, നീചന്മാർക്ക് മുപ്പത്തിരണ്ട്, മറ്റു ജാതിക്കാർക്ക് അറുപത്തിനാല്)

### പഠന പ്രവർത്തനം

പറിച്ചുനടീൽ എന്ന ഓർമ്മക്കുറിപ്പിലെ ചില പദങ്ങൾ കൂടുതലായി പരിചയപ്പെടാം.

**അളവുസൂചിപ്പിക്കുന്ന പദങ്ങൾ :** ചങ്ങഴി, പറ, കൂലിച്ചങ്ങഴി

കാർഷികപദാവലി : മെതി, കൊയ്ത്ത്, തവണകയറുക, ചക്രപ്പാട്ട്, സൂചിക്കു ചവിട്ടുക, വിത്തുപാട്, പുറവേലികുത്ത്, മറ്റവീഴ്ച, നിലപടി ചവിട്ടുക, വായ്ത്താരി

**സമയസൂചനകൾ :** നാഴിക, മൂന്നാം യാമം, രാശിചംക്രമണം, രാപകൽ, വേലിയേറ്റം,പണ്ട്, ഉത്സവകാലം, തലമുറ, കൊല്ലം, പഴയ, എന്റെ പ്രായത്തിലുണ്ടായിരുന്ന, അഞ്ചാറുവയസ്സുള്ളപ്പോൾ, ധനുമകരം മുതൽ, വെളുക്കും മുൻപേ, സന്ധ്യ എരിഞ്ഞടങ്ങുമ്പോൾ

**പ്രയോഗസവിശേഷതകൾ :** കുട്ടനാടിനുറക്കമില്ല, രാപകൽപ്പണി, തമ്പാൻ കഴിക്കുക, തൊട്ടുതൊട്ട്, കൂലംകുത്തി പാഞ്ഞുവരുന്ന, സൂക്ഷ്മം ഏഴരനാഴിക ഇരുട്ടുമ്പോൾ, അലയും തല്ലും നിലവിളിയും, ഒരകം മുതൽ മറ്റേ അകം വരെ, ഞെക്കും ഞെക്കി, കമ്പും കാടും, മാറുമുറിച്ചുപോകുന്ന

**പഴമയുടെ ചിഹ്നങ്ങൾ :** എട്ടുകെട്ട്, നാലുകെട്ട്, ചങ്ങഴി, പറ, റൌക്ക, കുടുമ, തീണ്ടാപ്പാട്, പുട്ടിലുംവട്ടിയും

**പ്രദേശസൂചനകൾ :** തുരുത്ത്, ആറ്, കടവ്, അക്കരെ

തകഴിയുടെ ശൈലിയിലേയ്ക്ക് പ്രത്യേകം ശ്രദ്ധയാകർഷിക്കാൻ മുകളിൽ കാണിച്ച തരത്തിലുള്ള പട്ടികപ്പെടുത്തൽ കുട്ടികളെ സഹായിക്കും. ഭാഷാപരമായ പ്രത്യേകത എന്നതിനു പുറമേ ഓർമ്മക്കുറിപ്പിൽ നിന്ന് കണ്ടെടുക്കുന്ന വാക്കുകൾ മറ്റുചില കാര്യങ്ങൾ കൂടി നമ്മുടെ മുന്നിൽ വയ്ക്കുന്നില്ലേ?

- ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനമാണ്.
- അളവുകൾ, സമയസൂചന എന്നിവയ്ക്കു സാർവലൗകിക യൂണിറ്റുകൾ (മീറ്റർ, ലിറ്റർ, ഗ്രാം/സെക്കന്റ്, മിനിട്ട്, മണിക്കൂർ) വന്നതോടെ പ്രാദേശികഭാഷയ്ക്ക് അവയുമായി ബന്ധപ്പെട്ട പദങ്ങൾ നഷ്ടമായി
- അണുകുടുംബവ്യവസ്ഥിതിയും ഫ്യൂഡൽ കാലത്തിന്റെ തകർച്ചയും എട്ടുകെട്ടിനെയും നാലുകെട്ടിനെയും പൈതൃകചിഹ്നങ്ങളാക്കി
- സാമൂഹികമായ മാറ്റങ്ങൾ വേഷവിധാനങ്ങളിലും പ്രതിഫലിച്ചു
- ഇംഗ്ലീഷുഭാഷയുമായുള്ള സമ്പർക്കം പ്രാദേശികമായ പ്രയോഗവിശേഷങ്ങളെ പ്രചാരലുപ്തമാക്കി
- കൃഷിയും കാർഷികവൃത്തിയും ക്രമേണ ക്ഷയിച്ചതോടെ കാർഷികപദാവലിയും ഇല്ലാതായി
- 

ആത്മകഥകളും പഴയകൃതികളും ഈ നിഗമനങ്ങൾ ഉള്ളിൽ വച്ചുകൊണ്ട് കൂടി കുട്ടികൾ വായിക്കട്ടെ. ഒരു കൃതി ഇത്തരത്തിലുള്ള വിശകലനത്തിന് നിർദ്ദേശിക്കുന്നതും സൂക്ഷ്മവായന നടത്തുന്നതും നന്നായിരിക്കും.

സ്വീകരിക്കാവുന്ന കൃതികൾ

- കണ്ണീരും കിനാവും
- ചൂട്ടാച്ചി
- യാത്ര; കാട്ടിലും നാട്ടിലും
- കഴിഞ്ഞകാലം
- വ്യാഴവട്ടസ്മരണകൾ
- ആത്മകഥയ്ക്കൊരു ആമുഖം
- ഓർമ്മയുടെ ഓളങ്ങളിൽ

വായിച്ച കൃതിയും അതിൽ കണ്ടെത്തിയ സവിശേഷതകളും കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കട്ടെ.

അവതരണമികവും, നിരീക്ഷണങ്ങളിലെ തനിമയും പുതുമയും കുട്ടികൾക്ക് കണ്ടെത്താവുന്നതേയുള്ളൂ.

നിരന്തരമൂല്യനിർണ്ണയത്തിനായി കുട്ടികളുടെ ഈ പ്രവർത്തനത്തെ വിലയിരുത്താവുന്നതാണ്.

വിലയിരുത്തൽ സൂചകങ്ങൾ

- ആശയധാരണ
- നിരീക്ഷണത്തിലെ തനിമ
- ഔചിത്യം

## മാതൃസന്നിധാനത്തിൽ

### പാഠാപഗ്രഥനം

ജനിച്ച നാടും സംസ്കാരവും തേടി തൃക്കോട്ടൂർപ്പെരുമയുടെ കഥാകാരനായ യു. എ. ഖാദർ നടത്തിയ യാത്രയാണ് മാതൃസന്നിധാനത്തിൽ. ബാല്യത്തിൽതന്നെ ബർമ്മയിൽനിന്ന് കേരളത്തിലേക്ക് പറിച്ചു നടപ്പെട്ട ജീവിതമാണ് യു. എ. ഖാദറിന്റേത്. മലയാളത്തിൽ പ്രശസ്തനായ ശേഷം ജന്മനാട്ടിലേക്ക് നടത്തുന്ന യാത്ര, മാതൃഭാഷയെ സംബന്ധിച്ച് നിലനിൽക്കുന്ന സങ്കൽപ്പങ്ങളെ പുതുക്കിപ്പണിയാൻ പ്രേരിപ്പിക്കുന്ന അനുഭവ വിവരണമാണ്. ബർമ്മയിലെ (ഇപ്പോൾ മ്യാൻമർ) യങ്കോൻ എന്ന സ്ഥലത്തു നിന്ന് ജനിച്ച സ്ഥലമായ ബില്ലീനിലേക്ക് കുടുംബാംഗങ്ങളുമൊത്തുള്ള യാത്രയുടെ വിശദാംശങ്ങൾ ഒട്ടും ചോർന്നു പോകാതെയുള്ള വിവരണമാണ് ഇത്. യാത്രയിലുടനീളം ജനിച്ച നാടിനെക്കുറിച്ചുള്ള ആകാംക്ഷാഭരിതമായ ചിന്തകളാൽ ഏകാകിയായിരിക്കുന്ന ലേഖകനെ നമുക്കു കാണാം. ജന്മനാട് ഒരു വികാരമായി ഓർമ്മയിൽ മാത്രമല്ല, ആഖ്യാനത്തിലും നിറയുന്നത് നമ്മൾ അനുഭവിച്ചറിയുന്നു ഈ ഭാഗത്ത്.

### പഠന പ്രവർത്തനം

പാഠഭാഗത്തിന്റെ വായനയ്ക്കുശേഷം മാതൃസന്നിധാനത്തിൽ എന്ന പേരിന്റെ അർത്ഥധ്വനിയിലേക്ക് കുട്ടികളുടെ ശ്രദ്ധ ക്ഷണിക്കാം.

മാതാവ്, ഇവിടെ പിറന്ന നാടും, മാതാവിന്റെ ഭാഷയുമൊക്കെയാണ്. മാതൃഭാഷ എന്നാൽ :

- മാതാവിന്റെ ഭാഷയാണ്
- ഒരാൾ ജനിച്ച പ്രദേശത്തിന്റെ ഭാഷയാണ്
- വളർന്ന സാഹചര്യത്തിലെയും സമൂഹത്തിലെയും ഭാഷയാണ്.
- ജീവിതായോധനത്തിനായി ഉപയോഗിക്കേണ്ടി വരുന്ന ഭാഷയാണ്

"സങ്കല്പസീമകൾക്കപ്പുറത്തേയ്ക്ക് ജന്മദേശം തേടിയെത്തിയ ഒരു യാത്രക്കാരന്റെ മനോനില ഊഹിച്ച് വണ്ടിയോടിക്കാനുള്ള നിയോഗം. അതിന്റെ വരുംവരായ്കകളെക്കുറിച്ചാവുമോ എനിക്കറിയാത്ത എന്റെ മാതൃഭാഷയിൽ അവരിരുവരും മിണ്ടിപ്പറയുന്നതും ചിരിക്കുന്നതും."

*(മാതൃസന്നിധാനത്തിൽ)*

'എനിക്കറിയാത്ത എന്റെ മാതൃഭാഷ' എന്ന പ്രയോഗം ശ്രദ്ധിക്കാം. മാതൃഭാഷയിൽ ചിരിക്കുക എന്ന പ്രയോഗവും ശ്രദ്ധിക്കേണ്ടതാണ്.

- എന്താണ് മാതൃഭാഷ?
- ഒരാൾക്ക് അറിയാത്ത ഭാഷ, മാതൃഭാഷ എന്ന വിളിപ്പേരിന് അർഹമാകുമോ?
- ചിരി എങ്ങനെ മാതൃഭാഷയിലാകും?
- ഒരാൾക്ക് ഒന്നിലധികം മാതൃഭാഷകളുണ്ടാകാൻ ഇടയുണ്ടോ?

- എങ്കിൽ അതിന്റെ സാഹചര്യമെന്താണ്?
- കൂടുതൽ ഭാഷകൾ ചെറുപ്പം മുതൽക്ക് കൈകാര്യം ചെയ്യപ്പെടുന്നവർക്ക് മാതൃഭാഷ സ്വയം തെരഞ്ഞെടുക്കാവുന്നതാണോ?
- ഭാഷ അധിനിവേശത്തിനുള്ള ഒരു ഉപകരണമായി തീരുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണ്?
- ഒരു മാതൃഭാഷാ സമൂഹത്തിൽ, ജോലിക്കോ മറ്റാവശ്യങ്ങൾക്കോ ആയി ജീവിക്കേണ്ടിവരുന്ന, മറ്റു ഭാഷകൾ സംസാരിക്കുന്നവരോടുള്ള സമീപനം എന്തായിരിക്കണം?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കുട്ടികൾ ആലോചിക്കട്ടെ. അവരുടെ ഉത്തരങ്ങൾക്ക് ലഘുവായ ചോദ്യങ്ങളിലൂടെ ദിശാബോധം നൽകാൻ അധ്യാപിക ശ്രദ്ധിക്കേണ്ടതാണ്. മാതൃഭാഷയെക്കുറിച്ച് വികസിച്ചു വന്നിട്ടുള്ള സങ്കല്പങ്ങളെ അധികരിച്ചുള്ള രചനകൾ ക്ലാസിലോ കുട്ടികളുടെ സംഘങ്ങളിലോ അവർ വായിക്കട്ടെ. ഇവയുടെ വെളിച്ചത്തിൽ മാതൃഭാഷ വിവിധ സങ്കല്പങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി അവർക്ക് പ്രബന്ധം തയാറാക്കാവുന്നതാണ്.

വിലയിരുത്തൽ

- ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളെ യഥാവിധം സ്വാംശീകരിച്ചിട്ടുണ്ട്
- ഭാഷാസങ്കല്പത്തെപ്പറ്റിയുള്ള വിവിധ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്
- സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും വ്യക്തമാക്കിയിട്ടുണ്ട്
- സമഗ്രതയും ഭാഷാപരമായ തെളിമയുമുണ്ട്

**പഠനനേട്ടം**

LO *മാതൃഭാഷയെക്കുറിച്ചു വികസിച്ചു വന്നിട്ടുള്ള ആധുനിക സങ്കല്പങ്ങളെക്കൂടി പരിഗണിച്ചുകൊണ്ട് ഭാഷാപ്രാധാന്യത്തെ മുൻനിർത്തി പ്രബന്ധം രചിക്കുന്നു.*

### മാതൃഭാഷ -ജനിതക സങ്കല്പമല്ല, സാമൂഹ്യസങ്കല്പമാണ്

മാതൃഭാഷ എന്നത് ഒരു ജനിതകമായ സങ്കല്പമല്ല, സാമൂഹ്യമായ സങ്കല്പമാണ് എന്നതാണ് ഏറ്റവും നിർണായകമായ കാര്യം. 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ' എന്ന വള്ളത്തോളിന്റെ വരികൾ മുൻനിർത്തിയാണ് നാം മാതൃഭാഷയെ നിർവചിക്കാറുള്ളത്. പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വ്യത്യാസമായി ഇതു വിശദീകരിക്കപ്പെടാറുണ്ട്. ദേശീയസമരത്തിന്റെ മൂല്യമുൾക്കൊണ്ട് അന്ന് വള്ളത്തോൾ എഴുതിയ ഈ വരികൾ ജനാധിപത്യയുക്തിയിലും ശാസ്ത്രീയമായ അർഥത്തിലും ഇന്ന് പൂർണമായ ശരി ഉൾക്കൊള്ളുന്നതല്ല. മാതൃഭാഷ ജനിതകമാണ് എന്ന ധാരണയാണ് അതിനെ മണ്ണിന്റെ മക്കൾവാദത്തിലേക്കും മറ്റു ജനതകൾക്കെതിരെയുള്ള അക്രാമകമായ യുക്തിയിലേക്കും വളർത്തുന്നത്. ഈ ധാരണയാണ് ഭാഷാവാദത്തെ പാരമ്പര്യത്തിലൂന്നിയ സ്വത്വവാദമായി തെറ്റിദ്ധരിപ്പിക്കുന്നതും. അമ്മയിൽ നിന്ന് ജനിതകമായി കൈമാറി വരുന്നതല്ല മാതൃഭാഷ എന്നു വ്യക്തമായാൽ മാതൃഭാഷാവാദം ഫാസിസ്റ്റ് യുക്തിക്ക് വളമാകുകയില്ല. ജനാധിപത്യവൽക്കരണത്തിന്റെയും വ്യക്തിയുടെ സാമൂഹ്യവൽക്കരണത്തിന്റെയും അനിവാര്യമായ ഉപാധിയാണ് മാ

തൃഭാഷയ്ക്കു വേണ്ടിയുള്ള വാദമെന്ന് വ്യക്തമാകുകയും ചെയ്യും. ഏതു ഭാഷയാണോ ഒരു ശിശു തൊട്ടടുത്ത സാഹചര്യങ്ങളിൽ നിന്ന് ആർജ്ജിക്കുന്നത് ആ ഭാഷയാണ് മാതൃഭാഷ. തമിഴ്നാട്ടിലെയോ ബീഹാറിലെയോ തൊഴിലാളികളുടെ മക്കൾ മലയാളപരിസരത്ത് വ്യക്തികളെന്ന നിലയിൽ ജീവിക്കുമ്പോൾ അവരുടെ മാതൃഭാഷ മലയാളമാണ്. അതുപോലെ വിദേശത്ത് വ്യക്തികളെന്ന നിലയിൽ താമസിക്കുന്ന മലയാളി ദമ്പതിമാരുടെ മക്കൾ അവിടെ തന്നെ വളരുകയാണെങ്കിൽ അവരുടെ മാതൃഭാഷ അതതിടത്തെ ഭാഷയായിരിക്കും. വ്യക്തിപരിസരമല്ല, സാമൂഹ്യപരിസരമാണ് ഒരു ഭാഷയെ മാതൃഭാഷയാക്കുന്നത്. ഭൂരിപക്ഷങ്ങൾ സംസാരിക്കുന്ന ഭാഷയിൽ നിന്ന് വ്യത്യസ്തമായി ഒരു ന്യൂനപക്ഷം സാമൂഹ്യസ്വഭാവത്തോടെ മാതൃഭാഷ കൈകാര്യം ചെയ്യുമ്പോൾ അത് ന്യൂനപക്ഷഭാഷയെന്ന നിലയിൽ മാതൃഭാഷാപദവി നേടുകയും ചെയ്യുന്നു. ഇങ്ങനെ സാമൂഹ്യപദവി ആർജ്ജിക്കുന്ന ഇടങ്ങളിലാണ് തമിഴും കന്നഡയും കേരളത്തിൽ ന്യൂനപക്ഷ ഭാഷയാകുന്നത്. ആദിവാസിഭാഷകളെല്ലാം മാതൃഭാഷയെന്ന നിലയിൽ തുല്യആദരവ് അർഹിക്കുന്നുവെന്നുമാത്രമല്ല, അടിച്ചമർത്തപ്പെടുന്ന ഭാഷകളെന്ന നിലയിൽ കൂടുതൽ പരിഗണന അർഹിക്കുകയും ചെയ്യുന്നു.

### ലോകമാതൃഭാഷാദിനം

ഫെബ്രുവരി 21 ആണ് ഐക്യരാഷ്ട്രസഭ ലോകമാതൃഭാഷാദിനമായി കൊണ്ടാടുന്നത്. 1952 ൽ ബംഗ്ലാദേശിൽ (അന്നത്തെ കിഴക്കൻ പാക്കിസ്ഥാൻ) ഉർദുഭാഷ ഭരണഭാഷയായി അടിച്ചേല്പിക്കുന്നതിനെതിരെ നടന്ന കലാപത്തിൽ ഡാക്ക സർവകലാശാലയിലെ വിദ്യാർത്ഥികൾ പാക്കിസ്ഥാൻ പോലീസിന്റെ വെടിവെപ്പിൽ കൊല്ലപ്പെട്ടതിന്റെ ഓർമ പുതുക്കുന്ന ദിവസമാണത്. ബംഗ്ലാദേശിൽ വളരെ ആദരവോടെ,ദേശീയ പ്രാധാന്യത്തോടെ ഭാഷാപ്രസ്ഥാനദിനമായി ആഘോഷിച്ചുപോന്ന ഈ പൊതു അവധി ദിവസം 2000 ലാണ് ഐക്യരാഷ്ട്രസഭ ലോകമാതൃഭാഷാദിനമായിഅംഗീകരിച്ചത്. 1999 ൽ യുനെസ്കോയുടെ മുപ്പതാം പൊതുസമ്മേളനസെഷനിൽ ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി പ്രഖ്യാപിക്കണമെന്ന ബംഗ്ലാദേശിന്റെ നിർദ്ദേശത്തെ പിന്താങ്ങിയവരിൽ ഇന്ത്യയോടൊപ്പം അന്ന് വെടിവെപ്പിന് കാരണക്കാരായ പാക്കിസ്ഥാന്റെയും പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു.

ബംഗാളിഭാഷയ്ക്കു വേണ്ടിയുള്ള സമരം ഇരുപതാം നൂറ്റാണ്ട് പിറക്കുന്നതിന് മുമ്പേ ആരംഭിച്ചിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ സ്ത്രീവാദിയും സ്ത്രീവിദ്യാഭ്യാസപ്രവർത്തകയുമായ റുഖിയ സക്കാവത്ത് ഹുസ്സൈനെ(1880–1932)പ്പോലുള്ള എഴുത്തുകാരികൾ ബംഗാളിഭാഷയ്ക്കു വേണ്ടി രംഗത്തുവന്നു കഴിഞ്ഞിരുന്നു. സ്ത്രീകളുൾപ്പെടെയുള്ള അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ ആത്മപ്രകാശനവും വിദ്യാഭ്യാസപ്രവർത്തനവും മാതൃഭാഷാപ്രവർത്തനവുമായി എങ്ങിനെ തുടക്കത്തിൽത്തന്നെ ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ബീഗം റുഖിയയുടെ ജീവിതവും രചനകളും ചൂണ്ടിക്കാണിക്കുന്നത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിലെന്ന

തു പോലെ തന്നെ പാക്കിസ്ഥാനു വേണ്ടി വാദിച്ചുകൊണ്ടിരുന്ന മുസ്ലിംലീഗിലും സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഭാഷാപരമായ വൈവിധ്യത്തിലൂന്നിയ വാദങ്ങൾ ഉയർന്നു വന്നിരുന്നു. 1937ലെ മുസ്ലിംലീഗിന്റെ ലക്നോ സെഷനിൽ ബംഗാളിൽനിന്നുള്ള പ്രതിനിധികൾ ഉർദുവിനെ ഏക ഔദ്യോഗികഭാഷയായി പരിഗണിക്കുന്നതിനെ എതിർത്തിരുന്നു.1947ൽ പാക്കിസ്ഥാൻ രൂപീകരിച്ച് ഉർദു ഏക ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ചപ്പോൾത്തന്നെ എതിർപ്പുകളും ആരംഭിച്ചു. പാക്കിസ്ഥാനിലെ പബ്ലിക് സർവീസ് കമ്മിഷൻ അംഗീകരിക്കപ്പെട്ട ഭാഷകളുടെ കൂട്ടത്തിൽനിന്ന് ബംഗാളിയെ നീക്കം ചെയ്യുകയായിരുന്നു. തമദ്ദുൻ മജ്ലിസ് എന്ന സാംസ്കാരിക സംഘടന ഭരണത്തിലും വിദ്യാഭ്യാസത്തിലും ബംഗാളി തന്നെയാകണമെന്ന് ആവശ്യപ്പെട്ടു. 1948 മാർച്ചിൽ ഡാക്ക സർവകലാശാലയിലെ വിദ്യാർത്ഥികൾ സർക്കാറിന്റെ ഭാഷാനയത്തിനെതിരെ സമരം ചെയ്തു. ബംഗാളിയെ പാക്കിസ്ഥാനിലെ ഔദ്യോഗികഭാഷകളിലൊന്നാക്കണമെന്നായിരുന്നു ആവശ്യം.

ഈ ആവശ്യം പാക്കിസ്ഥാൻ അധികാരികൾ അംഗീകരിച്ചില്ലെന്നു മാത്രമല്ല, കിഴക്കൻ പാക്കിസ്ഥാനിലെത്തി ഉർദു മാത്രം എന്ന കർക്കശമായ നിർദ്ദേശം ആവർത്തിച്ചു പ്രഖ്യാപിക്കുകയാണ് അവർ ചെയ്തത്. എന്നു മാത്രമല്ല, സ്വന്തമായ ലിപിയും പാരമ്പര്യവുമുള്ള ബംഗാളി ഭാഷയെ അറബിക് ലിപിയിൽ എഴുതണമെന്ന് നിർദ്ദേശിക്കുന്നതുവരെ അത് എത്തിച്ചേർന്നു. എല്ലാം ചേർന്നപ്പോൾ പ്രതിഷേധസമരത്തിന് ആക്കം കൂടി. 1952ൽ ജിന്നയുടെ പിൻഗാമിയായി വന്ന ഗവർണർ ജനറൽ ഖ്വാജാ നസിമുദ്ദീൻ 1952 ജനുവരി 27 ലെ ഒരു യോഗത്തിൽ ഉർദു മാത്രം എന്ന കർക്കശനയം പ്രഖ്യാപിച്ചത് വൻ പ്രകോപനമുണ്ടാക്കി. 1952 ജനുവരി 31 ന് മൗലാനാ ബാഷാനിയുടെ അധ്യക്ഷതയിൽ ധാക്ക സർവകലാശാലാ ബാർ ലൈബ്രറി ഹാളിൽ ചേർന്ന സർവകക്ഷി ഭാഷാ ആക്ഷൻ കമ്മിറ്റിയോഗത്തിൽ വെച്ച് ഫെബ്രുവരി 21 പ്രതിഷേധ ദിനമായി ആചരിക്കാൻ തീരുമാനിച്ചു.

1952 ഫെബ്രുവരി 21 ഡാക്ക സർവകലാശാലയിലും പരിസരത്തും പാക്കിസ്ഥാൻ സർക്കാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു. സർവകലാശാലാ കാമ്പസ് പോലീസ് വലയത്തിലാക്കിക്കഴിഞ്ഞിരുന്നു. ഇതിനെയൊന്നും വകവെക്കാതെ ആ പ്രഭാതത്തിൽ മാതൃഭാഷയായ ബംഗാളിയെ സ്നേഹിക്കുന്ന പോരാളികളായ വിദ്യാർത്ഥികൾ കാമ്പസിനു മുന്നിൽ ഒത്തുചേരാൻ തുടങ്ങിയിരുന്നു. പതിനൊന്നുമണിയോടെ പോലീസ് വലയം ഭേദിച്ച് വിദ്യാർത്ഥികൾ മുന്നോട്ടുനീങ്ങി. കിഴക്കൻ ബംഗാൾ നിയമസഭാ പരിസരത്തെത്തി തങ്ങളുടെ ആവശ്യം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പോലീസ് വെടിവെപ്പ് ആരംഭിച്ചു. അബ്ദുസലാം, റഫീഖുദ്ദീൻ അഹമ്മദ്, അബ്ദുൾ ബർക്കത്, അബ്ദുൾ ജബ്ബാർ എന്നീ വിദ്യാർത്ഥിനേതാക്കളുൾപ്പെടെ നിരവധി പേർ വെടിവെപ്പിൽ കൊല്ലപ്പെട്ടു. പിറ്റേ ദിവസം നടന്ന പ്രതിഷേധസമരങ്ങൾക്കുനേരെ വീണ്ടും പോലീസ് വെടിവെപ്പും കൂടുതൽ മരണങ്ങളുമുണ്ടായി.

അതിനും അടുത്ത ദിവസം ഡാക്ക മെഡിക്കൽ കോളജിലെ വിദ്യാർത്ഥികൾ രക്തസാക്ഷികളുടെ സ്മാരകം അവർ മരിച്ചുവീണിടത്തുതന്നെ ഉയർത്താൻ ശ്രമിച്ചു. ഫെബ്രുവരി 24 ന് അത് പൂർത്തീകരിച്ചു. ശഹീദ് സ്മൃതി സ്തംഭം എന്ന് അതിൽ ആലേഖനം ചെയ്തു. രക്തസാക്ഷിയായ സഫിറുർ റഹ്മാന്റെ പിതാവാണ് അത് ഉദ്ഘാടനം ചെയ്തത്. 26 ാം തീയതി പോലീസ് ഈ സ്മാരകം നശിപ്പിച്ചു. വെടിവെപ്പിനെക്കുറിച്ച് അന്വേഷിച്ച സർക്കാറിന്റെ കമ്മിഷൻ അത് ന്യായീകരിക്കത്തക്കതല്ലെന്ന നിലപാടിലാണ് എത്തിച്ചേർന്നത്.

വെടിവെപ്പിന്റെ ഒന്നാം വാർഷികദിനത്തിൽ സർവകക്ഷിഭാഷാ സമരസമിതി ആ ദിവസം രക്തസാക്ഷി ദിനമായി കൊണ്ടാടാൻ തീരുമാനിച്ചു. പാക്കിസ്ഥാനിലെങ്ങും കറുത്ത ബാഡ്ജുകളണിഞ്ഞ് ജനങ്ങൾ പ്രതിഷേധത്തിൽ അണിചേർന്നു. ഓഫീസുകളും ബാങ്കുകളും അടഞ്ഞുകിടന്നു. ഒരു ലക്ഷത്തിലധികം പേർ ചേർന്ന പ്രതിഷേധയോഗത്തിൽ വെച്ച് ജയിലിൽ കിടക്കുന്ന സമരനേതാക്കളെ മോചിപ്പിക്കാൻ സർക്കാറിനോട് ആവശ്യപ്പെട്ടു. എന്നാൽ ബംഗാളിക്കു വേണ്ടി വാദിക്കുന്നവർ രാഷ്ട്രത്തിന്റെ ശത്രുക്കളാണെന്ന നിലപാടാണ് അധികാരികൾ തുടർന്നും സ്വീകരിച്ചത്. 1954 ഫെബ്രുവരി 21 ലെ രക്തസാക്ഷിദിനാചരണം പ്രതിഷേധത്തിലും അറസ്റ്റിലുമാണ് കലാശിച്ചത്. 1954 ലെ പ്രവിശ്യാതിരഞ്ഞെടുപ്പിൽ ബംഗാളി ഭാഷാസമരത്തിന്റെ പിന്തുണക്കാരായ ഐക്യമുന്നണി അധികാരത്തിലെത്തി. ബംഗാളി ഭാഷയ്ക്കു വേണ്ടിയുള്ള അക്കാദമി സ്ഥാപിക്കുകയാണ് ഈ സർക്കാർ ചെയ്ത ഒരു നടപടി. എന്നാൽ പാക്കിസ്ഥാനിലെ കേന്ദ്രസർക്കാർ ഈ പ്രാദേശിക സർക്കാറിനെ പിരിച്ചുവിടുകയാണുണ്ടായത്. 1956 ൽ ഐക്യമുന്നണി സർക്കാർ വീണ്ടും അധികാരത്തിൽ വന്നു. ഭാഷാസമരത്തിന് രക്തസാക്ഷികളായവർക്ക് സ്മാരകം നിർമിക്കാൻ തീരുമാനിച്ചു. രക്തസാക്ഷികളെ സ്മരിച്ചു കൊണ്ട് നിയമസഭ അഞ്ചുമിനിട്ട് നിർത്തിവെച്ചു. 1956 ഫെബ്രുവരി 29 ന് ബംഗാളി പാക്കിസ്ഥാന്റെ രണ്ടാമത്തെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കപ്പെട്ടു. അങ്ങിനെ ഒരു ദശകം നീണ്ടു നിന്ന മാതൃഭാഷാസമരം വിജയകരമായ പരിസമാപ്തിയിലെത്തിച്ചേർന്നു.

ബംഗ്ലാദേശിലെ ഭാഷാസമരം അവിടത്തെ സാഹിത്യസൗന്ദര്യസംസ്കാരമേഖലകളെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. അനേകം കവിതകളും കഥകളും നോവലുകളും സിനിമകളും അതിന്റെ പേരിൽ രചിക്കപ്പെട്ടു. മതേതരജനാധിപത്യറിപ്പബ്ലിക്കായി ബംഗ്ലാദേശിനെ നിലനിർത്തുന്നതിൽ ഭാഷാസമരത്തിനുള്ള പങ്ക് നിർണായകമാണ്.

**(മാതൃഭാഷക്കുവേണ്ടിയുള്ള സമരം - ഡോ.പി. പവിത്രൻ)**

**മനസ്സിന്റെ അപകോളനീകരണം**

1884 ലെ ബർളിൻ സാധ്യമായത്, വാളും വെടിയുണ്ടകളും കൊണ്ടാണ്. പക്ഷേ വാളിന്റെയും വെടിയുണ്ടകളുടെയും ഇരുണ്ട രാത്രിയെ പിന്തുടർന്ന് ചോക്കുകളുടെയും കറുത്തബോർഡിന്റെയും വെളുത്തപകൽ വന്നണഞ്ഞു. യുദ്ധരംഗത്തെ ശാരീരിക ആക്രമണത്തിനു പിന്നാലെ ക്ലാസ് മുറികളിലെ മാനസിക ആക്രമണങ്ങൾ കടന്നു വന്നു. ആദ്യത്തേത് കാഴ്ചയിൽ ക്രൂരമായിരുന്നു. രണ്ടാമത്തേത് മാന്യവും. ഈ പ്രക്രിയ ഷേക്ക് ഹമെദുകാനെയുടെ 'നിഗൂഢസാഹസികതകൾ' എന്ന നോവലിൽ നന്നായി ചിത്രീകരിച്ചിട്ടുണ്ട്. സാമ്രാജ്യത്തിന്റെ കൊളോണിയൽ ഘട്ടത്തിന്റെ രീതികളെക്കുറിച്ച് എങ്ങനെ കൊലപാതകങ്ങൾ നടത്തണമെന്നും അതെങ്ങനെ ഒളിപ്പിച്ചുവെയ്ക്കാമെന്നുമുള്ള കല ഉൾക്കൊള്ളുന്ന കാര്യങ്ങൾ അദ്ദേഹം അതിൽ വിവരിക്കുന്നു.

എന്റെ അഭിപ്രായത്തിൽ ഒരാളെ വശീകരിച്ച് ആത്മാവിന്റെ തടവുകാരനാക്കാൻ ഏറ്റവും സഹായകമായ ശക്തിഭാഷയാണ്. ശരീരത്തെകീഴ്പെടുത്താനേ വെടിയുണ്ടകൾ ക്കാവൂ. ആത്മീയ കീഴ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്. ഭാഷയിലും സാഹിത്യത്തിലുമുള്ള എന്റെ തന്നെ വിദ്യാഭ്യാസ അനുഭവങ്ങളിൽനിന്ന് ഞാൻ എത്രവേണമെങ്കിലും ഉദാഹരണം നൽകാം

**എൻഗൂഗി വാങ് തിങാംഗോ**

(ഭാഷയുടെ അധിനിവേശത്തിനുള്ള മാരകമായ ശക്തി മനസ്സിലാക്കിക്കൊണ്ട് ഇംഗ്ലീഷ് ഉപേക്ഷിച്ച് ആഫ്രിക്കൻ നാട്ടുഭാഷകളായ ഗികുയുയിലും കിസ്വാഹിലിയിലും രചനകൾ നിർവഹിച്ച എഴുത്തുകാരനാണ് എൻഗൂഗി. രക്തദളങ്ങൾ, മനസ്സിന്റെ അപകോളനീകരണം എന്നിവ പ്രശസ്ത രചനകൾ)

ജനിച്ചനാടിനോടുള്ള വൈകാരികമായ അടുപ്പം അനുഭവസിദ്ധമാണ് 'മാതൃസന്നിധാനത്തിൽ' എന്ന പാഠഭാഗത്ത്. ബന്ധങ്ങളും വേരുകളും തേടിയുള്ള യാത്രകളുടെ സർഗാത്മകമായ ആവിഷ്കാരം എം.ടി.യുടെ കഡുഗണ്ണാവ ഒരോർമ്മക്കുറിപ്പ്, ടി. പദ്മനാഭന്റെ മഖൻസിംഗിന്റെ മരണം, സി വി ശ്രീരാമന്റെ പുറം കാഴ്ചകൾ തുടങ്ങിയ കഥകളിലും എം.ടിയുടെ വാനപ്രസ്ഥം തുടങ്ങിയ നോവലുകളിലും കാണാം. കൃതികളുടെ പ്രസക്തഭാഗങ്ങൾ ക്ലാസിൽ വായിക്കാം.

**കുറിപ്പു തയ്യാറാക്കാം**

- യാത്രാക്കുറിപ്പുകളിലെയും കഥകളിലെയും ആസ്വാദനപരമായ അംശത്തെ പോഷിപ്പിക്കുന്ന ഘടകം ഏതാണ്?
- വിവരണങ്ങൾ കൂടുതൽ വൈകാരികമാകുന്നത് ഏതു ഭാഗത്താണ്? എന്തുകൊണ്ട്?

മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള വിചാരങ്ങളാണ് വാക്കുകളെ ജീവനുള്ളതാക്കുന്നത്. അന്വേഷിയുടെ ഉദ്വേഗത്തെ ഈ യാത്രക്കുറിപ്പുകൾ എങ്ങനെ ആവിഷ്ക

രിക്കുന്നു എന്നു താരതമ്യം ചെയ്ത് കുട്ടികൾക്ക് കുറിപ്പ് തയാറാക്കാവുന്നതാണ്.

വിലയിരുത്തൽ :

- തെരഞ്ഞെടുത്ത കൃതികൾ
- താരതമ്യത്തിന്റെ പ്രസക്തി
- അവതരണത്തിന്റെ ഔചിത്യം
- മൗലികമായ നിരീക്ഷണങ്ങൾ

തുടങ്ങിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തൽ നടത്താം.

**LO പഠനനേട്ടം**

*വൈകാരികതയെ ആസ്വാദനപരമാക്കുന്ന ഭാഷാതന്ത്രങ്ങളും ആഖ്യാനത്തിന്റെ ഭാവത്തിനനുസരിച്ച് ഭാഷയ്ക്കു വരുന്ന മാറ്റവും നിരീക്ഷിച്ച് താരതമ്യക്കുറിപ്പുകൾ രചിക്കുന്നു.*

യാത്രകളുടെ ലക്ഷ്യം പലതാണ്. ജർമ്മൻ ചലച്ചിത്രകാരനായ വെർണർ ഹെർസോഗ് ചലച്ചിത്രനിരൂപകയും സുഹൃത്തുമായ ലോത്ത് ഐസ്നർ ഗുരുതരമായ രോഗാവസ്ഥയിൽ കിടക്കുമ്പോൾ മ്യൂണിക്കിൽനിന്ന് പാരീസിലേക്ക് കാൽനടയായി നടത്തിയ യാത്രയുടെ വിവരണമാണ് മഞ്ഞിലൂടെയുള്ള നടത്തം (Of Walking in Ice). സങ്കല്പങ്ങളിലുള്ള മഞ്ഞുപുലിയെ തേടി പീറ്റർ മത്തീസൻ നടത്തിയ ത്രസിപ്പിക്കുന്ന യാത്രയുടെ കഥ പറയുന്ന The Snow Leopard പരിസ്ഥിതി അവബോധത്തിന്റെ വിലപ്പെട്ട രേഖകൂടിയാണ്. ലാറ്റിനമേരിക്കൻ ഗ്രാമങ്ങളുടെ ഉൾത്തുടിപ്പുകൾ പകർത്തിയ യാത്രാക്കുറിപ്പുകൾ മോട്ടോർ സൈക്കിൾ ഡയറീസ് യാത്രയെ രാഷ്ട്രീയ അന്വേഷണമായി പരിവർത്തിപ്പിച്ച പുസ്തകമാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ യഥാർഥമായ മുദ്രകൾ വിദൂരഗ്രാമങ്ങളിൽ ഏകാകിയായി അന്വേഷിച്ചലഞ്ഞതിന്റെ വാങ്മയങ്ങളാണ് രവീന്ദ്രന്റെ അകലങ്ങളിലെ മനുഷ്യരിലുള്ളത്. യാത്രാനുഭവങ്ങൾ നോവലായും കവിതകളായും മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാട്ടിന്റെ കറാമ്പൂവും യാത്രാവിവരണകാവ്യമായ വെണ്മണി അച്ഛൻ നമ്പൂതിരിയുടെ രാമേശ്വരയാത്രയും ഉദാഹരണങ്ങൾ. എസ്.കെ.പൊറ്റെക്കാട്ട് രചിച്ച കവിതകളായ സഞ്ചാരിയുടെ ഗീതങ്ങൾ, പ്രേമശില്പി എന്നിവയും യാത്ര പ്രമേയമാക്കുന്നവയാണ്. യാത്രാവിവരണരചനകളിലെ വൈവിധ്യങ്ങളിലൂടെ കുട്ടികൾ കടന്നു പോകുന്നത് നന്നായിരിക്കും.



## രാമേശ്വരയാത്ര

പെയ്യാ വഴിക്കുമഴയും മുഴുകിക്കുളിപ്പാ
നയ്യോ തണുത്തജലവും കുളവും ചുരുക്കം
കയ്യാലെ വേണമഖിലം കളഭാഷിണീ ! കേ
ളിയ്യാളുകൾക്കു വിഷമം പരദേശവാസം.

(1)

ദയയൊരുലവലേശം പോലുമില്ലാത്ത ദേശം
പരമിഹപരദേശം പാർക്കിലത്യന്തമോശം
പറകിൽ നഹി കലാശം നോക്കിലിന്നേക
ദേശം!
സുമുഖി ! നരകദേശംതന്നെയാണപ്രദേശം.

(2)

മധുരാധരിമാർമണേ! മനോജ്ഞേ!
മധുരാമന്ദിരമാം മഹാപ്രദേശം
വിധിനാമമ കണ്ണിണയ്ക്കു കാണ്മാ
നധുനാ സംഗതിവന്നുഭവിച്ചു.

(3)

ചൊൽക്കൊണ്ടോരു സുവർണ്ണപുഷ്കരണി
യും പിന്നെശ്ശീവേലിപ്പുര
യ്ക്കുൾക്കൊണ്ടോരു സുവർണ്ണകേതുയുഗ
വും വൈചിത്ര്യചിത്രങ്ങളും
കൽക്കണ്ടാധരിമാർമണേ! മണിമയസ്തംഭ
ങ്ങളും കണ്ടുക
ണ്ടിക്കണ്ടാളുകളൊക്കെയും തലകുലുക്കി
ക്കൊണ്ടു കൊണ്ടാടിനാർ

(4)

ചൊല്ലാർന്നോരായിരം കാലുടയ മണിമഹാ
മണ്ഡപത്തിന്മഹത്വം
ചൊല്ലാൻ നാവിന്നു രണ്ടായിരമെഴുമുരഗാ
ധീശനും ക്ലേശമുണ്ടാം
കല്യാത്മാവായ പാണ്ഡ്യക്ഷിതിപതിയുടെ
നൽക്ഷേത്രപുഷ്ടിക്കു നേരാ
കില്ലെന്നാകുന്നു തോന്നുന്നതു സുരപുരിയും
സൂക്ഷ്മതത്വം നിനച്ചാൽ.

(5)

നന്നെ വാടി വയുന്നേരം
കന്നിവാടിയിലേവരും
ചെന്നുകൂടി മഹാനന്ദം
വന്നുകൂടി വരാനനേ!

(6)

*വെൺമണി അച്ഛൻ നമ്പൂതിരിപ്പാട് (പരമേശ്വരൻ നമ്പൂതിരിപ്പാട് 1816–1890) രചിച്ച യാത്രാവിവരണകാവ്യമാണ് രാമേശ്വരയാത്ര. ഈ കൃതി അപൂർണ്ണമാണ്. (മലയാളത്തിലെ ആദ്യയാത്രാവിവരണകാവ്യവും രാമേശ്വരയാത്രയെപ്പറ്റിയുള്ളതാണ്. 'ധർമ്മരാജാവിന്റെ രാമേശ്വരയാത്ര) ആലുവാ താലൂക്കിൽ ചൊവ്വരയ്ക്കടുത്തുള്ള വെള്ളാരപ്പിള്ളിയിലാണ് വെണ്മണി ഇല്ലം. കൊടുങ്ങല്ലൂർ കോവിലകവുമായുള്ള ബന്ധം കാരണം അവിടെ കവികളെ പരിശീലിപ്പിക്കാനായി കളരി സ്ഥാപിക്കുകയും അതിന്റെ ആചാര്യസ്ഥാനം വഹിക്കുകയും ചെയ്തു. ഗജേന്ദ്രമോക്ഷം എന്ന കൃതിക്കു പുറമേ പലവിധത്തിലുള്ള കീർത്തനങ്ങൾ, ഹർജിശ്ലോകങ്ങൾ, ശൃംഗാരശ്ലോകങ്ങൾ, ഒറ്റശ്ലോകങ്ങൾ എന്നിവ രചിച്ചു. വെണ്മണി മഹൻ നമ്പൂതിരിയും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും മക്കളാണ്.*

### പഠന പ്രവർത്തനം

യാത്രകളെല്ലാം ചില ലക്ഷ്യങ്ങളെ ആശ്രയിക്കുന്നുണ്ട്.

- അന്വേഷണം
- സാഹസികത
- ഏകാന്തത
- കൗതുകം
- അറിവ്
- മോക്ഷം

**മഞ്ഞിലൂടെയുള്ള നടത്തം**

നവംബർ 25 തിങ്കൾ : സത്രത്തിലെ ജനലിലൂടെ പുറത്തു നോക്കിയപ്പോൾ ഒരു കറുകറുപ്പൻ കാക്ക അപ്പുറത്തെ മരക്കൊമ്പിലിരിക്കുന്നുണ്ടായിരുന്നു. മഴയ്ത്ത് തലതാഴ്ത്തി അനങ്ങാതെ. കുറെക്കഴിഞ്ഞും അതവിടെ തന്നെ ഇരിപ്പുണ്ടായിരുന്നു. തണുപ്പിൽ മരവിച്ച് ഏകാകിയായി. കാക്ക വിചാരങ്ങളിൽ സ്വയം മുഴുകി! എന്റെ മനസ്സിലൊരു സാഹോദര്യ ഭാവം നിറഞ്ഞു വന്നു. ഏകാന്തത ഞാൻ എല്ലാ അർത്ഥത്തിലും അപ്പോഴനുഭവിച്ചു.

ഒരു ടെലഫോൺ പോസ്റ്റിന്റെ മുകളിലിരുന്ന് ഒരു പണിക്കാരൻ തന്റെ ചുറ്റും കെട്ടിയ സ്ട്രാപ്പിൽ ഭയം കൂടാതെ തൂങ്ങിക്കിടന്ന് നാണമില്ലാതെ എന്നെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു. പല്ലുകൾക്കിടയിൽ കടിച്ചു പിടിച്ച പൈപ്പിലൂടെ പുകവലിച്ച് തന്റെ ഭാരം മുഴുവൻ ആ സ്ട്രാപ്പുകളിൽ പൂർണ്ണവിശ്വാസത്തോടെ അർപ്പിച്ച് അയാളെന്നെ, ദുഃഖിതനായ ഈ മനുഷ്യനെ നോക്കിക്കൊണ്ടിരുന്നു. ഞാൻ ഇഴഞ്ഞു നടന്നു കടന്നുപോയിട്ടും അയാളുടെ നോട്ടം എന്നെ പിന്തുടർന്നു. എല്ലാ ധൈര്യവും സംഭരിച്ച് ഞാൻ പെട്ടെന്ന് നിന്നു. എന്നിട്ട് ഞാനയാളെ തിരിച്ചു നോക്കി. അയാളത് പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു!

**(വെർണർ ഹെർസോഗ്)**

*താൻ കാൽനടയായി സഞ്ചരിച്ചാൽ ലോത്ത് ജീവിച്ചിരിക്കുമെന്ന ശക്തമായ വിശ്വാസമാണ് ഹെർസോഗിനുണ്ടായിരു ന്നത്. 21 ദിവസം നടന്ന് പാരീസിലെത്തിയ ഹെർസോഗ്, ലോത്തിനെ ജീവനോടെ തന്നെ കണ്ടു. പിന്നെയും ഒമ്പതു വർഷങ്ങൾകൂടി ജീവിച്ചിരുന്നതിനു ശേഷം മറ്റൊരു നവംബറിലാണ് ലോത്ത് ഐസ്നർ മരിച്ചത്.*

തുടങ്ങി അവയുടെ എണ്ണം നീളുന്നു. യാത്ര മാത്രം ലക്ഷ്യമാവുന്ന സവിശേഷമായ യാത്രാചരിത്രങ്ങളുമുണ്ട്. പരിസ്ഥിതി, സംഗീതം, സംസ്കാരം, ബന്ധങ്ങൾ, ചരിത്രം, ഇവയിലേയ്ക്കൊക്കെയുള്ള വൈവിധ്യമാർന്ന അന്വേഷണങ്ങൾ ഓരോ യാത്രയെയും വികാരഭരിതമായ അനുഭവമാക്കി മാറ്റും. മാതൃസന്നിധാനത്തിൽ എന്ന ലേഖനഭാഗത്ത് യു.എ.ഖാദർ, സ്വന്തം പാരമ്പര്യത്തിലേയ്ക്കുള്ള യാത്രയുടെ തീവ്രമായ അനുഭവം പങ്കുവയ്ക്കുന്നുണ്ടോ?

ബില്ലീൻ എന്ന ഗ്രാമത്തിലേക്ക് സ്വന്തം വേരു തേടിയുള്ള യാത്രയിൽ, അന്യമായ ഭാഷ, സംസ്കാരം, രാജ്യം, സമൂഹം, ജീവിതരീതി തുടങ്ങി എന്തെല്ലാം സങ്കീർണ്ണതകൾ കൂടിക്കലരുന്നുണ്ട്?

മേൽ സൂചിപ്പിച്ചവയിൽ ഏതെല്ലാം ഘടകങ്ങളാണ് യു.എ.ഖാദറിന്റെ യാത്രയെ ഉദ്വേഗംകൊണ്ടു നിറയ്ക്കുന്നത്?

ചർച്ച ചെയ്ത് കണ്ടെത്തിയ കാര്യങ്ങൾ ലേഖനരൂപത്തിൽ കുട്ടികൾ എഴുതട്ടെ. ഭാവനയിലും പുറത്തുമുള്ള സ്വന്തം ദേശം തിരഞ്ഞ് പോകുന്നതിൽ വ്യക്തികൾ അനുഭവിക്കുന്ന ഉത്കണ്ഠകൾ പങ്കു വയ്ക്കുന്ന വിവിധ രചനകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാവുന്നതാണ്.

### പഠന പ്രവർത്തനം

മ്യാൻമാറിലെ സ്ഥലങ്ങൾ, ഭാഷ, നദികൾ, കെട്ടിടങ്ങൾ, പഗോഡകൾ, സംസ്കാരം, ലേഖകനും കുടുംബാംഗങ്ങളും യാത്ര ചെയ്ത വഴികൾ തുടങ്ങിയവ ഇന്റർനെറ്റിലെ വിവരങ്ങളുടെയും ഗൂഗിൾ മാപ്പിന്റെയും സഹായത്തോടെ ക്ലാസിൽ വിശദീകരിക്കാവുതാണ്.

ലിങ്കുകൾ :

http://en.wikipedia.org/wiki/Burma
http://wikitravel.org/en/Myanmar
http://www.lonelyplanet.com/myanmar-burma
http://www.bbc.com/news/world-asia-pacific-12990563
http://www.hsdejong.nl/myanmar/
http://travel.nationalgeographic.com/travel/countries/myanmar-guide/

**സാഹിത്യപ്രശ്നോത്തരി**

സാഹിത്യചരിത്രപഠനത്തിന്റെയും പ്രസ്ഥാനപഠനത്തിന്റെയും ഭാഗമെന്ന നിലയിൽ മലയാളത്തിലെ സാഹിത്യേതരമായ രചനകളുടെ ചരിത്രംകൂടി കുട്ടികൾ മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. സാഹിത്യചരിത്രത്തെപ്പറ്റിയുള്ള പ്രാഥമികമായ അറിവ് ലക്ഷ്യമാക്കി ഒരു സാഹിത്യപ്രശ്നോത്തരി ക്ലാസിൽ സംഘടിപ്പിക്കാം. മലയാളത്തിലെ യാത്രാവിവരണം, ആത്മകഥ, ജീവചരിത്രം, വിജ്ഞാനസാഹിത്യം അവയുടെ എഴുത്തുകാർ, പ്രത്യേകതകൾ എന്നിവയെ അടിസ്ഥാനമാക്കിയാവണം ചോദ്യങ്ങൾ.

## സ്മൃതിപഥം

**പാഠാപഗ്രഥനം**

പ്രസിദ്ധ ന്യൂറോളജിസ്റ്റായ ഡോ. കെ രാശേഖരൻ നായരുടെ ഓർക്കാനുണ്ട് കുറെ ഓർമ്മകൾ എന്ന പുസ്തകത്തിലെ സ്മൃതിപർവം, വിഭ്രമിപ്പിക്കുന്ന സമയയാത്രകൾ എന്നീ ലേഖനങ്ങളിലെ ഭാഗങ്ങൾ കൂട്ടിച്ചേർത്തതാണ് സ്മൃതിപഥം എന്ന ലേഖനം. ഓർമ്മ എന്ന പ്രക്രിയയെയും മസ്തിഷ്കപ്രവർത്തനങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങളാണ് ലേഖനത്തിലുള്ളത്. ഓർമ്മയെ വിശകലനം ചെയ്യാൻ ലേഖകൻ ഇവിടെ സിനിമാപരിചയത്തെയും വായനാനുഭവങ്ങളെയും ചികിത്സാക്കുറിപ്പുകളെയുമാണ് ആധാരമാക്കുന്നത്. റയിൻമാൻ എന്ന ഹോളിവുഡ് ചലച്ചിത്രത്തെക്കുറിച്ചുള്ള ഓർമ്മയിൽ നിന്നാണ് ലേഖനം ആരംഭിക്കുന്നത്. അസാധാരണമായ ഓർമ്മശക്തിയുള്ള റെയ്മണ്ടിന്റെ ജീവിതകഥയാണ് സിനിമയിലുള്ളത്. ഓട്ടിസം, വില്യംസ് സിൻഡ്രോം എന്നീ രോഗങ്ങളുടെ ഇരകൾക്ക് അസാധാരണമായ ശേഷികൾ ഉണ്ടാവുമെന്ന കാര്യം തന്റെ ചികിത്സാനുഭവങ്ങളിലെ ഉദാഹരണങ്ങളും ചൂണ്ടിക്കാട്ടി ഡോക്ടർ വ്യക്തമാക്കുന്നു. ഓർമ്മ എന്ന പ്രക്രിയ മസ്തിഷ്കത്തിൽ എങ്ങനെയാണ് സംഭവിക്കുന്നതെന്നും വിവിധതരം ഓർമ്മകളുടെ പ്രത്യേകതകൾ എന്തൊക്കെയാണെന്നും തുടർന്ന് വിശദീകരിക്കുന്നു. ഓർമ്മയെ ശാസ്ത്രീയ വിശകലനത്തിനു വിധേയമാക്കുന്ന ഈ ലേഖനത്തിൽ ലേഖകൻ പ്രയോജനപ്പെടുത്തിയിരിക്കുന്നത് ചലച്ചിത്രം, സാഹിത്യം, തൊഴിൽ തുടങ്ങിയ തന്റെ അനുഭവമേഖലയിലെ ഓർമ്മകളെത്തന്നെയാണ്.

***ആശ്ചര്യചൂഡാമണി***

കൊ.വ. തൊള്ളായിരാമാണ്ടിനടുത്ത് കേരളത്തിൽ ജീവിച്ചിരുന്നെന്നു വിശ്വസിക്കപ്പെടുന്ന ശക്തിഭദ്രൻ രചിച്ച കൃതിയാണ് ആശ്ചര്യചൂഡാമണി. സംസ്കൃതനാടകലക്ഷണങ്ങൾ പൂർണ്ണമായി തികഞ്ഞ കൃതിയാണിതെന്ന് വിശ്വസിക്കുന്നു. അക്കാലങ്ങളിൽ ദക്ഷിണദേശത്തുനിന്നും ഉത്തമസാഹിത്യകൃതികൾ വരികയെന്നത് അസംഭാവ്യം എന്നായിരുന്നത്രേ പൊതുവേ ഭാരതീയരുടെ ധാരണ. നാടകത്തിന്റെ പ്രസ്താവനയിൽ (ആമുഖം) സൂത്രധാര

നോട് നടി ഇങ്ങനെ പറയുന്നു: 'തെക്കൻ ദിക്കിൽ നാടകമുണ്ടായെങ്കിൽ ആകാശം പൂക്കും, മണലിൽ നിന്നെണ്ണയുണ്ടാകും, താമസമില്ല.' ഈ ആക്ഷേപത്തിനു മറുപടിയായാണ് ആശ്ചര്യചൂഡാമണിയെന്ന നാടകം.

ശങ്കരാചാര്യരെ ശക്തിഭദ്രകവിയുമായി ഘടിപ്പിക്കുന്ന ഒരൈതിഹ്യമാണ് ലേഖനത്തിൽ ഡോ. രാജശേഖരൻ നായർ നൽകിയിരിക്കുന്നത്. ചൂഡാമണി രണ്ടാമങ്കത്തിലാണ് 'ത്രിഭുവനരിപുരസ്യാഃ'എന്നു തുടങ്ങുന്ന ശ്ലോകമുള്ളത്.

ഈ ഐതിഹ്യം വിശ്വസനീയമാണെന്നു പറയാൻ കഴിയില്ല. രാജശേഖരൻ എന്ന കേരളരാജാവിന്റെ മൂന്നു നാടകങ്ങളെപ്പറ്റിയും ഇത്തരത്തിൽ ഒരു കഥ ശങ്കരവിജയത്തിൽ കാണുന്നുണ്ട്. അതുപോലെതന്നെ മേല്പാഴൂരില്ലത്തിൽ ശങ്കരാചാര്യർ പൂജിക്കുവാൻ കൊടുത്തിരുന്ന ബ്രഹ്മസൂത്രഭാഷ്യം മീമാംസകനായ അദ്ദേഹത്തിന്റെ മാതുലൻ ദഹിപ്പിച്ചു എന്നും പത്മപാദൻ പുസ്തം ഗതം ബുദ്ധിരവസ്ഥിതാ മേ എന്നു പറഞ്ഞുകൊണ്ടു് അതു വീണ്ടുമെഴുതിയെന്നും അതേ ഗ്രന്ഥത്തിൽത്തന്നെ പറയുന്നു.

ഓർമ്മയുമായി ബന്ധപ്പെട്ട മസ്തിഷ്ക ഭാഗങ്ങളെക്കുറിച്ച് ലേഖനത്തിൽ ഡോ. രാജശേഖരൻ നായർ പരാമർശിക്കുന്നുണ്ട്. നിയോ കോർടെക്സ്, ലിംബിക് ലോബ്, പ്രീഫ്രോണ്ടൽ ലോബ്, ഫ്രോണ്ടൽ ലോബ്, പെറൈറ്റൽ ലോബ്, ഓക്സിപിറ്റൽ ലോബ്, ബ്രോക്ക, വെർണിക്കി, കോർപ്പസ് കലോസം തുടങ്ങിയ മസ്തിഷ്കഭാഗങ്ങളുടെ ധർമ്മത്തെക്കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ കുട്ടികൾക്ക് സ്കൂളിലെ ശാസ്ത്രാധ്യാപകരെയും പുസ്തകങ്ങളെയും വെബ്സൈ

**റെയിൻ മാൻ**

ബാരി ലെവിൻസൺ സംവിധാനം ചെയ്ത അമേരിക്കൻ സിനിമയാണ് റെയിൻ മാൻ. 1988 ൽ പുറത്തിറങ്ങിയ ചിത്രത്തിന് മികച്ച ചിത്രം, മികച്ച സംവിധായകൻ, മികച്ച നടൻ (ഡസ്റ്റിൻ ഹോഫ്മാൻ), മികച്ച തിരക്കഥ (ബാരി മോറോ, റോണാൾഡ് ബാസ്) എന്നിവയ്ക്ക് ഓസ്കാർ സമ്മാനങ്ങൾ ലഭിച്ചു. കലാസംവിധാനത്തിനും ഛായാഗ്രഹണത്തിനും സംഗീതത്തിനും ചിത്രസന്നിവേശത്തിനും ഉള്ള നോമിനേഷനുകൾ നേടുകയും ചെയ്തു. ബർളിൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച ചിത്രത്തിനുള്ള 'ഗോൾഡൻ ബെയർ' പുരസ്കാരവും 'മഴമനുഷ്യൻ നേടുകയുണ്ടായി.

റയ്മണ്ട് ബാബിറ്റ്, ചാർളി ബാബിറ്റ് എന്നീ സഹോദരങ്ങളുടെ കഥയാണ് സിനിമ പറയുന്നത്. പണത്തിനുപരിയായുള്ള ബന്ധത്തിന്റെ ശക്തിയിൽ ഊന്നിയാണ് സിനിമ അവസാനിക്കുന്നത്. തന്റെ കുട്ടിക്കാലത്ത് ഭാവനയിൽ കണ്ടിരുന്ന 'മഴമനുഷ്യൻ' എന്ന സുഹൃത്ത് യഥാർത്ഥത്തിൽ റെയ്മണ്ടായിരുന്നു എന്ന് ചാർളി തിരിച്ചറിയുന്നതിൽ നിന്നാണ് സിനിമയ്ക്ക് ആ പേരു ലഭിച്ചത്. റയ്മണ്ടായി ഡസ്റ്റിൻ ഹോഫ്മാനും ചാർളിയായി ടോം ക്രൂയിസും ചാർളിയുടെ കൂട്ടുകാരിയായ സൂസന്നയായി വലേറിയാ ഗോളിനോയും ഡോ. ജെറാൾഡ് ആർ ബ്രൂണറായി ജെറി മോളനും അഭിനയിച്ചു. ഓട്ടിസം, വില്യംസ് സിൻഡ്രോം, അസ്പെർഗർ സിൻഡ്രോം തുടങ്ങിയ പീഡകളാൽ കഷ്ടപ്പെടുന്നവരെ ഭിന്നശേഷികളും അസാധാരണമായ കഴിവുകളും ഉള്ളവരായി കാണാനും അവരെ അംഗീകരിക്കാനും സിനിമ വഴിയൊരുക്കി.

റ്റുകളെയും ആശ്രയിക്കാൻ വേണ്ട പ്രോത്സാഹനം നൽകണം. കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ ക്ലാസിൽ പങ്കുവയ്ക്കാനുള്ള സൌകര്യം നൽകണം. തലച്ചോറിലെ ഭാഗങ്ങൾക്കുള്ള ധർമ്മങ്ങൾ മനസ്സിലാക്കി അവയുടെ പേരുകളെ മലയാളീകരിക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും.

നിയോ കോർടെക്സ് = നവമസ്തിഷ്കം

ലിംബിക് ലോബ് = പ്രാന്തമസ്തിഷ്കം

പേരുകളും അവയുടെ ധർമ്മവും മലയാളത്തിലുള്ള കുറിപ്പുകളാക്കി പ്രവർത്തന രേഖയിൽ ചേർക്കാം.

**ഓട്ടിസം**

ഗ്രീക്കു ധാതുവിൽനിന്നാണ് ഓട്ടിസം എന്ന വാക്കുണ്ടായത്. സ്വയം എന്ന അർത്ഥമുള്ള autos ആണ് അടിസ്ഥാനം. തന്നിൽത്തന്നെ ഒതുങ്ങിക്കൂടാനുള്ള ഓട്ടിസക്കാരുടെ പ്രവണതയാണ് ഈ പേരു നേടിക്കൊടുക്കാനുള്ള കാരണം. സ്വിസ് സൈക്യാട്രിസ്റ്റായ യൂഗൻ ബ്യൂലരാണ് ഓട്ടിസ്റ്റിക് എന്ന വാക്ക് ആദ്യമായി പ്രയോഗിച്ചത്. ആസ്ട്രിയൻ സൈക്യാട്രിസ്റ്റ് ഡോ. ലിയോ കോണറും ശിശുരോഗവിദഗ്ദനായ ഡോ. ഹാൻസ് അസ്പെർഗറും പരസ്പരം അറിയാതെ ഒരേകാലത്ത് ഓട്ടിസത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ മുഴുകി. 1938 ൽ ഓട്ടിസം എന്ന

**ആശ്ചര്യചൂഡാമണി ശ്ലോകത്തിന്റെ അർത്ഥവിശദീകരണം**

ത്രിഭുവനരിപുരസ്യാഃപൂർവജേരാവണാശ്ചേത്
അസുലഭ ഇതിമന്യേ വിശ്രമ:കാർമുകസ്യ
രജനിചരനിബദ്ധം പ്രായശോവൈരമേതത്
ഭവതുഭുവനഭൂത്യേ സർവരക്ഷോവധേന

| | |
|---|---|
| ത്രിഭുവനരിപു രാവണഃ | = മൂന്നുലോകത്തിന്റെയും ശത്രുവായ രാവണൻ |
| അസ്യാ പൂർവജഃ ചേത് | = ഇവളുടെ പൂർവജൻ ആണെങ്കിൽ |
| കാർമുകസ്യ വിശ്രമഃ | = വില്ലിനു വിശ്രമം |
| അസുലഭഃ ഇതി (അഹം) മന്യേ. | = സുലഭമല്ലെന്നു (ഞാൻ) വിചാരിക്കുന്നു |
| പ്രായശഃ | = മിക്കവാറും |
| രജനിചരനിബദ്ധം | = രാക്ഷസന്മാരിലുള്ള |
| ഏതത് വൈരം | = ഈ ശത്രുത |
| സർവരക്ഷോവധേന | = സർവരാക്ഷസന്മാരുടെയും നിഗ്രഹത്താൽ |
| ഭുവനഭൂത്യേ ഭവതു | = ലോകത്തിന്റെ ഐശ്വര്യത്തിനായി ഭവിക്കട്ടെ |

ലോകകണ്ടകനായ രാവണൻ ഇവളുടെ ജ്യേഷ്ഠനാണെങ്കിൽ (എന്റെ) വില്ലിന് വിശ്രമം ഇനി അസുലഭമാണെന്ന് ഞാൻ കരുതുന്നു. മിക്കവാറും രാക്ഷസന്മാരോടുള്ള ഈ വൈരം എല്ലാ രാക്ഷസന്മാരെയും വധിച്ചുകൊണ്ട് ലോകമംഗളത്തിനായി തീരട്ടെ.



മനുഷ്യന്റെ മസ്തിഷ്കം

വാക്ക് കടമെടുത്ത് ഹാൻസ് അസ്പെർഗർ ഒരു പ്രഭാഷണത്തിൽ ഉപയോഗിച്ചു. ഒരു കൂട്ടം പ്രത്യേക സ്വഭാവരോഗങ്ങളിൽ ഒന്നുമാത്രമാണ് ഓട്ടിസം. തനതായ ഓട്ടിസ (ക്ലാസിക് ഓട്ടിസം) ത്തിനു പുറമേ ചെറിയ വ്യതിയാനങ്ങളോടെ ഇവ കാണപ്പെടുന്നുണ്ട്. വില്യംസ് സിൻഡ്രോം, അസ്പെർഗർ സിൻഡ്രോം എന്നൊക്കെ ഇവ, രോഗലക്ഷണങ്ങൾ കണ്ടെത്തിയ ഡോക്ടർമാരുടെ പേരുകളിൽ അറിയപ്പെടുന്നു. Pervasive Developmental Disorders (പി ഡി ഡി) എന്നാണ് ഓട്ടിസത്തിന്റെ ഇപ്പോഴുള്ള പേര്. മറ്റുള്ളവരുമായി ഇടപഴകാൻ കൂട്ടാക്കാതെ തന്നിൽ തന്നെ ഒതുങ്ങി ജീവിക്കാനായിരിക്കും ഇവർ ആഗ്രഹിക്കുക. ജനിക്കുന്ന നിമിഷം മുതൽ ആയുഷ്കാലം മുഴുവൻ സ്വഭാവരീതികളിൽ മാറ്റമുണ്ടാവില്ല. പത്തുശതമാനത്തോളം പേർക്ക് അതിബുദ്ധിയും വ്യത്യസ്തമായ അസാധാരണതകളും ഉണ്ടാകും. എങ്കിലും ഇവരുടെ സ്വഭാവരീതികളുടെ പ്രത്യേകതകളാൽ അതു തിരിച്ചറിയപ്പെടണമെന്നില്ല. വികാരശൂന്യത സഹജമാണെന്നും വാക്കുകൾ വളരെ പരിമിതമായിരിക്കുമെന്നും ഏകാഗ്രമായ പരിശോധനകളിലും ചിന്തകളിലും മിക്കപ്പോഴും ഇവർ മുഴുകിയിരിക്കുമെന്നും ചലനങ്ങൾ വിലക്ഷണമാകുമെന്നും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അസാധാരണ ഓർമ്മശക്തിയുള്ള അമേരിക്കക്കാരനായ കിം പീക്ക്, കണക്കിലെ കളികളിൽ ലോക റിക്കോർഡു തകർത്ത ഫ്രെഞ്ചുകാരനായ അലക്സി ലെമേർ, പതിനൊന്നു ഭാഷകളിൽ അസൂയാവഹമായ കഴിവുകളുള്ള, പഠിക്കാൻ പ്രയാസമുള്ള ഐൻലാന്റിക് ഭാഷ ഒരാഴ്ചകൊണ്ട് പഠിച്ചെടുത്ത ബ്രിട്ടീഷുകാരനായ ഡാനിയൽ ടമെറ്റ് തുടങ്ങിയവർ ഓട്ടിസത്തിന്റെ (അതിന്റെ വകഭേദങ്ങളുടെ) ഇരകളാണ്.

### ഓസ്കാർ വൈൽഡ്

ഓസ്കാർ ഫിൻഗൽ ഒ ഫ്ളാഹർട്ടി വിൽസ് വൈൽഡ് (ഒക്ടോബർ 16, 1854 നവംബർ 30, 1900) ഒരു ഐറിഷ് നാടകകൃത്തും, നോവലിസ്റ്റും, കവിയും, ചെറുകഥാകൃത്തും ആയിരുന്നു. മൂർച്ചയേറിയ ഹാസ്യത്തിനു പ്രശസ്തനായ ഓസ്കാർ വൈൽഡ് തന്റെ കാലഘട്ടത്തിൽ ഏറ്റവും പ്രശസ്തരായ വ്യക്തികളിൽ ഒരാ



ദ്രുപദ് വരച്ച ചിത്രങ്ങൾ യുറീക്കയുടെ മുഖചിത്രമായപ്പോൾ

ളും ലണ്ടനിലെ വിക്ടോറിയൻ കാലഘട്ടത്തിലെ ഏറ്റവും പ്രശസ്തരായ നാടകകൃത്തുകളിൽ ഒരാളും ആയിരുന്നു. അസാന്മാർഗ്ഗികതയ്ക്ക് ഓസ്കാർ വൈൽഡിനെ രണ്ടു വർഷത്തോളം കഠിനതടവിന് ശിക്ഷിച്ചു. ഈ ജയിൽ വാസം വൈൽഡ് നാൽപ്പത്തിയാറാം വയസ്സിൽ മരിച്ചുപോവുന്നതിന് കാരണമായി എന്ന് വിശ്വസിക്കപ്പെടുന്നു. 1897ൽ ജയിലിൽ നിന്നിറങ്ങിയ വൈൽഡ് സ്വയം പ്രവാസം വരിച്ച് യൂറോപ്പിലേക്കു പോയി. 1900ൽ ഒരഗതിയെപ്പോലെ പാരീസിൽ വച്ചു മരിച്ചു.

1854ൽ പ്രശസ്തനായ ഒരു നേത്രചികിത്സാവിദ്ഗധന്റെയും, സ്പെരാൻസാ (Speranza) എന്ന അപരനാമത്തിൽ കവിതകളെഴുതിയിരുന്ന ദേശിയവാദിയായ ഒരു കവയിത്രിയുടെയും മകനായി ഡബ്ലിനിൽ ജനിച്ചു. ഡബ്ളിനിലെ ട്രിനിറ്റി കോളേജിലും, ഓക്സ്ഫോർഡിലെ മാഗ്ദലിൻ കോളേജിലുമായിരുന്നു പഠനം.

'കല കലയ്ക്കു വേണ്ടി' എന്ന പ്രസ്ഥാനത്തിന്റെ പ്രചാരകനാവുന്നത് ഓക്സ്ഫോർഡിൽ വച്ചാണ്. 1881ൽ ഒരു കവിതാസമാഹാരം പ്രസിദ്ധീകരിച്ചുവെങ്കിലും അതത്ര ശ്രദ്ധേയമായില്ല. 1884ൽ കോൺസ്റ്റൻസ് ലോയ്ഡിനെ വിവാഹം കഴിച്ചു. പിന്നീടെഴുതിയ ഹാപ്പി പ്രിൻസ് (1888), ലോർഡ് ആർതർ സാവിൽസ് ക്രൈം (1891), എ ഹൗസ് ഒഫ് പോമഗ്രനേറ്റ്സ് (1891) എന്നീ കഥാസമാഹാരങ്ങളും, 1891ൽ തന്നെ ഇറങ്ങിയ ദി പിക്ചർ ഒഫ് ഡോറിയൻ ഗ്രേ എന്ന നോവലും അദ്ദേഹത്തെ പ്രശസ്തനാക്കി. ആ പ്രശസ്തിയുടെ സ്ഥിരീകരണമായിരുന്നു, പിന്നീട് ലണ്ടനിലെ നാടകശാലകളിൽ അവതരിപ്പിച്ച ലേഡി വിന്റർമേഴ്സ് ഫാൻ, എ വുമൺ ഓഫ് നോ ഇമ്പോർട്ടൻസ്, ഏൻ ഐഡിയൽ ഹസ്ബൻഡ്, ദി ഇമ്പോർട്ടൻസ് ഒഫ് ബീയിങ്ങ് ഏണസ്റ്റ് എന്നീ നാടകങ്ങൾക്കു കിട്ടിയ അഭൂതപൂർവമായ സ്വീകരണം.

അസാധാരണമായ വിധത്തിൽ ഭിന്നശേഷികളുള്ള വ്യക്തികളെക്കുറിച്ചുള്ള പുസ്തകങ്ങൾ, കുറിപ്പുകൾ, അനുഭവവിരണങ്ങൾ എന്നിവ ക്ലാസിൽ പങ്കുവയ്ക്കണം. എക്കണോമിക്സ് ഒന്നാം റാങ്കോടെ ജയിക്കുകയും ഇപ്പോൾ കാസറഗോഡ് സെൻട്രൽ യൂണിവേഴ്റ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറായിരിക്കുകയും ചെയ്യുന്ന ഡോ. ശ്യാമപ്രസാദിനെക്കുറിച്ചുള്ള ഡോക്യുമെന്ററി, ഏഷ്യാനെറ്റ് സ്റ്റാർ സിംഗറിൽ പങ്കെടുത്ത് പ്രത്യേക പ്രശംസ നേടിയ സുകേഷ്കുട്ടന്റെ യു ട്യൂബ് ദൃശ്യങ്ങൾ, (https://www.youtube.com/watch?v=tOzmZsUy4J8) ചിത്രങ്ങളുടെ സഹായത്താൽ ഓട്ടിസത്തിന്റെ പരിമിതികളെ അതിജീവിച്ച ദ്രുപദ് എന്ന ഒമ്പത് വയസ്സുകാരനെക്കുറിച്ചുള്ള ഫീച്ചർ

(ഗൃഹലക്ഷ്മി ജൂൺ 16- 30, 2014) തുടങ്ങിയവ ഉപയോഗിച്ചുകൊണ്ട് അവരുടെ ജീവിതത്തെക്കുറിച്ചുള്ള ധാരണകൾ കുട്ടികൾക്ക് നൽകാം.

### പഠന പ്രവർത്തനം

#### പരിഭാഷയിലെ പ്രശ്നങ്ങൾ

മലയാളത്തിൽ ധാരാളം ശാസ്ത്രലേഖനങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ട്. ഇവയുടെ ഒരു പ്രധാന പരിമിതി അന്യഭാഷയിൽ നിന്ന് കടന്നുവരുന്ന വാക്കുകളെ അതേപടി ആവർത്തിക്കുന്നതിലുള്ള തിടുക്കമാണ്. ശാസ്ത്രലേഖനങ്ങളിലെ സാങ്കേതികപദങ്ങൾക്കു പിന്നിൽ കേവലമായ ഒരർത്ഥമല്ല, മറിച്ച് ആ വാക്ക്, അതുമായി ബന്ധപ്പെട്ടു നടന്ന പരീക്ഷണങ്ങളുടെ ചരിത്രത്തെയും ആശയസംഹിതയെയും ഉൾവഹിക്കുന്നുണ്ടാവും. ആസ്മ, അലർജി, ഹിപ്പോകാമ്പസ്, അമിഗ്ദാല തുടങ്ങിയ വാക്കുകൾക്കു പിന്നിലെ സങ്കല്പത്തെ പരിചയപ്പെടുത്തിക്കൊണ്ട് ഇക്കാര്യം വിശദമാക്കാവുന്നതാണ്. വാക്ക് വഹിക്കുന്ന ആശയചരിത്രത്തെ സ്വച്ഛമായും സ്വതന്ത്രമായും ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് ഭാഷയ്ക്ക് അർത്ഥവിനിമയശേഷി ഉയരുന്നത്. ഏറ്റവും പുതിയ ശാസ്ത്രകാര്യങ്ങൾ പോലും വിശദീകരിക്കാനുതകുന്നതരത്തിൽ ഭാഷയുടെ പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പരിശ്രമം കുട്ടികളുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. സാങ്കേതിക പദങ്ങൾക്കു പിന്നിലുള്ള ആശയം മനസ്സിലാക്കിക്കൊണ്ട് വിവർത്തനം നടത്താൻ കുട്ടികൾക്ക് വേണ്ട സഹായം നൽകാം. ഹ്രസ്വ ഓർമ്മ - കുറിയ ഓർമ്മ (Short term memory), പ്രതിദ്ധ്വനി ഓർമ്മ - മാറ്റൊലി ഓർമ്മ (Echoic memory) തുടങ്ങിയ വാക്കുകളുടെ വിവർത്തനത്തെക്കുറിച്ചുള്ള ചർച്ചയിലൂടെ ശരിയായതും ആശയത്തെ കൃത്യമായി വിനിമയം ചെയ്യുന്നതുമായ പരിഭാഷ ഏതാണെന്ന കാര്യത്തിൽ കുട്ടികൾ കൂട്ടായി ചർച്ച ചെയ്ത് തീരുമാനത്തിലെത്തട്ടെ.

**ആസ്മ**

'കിതപ്പ്' എന്നർഥം വരുന്ന ഗ്രീക്ക് വാക്കായ 'പാനോസി'ൽ നിന്നാണ് ആസ്മയുടെ ഉത്ഭവം. അരേറ്റിയാസ് എന്ന ഗ്രീക്ക് വൈദ്യൻ തന്റെ കൃതിയിൽ ശ്വാസം കിട്ടാതെ വലയുന്ന ഒരു ആസ്ത്മാരോഗിയുടെ ചിത്രാവിഷ്കരണം നടത്തിയിട്ടുണ്ട്. പാനോസ് ഒരു വിശുദ്ധ രോഗമായിരുന്നു ഗ്രീക്കിൽ. Az-e-in, Azo എന്നീ ഗ്രീക്ക് വാക്കുകളാണു ആസ്മയുമായി കൂടുതൽ അടുത്തു നിൽക്കുന്നത്. ആയാസപ്പെട്ട് ശ്വാസമെടുക്കുക എന്നർത്ഥം വരുന്ന ഗ്രീക്ക് വാക്കും az-e-in ആണ്. P-ano-s എന്നവാക്കിനു ഇംഗ്ലിഷിലെ P-an-t (കിതയ്ക്കുക) എന്ന വാക്കുമായിട്ടാണ് സാമ്യം കൂടുതൽ.

അലർജി = പ്രത്യൂർജത (അലർജി, ഊർജം എന്നർത്ഥമുള്ള എനർജിയുടെ വകഭേദം ആയതുകൊണ്ട് ഈ പരിഭാഷ)

(ആസ്മ ആസ്ത്മ എന്നിവയിൽ ശരിയായ വാക്കേതാണെന്നതിനെപ്പറ്റി നടന്ന വിക്കിപീഡിയ ചർച്ചയിൽ നിന്ന്.

### പഠന പ്രവർത്തനം

**വിവർത്തനം തയ്യാറാക്കുക**

സാങ്കേതിക വാക്കുകളുടെ വിവർത്തനങ്ങൾക്കും ചർച്ചകൾക്കും ശേഷം കുട്ടികൾ സംഘാടിസ്ഥാനത്തിൽ അവരവർക്ക് താത്പര്യമുള്ള ശാസ്ത്രമേഖലകളിലെ ലേഖനങ്ങൾ വായിച്ച് അവയ്ക്ക് ഉചിതമായ വിവർത്തനങ്ങൾ തയാറാക്കുന്നു. ഏറ്റവും പുതിയ ശാസ്ത്രകാര്യങ്ങൾ പരിചയപ്പെടുത്തുന്ന വിക്കിലേഖനങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

കുട്ടികൾ തയാറാക്കിയ ലേഖനപരിഭാഷകളുടെ വായന ക്ലാസിൽ നടത്തുന്നു. കൂടുതൽ സഹായം ആവശ്യമുള്ള പക്ഷം, പ്രസ്തുതവിഷയം പഠിപ്പിക്കുന്ന അധ്യാപകരുടെ സഹായത്തോടെ ലേഖനം മെച്ചപ്പെടുത്താവുന്നതാണ്.

വിലയിരുത്തൽ

- പരിഭാഷയുടെ ഔചിത്യം
- ആശയത്തിന്റെ കൃത്യത
- വിനിമയ ശക്തി
- ഒഴുക്ക്
- ഭാഷയ്ക്കുമേലുള്ള കൈയടക്കം

എന്നിവയെ മുൻനിർത്തി ആദ്യം കുട്ടികൾ പരസ്പരവും പിന്നീട് അധ്യാപികയും പരിഭാഷാലേഖനങ്ങളുടെ വിലയിരുത്തൽ നിർവഹിക്കുന്നു.

പഠനനേട്ടം : വെബ്സൈറ്റുകളിലെ ശാസ്ത്രലേഖനങ്ങളുമായി പരിചയപ്പെടുകയും അവയിലെ ആശയസങ്കൽപ്പങ്ങൾക്ക് ഊനം തട്ടാത്ത വിധത്തിലുള്ള പരിഭാഷകൾ നിർവഹിക്കുകയും ചെയ്യുന്നു

അതോടൊപ്പം മലയാളം വിക്കിയിൽ പ്രസ്തുത ലേഖനത്തിന്റെ മലയാളം പതിപ്പ് സ്കൂളിന്റെ പേരിലോ ക്ലാസിന്റെ പേരിലോ കുട്ടികളുടെ പേരിലോ ഒരു അക്കൗണ്ട് തുടങ്ങി കുട്ടികൾക്കുതന്നെ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

മനുഷ്യന്റെ ജീവിതപുരോഗതിയുടെ ആധാരശിലകളിലൊന്ന് ഓർമ്മകളാണെന്നും ഓർമ്മകളില്ലാതെ വരുമ്പോൾ പരിണാമദിശയുടെ ആദിമബിന്ദുവിലേക്ക് നാം മടങ്ങിപ്പോകുമെന്നുമുള്ള വിവരം ക്ലാസ് മുറിയിൽ പങ്കുവയ്ക്കാം. ഇന്നലെ, ബ്ലാക്ക് (ഹിന്ദി), തന്മാത്ര എന്നീ സിനിമകൾ, ഓർമ്മ എന്ന പദ്മരാജന്റെയും ഓർമ്മയുടെ ഞരമ്പ് എന്ന മീരയുടെയും കഥകൾ എന്നിവ പരാമർശിക്കാവുന്നതാണ്. പഠനത്തിൽ ഓർമ്മയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടിക്ക് അറിയാം. അതിജീവനത്തിനും പ്രതിഷേധത്തിനും അവതരണത്തിനും വിശകലനത്തിനും ഓർമ്മയുടെ പിൻബലം വേണം. വാദിക്കാനും സ്വപ്നം കാണാനും സ്നേഹിക്കാനുമുള്ള ചോദനകൾക്ക് കരുത്തേകുന്ന ഇന്ധനവും ഓർമ്മകളാണ്. സാഹിത്യം ഉൾപ്പടെയുള്ള സകല ആവിഷ്കാരരൂപങ്ങളിലും ഓർമ്മയുടെ നിത്യസാന്നിദ്ധ്യമുണ്ട്. ഒറ്റയ്ക്കും കൂട്ടായും ക്ലാസിൽ ഇത്തരം കാര്യങ്ങളുടെ ആലോചന നടക്കട്ടെ. കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ കുറിച്ചു വച്ച് ക്ലാസിൽ അവതരിപ്പിക്കുന്നു. ലേഖനത്തിലും വായനയിലും കുട്ടികൾ പരിചയപ്പെട്ട സാങ്കേതിക പദാവലികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിവിധ ആവിഷ്കാരരൂപങ്ങളിലെ ഓർമ്മകളെക്കുറിച്ച് കുട്ടികൾ പ്രഭാഷണം നടത്തട്ടെ.

പാഠഭാഗത്ത് ലേഖകൻ വിവിധതരം ഓർമ്മകളെക്കുറിച്ചു പറയുന്നുണ്ട്. ഓർമ്മകളെ സംബന്ധിക്കുന്ന ചില സാങ്കേതിക പദങ്ങളുമായി പരിചയപ്പെടാം. ഇവയിൽ ചിലതിന്റെയെങ്കിലും പ്രത്യേകതകളുമാ

യി കുട്ടികൾക്ക് പരിചയമുണ്ടാകുന്നത് ന ന്നായിരിക്കും. അന്വേഷണാത്മകപ്രവർ ത്തനത്തിന്റെ ഭാഗമായി, ഓർമ്മകളുടെ ശാസ്ത്രീയ വിശകലനവുമായി ബന്ധ പ്പെട്ട പദങ്ങളും അവയുടെ പ്രത്യേകത കളും കുട്ടികൾ കണ്ടെത്തട്ടെ. സാങ്കേതി ക പദങ്ങൾക്കു പിന്നിലെ സങ്കല്പനം, അവ തമ്മിലുള്ള വ്യത്യാസം, പരിചയ പ്പെട്ട സാഹിത്യ സിനിമാഭാഗങ്ങളിലെ ക ഥാപാത്രങ്ങൾ ഇവയിലേതുതരം ഓർമ്മ യുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത് തുടങ്ങിയ കാര്യങ്ങളെപ്പറ്റി ക്ലാസിൽ ചർ ച്ചകൾ നടത്തുന്നത് ഉചിതമായിരിക്കും.

**വിവിധതരം ഓർമ്മകൾ**

ഇന്ദ്രിയാനുഭവ ഓർമ്മ
(SENSORY MEMORY)
ഛായാഗ്രഹണസമാന ഓർമ്മ
(PHOTOGRAPHIC MEMORY)
പ്രവർത്തന ഓർമ്മ
(WORKING MEMORY)
ആത്മകഥാപരമായ ഓർമ്മ
(AUTOGRAPHICAL MEMORY)
ഹ്രസ്വകാല ഓർമ്മ
(SHORT TERM MEMORY)
ദീർഘകാല ഓർമ്മ
(LONG TERM MEMORY)
പ്രതിബിംബ ഓർമ്മ
(ICONIC MEMORY)
മാറ്റൊലി ഓർമ്മ
(ECHOIC MEMORY)
തെളിഞ്ഞ ഓർമ്മ
(EIDETIC MEMORY)
സംഭവ സ്മരണ
(EPISODIC MEMORY)
ചെയ്തോർമ്മ
(IMPLICIT MEMORY)
വ്യക്തസ്മൃതി
(DECLARATIVE MEMORY)

**ഓർമ്മയും സാഹിത്യവും**

ചിറകുപൂട്ടുവാൻ കൂട്ടിലേയ്ക്കോർമ്മതൻ
കിളികളൊക്കെ പറന്നു പോകുന്നതും
(സന്ദർശനം: ബാലചന്ദ്രൻ ചുള്ളിക്കാട്)

ഓർമ്മകൾക്ക് വേരുകളുണ്ടായിരുന്നു. ശി ഖരങ്ങളും ചില്ലകളുമുണ്ടായിരുന്നു. ഓർ മ്മകൾ പൂക്കുകയും കായ്ക്കുകയും ചെ യ്യുമായിരുന്നു. ചിലപ്പോഴെങ്കിലും അവ തമ്മിൽ കലർന്ന് അന്നേവരെ ആരും കാ ണാത്ത അതിശയകരങ്ങളായ പുതുപു ഷ്പങ്ങളും പുത്തൻ കനികളും സൃഷ്ടി ക്കുന്നു. (മനുഷ്യന് ഒരു ആമുഖം: സു ഭാഷ് ചന്ദ്രൻ)

ചിറകുകൾ നനഞ്ഞൊലിക്കുമോർമ്മകൾ
കഴുമരത്തിന്മേൽ പറന്നിരിക്കുന്നു
(ജൂൺ: ബാലചന്ദ്രൻ ചുള്ളിക്കാട്)

ഓർമ്മകളുണ്ടായിരിക്കണം

ഒക്കെയും വഴിയോരക്കാഴ്ചകളായ്

പിറകിലേക്കോടിമറഞ്ഞിരിക്കാം

(സഫലമീയാത്ര, എൻ എൻ കക്കാട്)

ഏതെല്ലാം തരത്തിലാണ് ഓർമ്മകളുടെ സർഗാത്മകമായ ആവിഷ്കാരം സംഭവി ക്കുന്നതെന്ന കാര്യം കുട്ടികളുടെ ശ്രദ്ധ യിൽ വരേണ്ടതാണ്. ഓർമ്മയെ നേരി ട്ടു പരാമർശിക്കുന്ന നിരവധി സാഹിത്യ ഭാഗങ്ങളുമായി അവർ പരിചയപ്പെട്ടിട്ടു ണ്ട്. എഴുത്തുകാരുടെ വ്യക്തിഗതമായ ഓർമ്മകൾ, വായിക്കുന്നവരുടെ അനുഭ വത്തിന്റെ ഭാഗമാവുമ്പോഴാണ് ഓർമ്മക്കു റിപ്പെന്ന നിലയിൽനിന്ന് ഉയർന്ന് അവ സർഗസൃഷ്ടിയാവുന്നത്. ഒരേ അനുഭവ ത്തിന്റെ വ്യത്യസ്തമായ ആവിഷ്കാര ങ്ങൾ വായിച്ചുകൊണ്ടും (ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ചിദംബരസ്മരണകളും ക്ഷമാപണം, പിറക്കാത്ത മകന്, തുടങ്ങി




വിക്കി ലേഖനത്തിന്റെ മാതൃക

യ കവിതകളും, ലാത്തൂരിലെ ഭൂകമ്പത്തെക്കുറിച്ചുള്ള വാർത്തയും സുഭാഷ് ചന്ദ്രന്റെ ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം എന്ന കഥയും) കഥയ്ക്കു പിന്നിലെ കഥകളുടെ വിവരണങ്ങളും (മാതൃഭൂമി ഓണപ്പതിപ്പ് 2012) മുൻനിർത്തി ഇക്കാര്യം കൂടുതൽ വിശദീകരിക്കാം. ഓർമ്മയുടെ അനുഭവത്തെ പ്രമേയത്തിലും ആഖ്യാനത്തിലും അവതരിപ്പിക്കുന്ന മഞ്ഞ് സ്വർഗദൂതൻ, ഇനി ഞാൻ ഉറങ്ങട്ടെ രണ്ടാമൂഴം, സഫലമീയാത്ര, മരണം കനിഞ്ഞോതി, യാത്രാമുഖം, കയർ, അരനാഴികനേരം തുടങ്ങിയ സാഹിത്യകൃതികളിലെ ഭാഗങ്ങൾ വച്ചു കൊണ്ട് ചർച്ച ചെയ്യാവുന്നതാണ്. ഓർമ്മകളുടെ കേവലമായ വിവരണത്തിൽ നിന്ന് എന്തുമാറ്റമാണ് ആഖ്യാനങ്ങൾക്കുണ്ടായതെന്ന കാര്യം രേഖപ്പെടുത്തണം. അതുപോലെ സർഗാത്മകതയുടെ ഘട്ടങ്ങളും അപ്പോൾ ഓർമ്മകൾക്ക് വരുന്ന പരിണാമങ്ങളും പരിശോധിക്കാം.

### സർഗാത്മകതയുടെ ഘട്ടങ്ങൾ

1. തയാറെടുപ്പ്
2. ധ്യാനം /അടയിരിക്കൽ
3. ജ്ഞാനോദയം
4. പ്രശ്നപരിഹാരം

അനുഭവങ്ങളുടെ ആഖ്യാനത്തിലൂടെ എഴുത്തുകാരൻ എത്തിച്ചേരുന്ന ഉയർന്ന ചിന്താതലം സൃഷ്ടികളെ അപൂർവതയുള്ളതാക്കുന്നു എന്ന കാര്യം ഉൾക്കാഴ്ച, കാഴ്ചപ്പാട്, നിരീക്ഷണം, ദർശനം എന്നീ സങ്കല്പനങ്ങളുടെ വിശദീകരണത്തിലൂടെ വ്യക്തമാക്കാവുന്നതാണ്.

## കവിതയിലെ ജീവിതദർശനം

കവിക്കു ജീവിതദർശനം വേണമെന്നു പറയുമ്പോൾ അതും കവിതയുടെ ഘടകമാണോ എന്ന് ചിലർ ചോദിച്ചേക്കാം. അതെ, ഉത്കൃഷ്ടമായ കവിതയുടെ ഒരു ഘടകംതന്നെ. 'ഒരുസമ്പന്നമനസ്സിന്റെ അമൂല്യമായ ജീവരക്തമാണ് ഉത്തമകൃതിയായിത്തീരുന്നതെന്ന്' മിൽട്ടൺ പറഞ്ഞത് ഇക്കാര്യം സ്മരിച്ചുകൊണ്ടാവണം. എന്താണീ ജീവിതദർശനം? കവിതയിൽ അവിടവിടെ കാണുന്ന ചിന്താശകലങ്ങളാണോ? അതോ വാച്യമായ സന്ദേശങ്ങളാണോ? രണ്ടുമല്ല, കവിത വായിച്ചു കഴിയുമ്പോൾ കാവ്യാനുഭൂതിയുടെ അടിസ്ഥാനത്തിൽത്തന്നെ നമ്മിൽ ഉജ്ജ്വലിതമാകുന്ന ജീവിതബോധമാണ്. കവി നാം കണ്ടതിനേക്കാൾ കടന്നു കണ്ടു എന്നു നമുക്ക് തോന്നുന്നു. അഥവാ നമുക്ക് അസ്പഷ്ടവും അവ്യാകൃതവുമായിരുന്ന ചില വികാരസത്യങ്ങളെ കവി സ്പഷ്ടതരമാക്കി എന്നു തോന്നുന്നു. ചില കവിതകൾ വായിച്ചു കഴിയുമ്പോൾ ക്ഷണികമായ ഒരു രസം മാത്രമെ നമുക്കു ലഭിക്കുന്നുള്ളൂ. ചെവിയിൽ വീണു വറ്റുന്ന മാധുര്യബിന്ദുക്കൾ. മറ്റു ചിലതു വായിക്കുമ്പോൾ നമ്മുടെ സൗന്ദര്യബോധത്തെ പരിതൃപ്തമാക്കുന്നതോടൊപ്പംതന്നെ ജീവിതബോധത്തിന്റെ ചക്രവാളത്തെ വികസിപ്പിക്കുകയും ചെയ്യുന്നു. പറഞ്ഞുപഴകിയ ആശയങ്ങളുടെ തിരുകിക്കയറ്റൽ കൊണ്ടല്ല കവി ഇതു സാധിക്കുന്നത്. സന്ദർഭം കിട്ടിയാൽ കുറച്ച് 'അദ്വൈതം' കാച്ചിവിടുന്ന പതിവ് നമ്മുടെ നാട്ടിലെ നിരക്ഷരന്മാർക്കുപോലുമുണ്ട്. ചില കവികളും അതു ചെയ്യാറുണ്ട്. പക്ഷേ, അതുകൊണ്ടു മാത്രം ഒരു കവിയും തത്ത്വചിന്തകനാകുന്നില്ല. ജീവിതദർശനമെന്നു പറയുന്നത് തത്ത്വചിന്തയുമല്ല. ജിയുടെ 'അന്വേഷണ'ത്തിലോ വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകനിലോ' ചങ്ങമ്പുഴയുടെ 'ആ പൂമാല'യിലോ അടർത്തിയെടുക്കാവുന്ന തത്ത്വചിന്തയൊന്നുമില്ല. പക്ഷേ, അവ ഓരോന്നും അതതു കവികളുടെ ജീവിതദർശനത്തെ ഭാഗികമായെങ്കിലും ഉൾക്കൊള്ളുന്നതാണ്. ആ കവിതകൾ വായിച്ചു മനനം ചെയ്യുന്ന നമുക്കും ജീവിതത്തെപ്പറ്റി അല്പമൊരുൾക്കാഴ്ച ലഭിച്ചതായി തോന്നുന്നു.

ഈ ഉൾക്കാഴ്ച അറിവാണോ എന്ന ചോദ്യം ഈ സന്ദർഭത്തിൽ പ്രസക്തമാണ്. മേഘദൂതവും നളിനിയും അച്ഛനും മകളുമൊക്കെ നാം വായിക്കുന്നത് അറിവിനു വേണ്ടിയാണോ? തീർച്ചയായും അല്ല. പക്ഷേ അവയുടെ പാരായണത്തിലൂടെ നമുക്കൊരുതരം അറിവുണ്ടാകുന്നുണ്ട്. കാവ്യാനുശീലനപരവും ആലങ്കാരികവും അന്തർജ്ഞാനപരവും ആയ അവധാരണം അറിവുതന്നെ. എന്നാൽ ആ അറിവിനെ വസ്തുനിഷ്ഠമായി അളക്കാൻ സാധ്യമല്ല. അത് എല്ലാ അർത്ഥത്തിലും അമേയമാണ്.

(കാവ്യസ്വരൂപം: എസ്. ഗുപ്തൻ നായർ)

കൃഷിയുമായി ബന്ധപ്പെട്ട ബാല്യകാലത്തെ ഒരോർമ്മ, കവിതയിൽ കുടിയേറിയതെങ്ങനെ എന്നു വിവരിക്കുന്ന സച്ചിദാനന്ദന്റെ കുറിപ്പ് വായിക്കാം.

ഞങ്ങളെല്ലാവരും വളപ്പിലും വയലിലും പണിയെടുക്കുമായിരുന്നു. ആ പാഠങ്ങൾ ഞാൻ മറന്നിട്ടില്ല. തെങ്ങിന് തടമെടുക്കാ

നറിയാം. കാച്ചിലിനും കൂർക്കയ്ക്കും വെണ്ടയ്ക്കും വെള്ളരിക്കും കയ്പയ്ക്കും മത്തനും കുമ്പളത്തിനും ചേമ്പിനും മരച്ചീനിക്കും എങ്ങനെ വാരവും തടവും കോരണമെന്നുമറിയാം. കവിതയുടെ രൂപങ്ങളെക്കുറിച്ച് വിചാരിക്കുമ്പോൾ ഞാൻ ആ ആകൃതികൾ ഓർക്കാറുണ്ട്. അവയിൽ വളരുന്ന ചെടികളുടെയും വള്ളികളുടെയും പൂക്കളുടെയും ആകൃതികളും. ഞങ്ങളുടെ അഭിമാനബോധത്തിന്റെ അടിസ്ഥാനം മണ്ണുമായുള്ള ഈ ചങ്ങാത്തമാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

### സത്യവാങ്മൂലം

പണിയെടുത്തു തഴമ്പിച്ച കൈകളുള്ള
ഒരു കർഷകനായിരുന്നു എന്റെ അച്ഛൻ
കുട്ടിക്കാലത്തെന്നപോലെ അച്ഛന്റെ
കൂടെ ഇപ്പോഴും
ഞാൻ പുതുമണ്ണ് കിളച്ചുമറിക്കുന്നു : വചനങ്ങളുടെ.
എന്നെങ്കിലും ഈ മണ്ണിൽ മുളയെടുക്കുന്ന
പച്ചപ്പിന്റെ അടിയിലെവിടെയോ
എന്റെ ഉപ്പിന്റെ ഒരു തുള്ളിയുണ്ടായേക്കാം:
അതിലേറെ എന്താണു ഞാൻ
നിങ്ങൾക്ക്
വാഗ്ദാനം ചെയ്യുക കൂട്ടരേ,
വാഗ്ദാനങ്ങളാൽ നിരഹങ്കാരയാക്കപ്പെട്ട ഈ ഭൂമിയിൽ?

(സച്ചിദാനന്ദൻ: അനുഭവം ഓർമ്മ യാത്ര)

### പഠന പ്രവർത്തനം

**പ്രബന്ധരചന**

ഇവ മനസ്സിൽ വച്ചുകൊണ്ട് അനുഭവങ്ങളും ഓർമ്മകളും സാഹിത്യമായി പരിണമിക്കുന്നതിന്റെ വഴികൾ കുട്ടികൾ അന്വേഷിക്കട്ടെ. ഉചിതമായ കൃതികൾ കണ്ടെത്താനും വേണ്ട സഹായം നൽകണം. കണ്ടെത്തിയ കാര്യങ്ങൾ കുട്ടികൾക്ക് പ്രബന്ധമായി അവതരിപ്പിക്കാവുന്നതാണ്.

വിലയിരുത്തൽ :

- നേടിയ ആശയങ്ങളുടെ പ്രയോഗം
- ഉദാഹരണങ്ങളുടെ നൂതനത്വം
- മൗലികമായ കണ്ടെത്തലുകൾ
- സമഗ്രത

എന്നിവയുടെ അടിസ്ഥാനത്തിൽ പ്രബന്ധങ്ങളെ വിലയിരുത്താം

### പഠനനേട്ടം

ഓർമ്മകളും ഭൂതകാല അനുഭവങ്ങളും സാഹിത്യമായി പരിണമിക്കുന്നതിന്റെ വഴികളെക്കുറിച്ച് പ്രബന്ധം തയാറാക്കുന്നു.

**ഡോ. കെ. രാജശേഖരൻ നായർ**

നാഡീരോഗചികിത്സകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ പ്രശസ്തൻ. 1940 ഡിസംബർ 9 ന് ഡോ. ശൂരനാട്ടു കുഞ്ഞൻ പിള്ളയുടെയും സി.ഭഗവതി അമ്മയുടെയും മകനായി ജനിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസും ജനറൽ മെഡിസിനിൽ എം.ഡിയും ന്യൂഡൽഹിയിലെ

ഓൾ ഇന്ത്യാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽനിന്ന് ന്യൂറോളജിയിൽ ഡി.എം ബിരുദം. കോമൺവെൽത്ത് സ്കോളർഷിപ്പോടെ ഇംഗ്ലണ്ടിൽ ഉപരിപഠനം. ഗ്ലാസ്ഗോയിലെ റോയൽ കോളേജിൽ നിന്ന് ന്യൂറോളജിയിൽ ഫെല്ലോഷിപ്പ് കിട്ടിയ ഏക മലയാളി. 1982 മുതൽ 1996 വരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോളജി ഡയറക്ടർ, പ്രൊഫസർ ന്യൂറോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോളജി, ഇന്ത്യൻ എപ്പിലെപ്സി അസോസിയോഷൻ എന്നീ സംഘടനകളുടെ അദ്ധ്യക്ഷനായിരുന്നു.

കേരള ഗവൺമെന്റിന്റെ ഏറ്റവും പ്രഗല്ഭനായ ഡോക്ടർ എന്ന ബഹുമതി 1998 ൽ നേടി. നൂറ്റിയമ്പതിലേറെ ശാസ്ത്ര പ്രബന്ധങ്ങളും പത്തോളം നാഡീസംബന്ധമായ ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കൃതികൾ**

Charcot and his pupils, Despots, Diseases, Doctors and the destiny of Mankind, Perception of Vision, Topics in Neurosemantics, Death ഢ Before and Beyond, Evolution of Modern Medicine in Kerala, രോഗങ്ങളും സർഗ്ഗാത്മകതയും, വൈദ്യവും സമൂഹവും, മനസ്സിന്റെ ബന്ധങ്ങളും ശൈഥില്യങ്ങളും, സംസ്മൃതി, ഓർക്കാനുണ്ട് കുറേ ഓർമകൾ, ഒരു പുഴയുടെ കഥ (നോവൽ)

**സഹായകഗ്രന്ഥങ്ങൾ**

1. ഓർമ്മയുടെ തീരങ്ങളിൽ - തകഴി
2. ഓർമ്മകളുടെ പഗോഡ - യു എ ഖാദർ
3. ഓർക്കാനുണ്ട് കുറേ ഓർമ്മകൾ - ഡോ. കെ രാജശേഖരൻ നായർ
4. സംസ്മൃതി - ഡോ. കെ രാജശേഖരൻ നായർ
5. രോഗങ്ങളും സർഗാത്മകതയും - ഡോ. കെ രാജശേഖരൻ നായർ
6. ആലിസിന്റെ അദ്ഭുതരോഗം - ഡോ. ബി ഇക്ബാൽ
7. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - എഡി. ഡോ. കെ എം ജോർജ്ജ്
8. കൈരളിയുടെ കഥ - എൻ കൃഷ്ണപിള്ള
9. ആത്മകഥാസാഹിത്യം - ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
10. അനുഭവം ഓർമ്മ യാത്ര (സീരീസ്) - ഒലീവ് പബ്ലിക്കേഷൻസ്
11. ഓർമ്മ - മൾബറി ബുക്സ്
12. വരകൾ - നമ്പൂതിരി
13. നരിപ്പൂളച്ചി - കെ ഷെറീഫ്
14. കലയും കാലവും - ഡോ. കെ ഭാസ്കരൻ നായർ
15. അന്വേഷണങ്ങൾ കണ്ടെത്തലുകൾ - എൻ വി കൃഷ്ണവാര്യർ
16. ഇനിവായന ഇ വായന - വി കെ ആദർശ്
17. പരിണാമ സിദ്ധാന്തം : പുതിയ വഴികൾ കണ്ടെത്തലുകൾ - ഡോ. ജീവൻ ജോബ് തോമസ്
18. നാനോ ടെക്നോളജി - അൻവർ സാദത്ത്
19. ജ്ഞാനാത്മകമനശ്ശാസ്ത്രം - ഡോ. എൻ എം മുഹമ്മദലി

20. പുതിയ നൂറ്റാണ്ടിൽ പുതിയ ടെക്നോളജി - ആർ പി ലാലാജി

## ചോദ്യങ്ങൾ

(പൊതു പരീക്ഷയിലെ ചോദ്യങ്ങളുടെ മാതൃകയല്ല ചുവടെ നൽകിയ ചോദ്യങ്ങൾ. അവ ക്ലാസ് റൂം പ്രവർത്തനം മാത്രം ലക്ഷ്യമാക്കി നൽകുന്നതാണ്.)

1. തകഴിയുടെ 'പറിച്ചുനടീൽ', ദേവകീ നിലിയങ്ങോടിന്റെ 'യാത്ര-കാട്ടിലും നാട്ടിലും' പൊക്കുടന്റെ 'കണ്ടൽ കാടുകൾക്കിടയിൽ എന്റെ ജീവിതം' ഇവ മൂന്നും വ്യത്യസ്തരചനാരീതികൊണ്ട് ശ്രദ്ധിക്കപ്പെട്ട ആത്മകഥകളാണ്. ഇവയിലുപയോഗിച്ചിരിക്കുന്ന ഭാഷയുടെ സവിശേഷതകൾ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

   (സ്കോർ 8)

2. നഷ്ടബാല്യങ്ങളിലേക്കുള്ള തിരിച്ചുപോക്കാണ് 'മാതൃസന്നിധിയിൽ' - വിശദീകരിക്കുക. (സ്കോർ 6)

3. Night dream = നിശാസ്വപ്നം, രാത്രിസ്വപ്നം, രാക്കിനാവ്

   അന്യഭാഷാപദങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുമ്പോൾ വ്യത്യസ്തപദങ്ങൾ സ്വീകരിക്കാറുണ്ട്. മുകളിൽ കൊടുത്തിരിക്കുന്ന വിവർത്തന പദങ്ങളിൽ, കൂടുതൽ മിഴിവുള്ളത് ഏതിനാണ്. ഔചിത്യം വ്യക്തമാക്കുക. (സ്കോർ 4)

4. "അബ്രാഹ്മണോച്ഛിഷ്ടം ബ്രാഹ്മണനിഷിദ്ധം" എന്ന കർശനമായ നിയമം ഉണ്ടായിരുന്നു. അതുകൊണ്ട് ഇല്ലത്തുള്ളവരുടെ ഊണുകഴിഞ്ഞല്ലാതെ ഏതു മഹാനായാലും അയാൾ ഒരബ്രാഹ്മണനാണെങ്കിൽ മനക്കാർ വിളമ്പിക്കൊടുക്കുകയില്ല. വൈദ്യന്മാർ, ജ്യോത്സ്യന്മാർ, മന്ത്രവാദികൾ, ചാർച്ചക്കാരുടെ ദൗത്യംവഹിച്ചു വരുന്ന കാര്യസ്ഥന്മാർ, തുണക്കാർ, വിശേഷദിവസങ്ങളിൽ ക്ഷണിച്ചു വരുത്തുന്ന വിരുന്നുകാർ മുതലായ എല്ലാത്തരം വിജാതീയർക്കും മനക്കാരുടെ മട്ട് അറിയാവുന്നതുകൊണ്ട് അത് ഒരു അധർമ്മമായോ അനാദരവായോ ആരും കരുതിപ്പോരാറില്ല. 'പുറത്തേക്കു കൊടുക്കുക' എന്നാണ് ഇതിന് ഇല്ലങ്ങളിൽ ഉപയോഗിച്ചുവരുന്ന ശൈലി.
   (കണ്ണീരും കിനാവും - വി.ടി. ഭട്ടതിരിപ്പാട്)

   "ഓർമ്മപ്പെടുത്തൽ ഒരു സാമൂഹ്യ ദൗത്യം കൂടിയാണ്." കേരളത്തിലെ നവോത്ഥാന മുന്നേറ്റങ്ങളെ വ്യക്തമാക്കുന്നതല്ലേ ഈ വരികൾ. വിലയിരുത്തുക. (സ്കോർ 4)

5. തകഴിയുടെ ഓർമ്മക്കുറിപ്പുകളിൽ തന്റെ കാലത്തെ തൊഴിൽ, കൃഷി, വസ്ത്രധാരണം തുടങ്ങിയവയെക്കുറിച്ച് സൂചനകളുണ്ട്. വർത്തമാനകാലജീവിതത്തിൽ ഈ മേഖലകളിൽ ഏറെ മാറ്റങ്ങളുണ്ടായിട്ടുണ്ട്. വ്യത്യസ്തമേഖലകളിൽ ഉണ്ടായമാറ്റങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
   (സ്കോർ 6)

6. സിയാറ്റിലിൽ വളരെ പ്രസിദ്ധമായ ഒരു പുതിയ വീട്ടിൽ ഉള്ള സംവിധാനം രസകരമാണ്. അതിന്റെ ഒരു ഏകദേശരൂപം ഇതാ: വീട്ടിലേക്ക് വരുന്നവർ സംഗീതത്തെപ്പറ്റിയും കലാരൂപങ്ങളെപ്പറ്റിയും മറ്റുമുള്ള അവരുടെ അഭിരുചി പ്രവേശനകവാടത്തിനടു

ത്തുതന്നെ സ്ഥാപിതമായിട്ടുള്ള ഡിസ്പ്ലേയിൽ സൂചിപ്പിക്കാം. വെബ്ക്യാമറ പിടിച്ചെടുത്ത സന്ദർശകന്റെ ചിത്രം അതിലുണ്ടാവും. ഒപ്പം സ്വാഗത വചനങ്ങളും. സംഗീതത്തിന്റെ അഭിരുചി തിരഞ്ഞെടുക്കാനായി ചെറിയ ചിത്രങ്ങൾ പ്രത്യക്ഷപ്പെടും. എം.എസ്.സുബ്ബലക്ഷ്മിയുടെയും ഭീംസെൻ ജോഷിയുടെയും ഒക്കെ ചിത്രങ്ങൾ ഉണ്ടാകും. ഹിന്ദുസ്ഥാനി സംഗീതമാണ് ഇഷ്ടമെങ്കിൽ ജോഷിയെ തൊടാം. അതു കഴിഞ്ഞ് നൃത്തരൂപങ്ങൾ തിരഞ്ഞെടുക്കാം. കുടമാളൂരിന്റെയും പത്മാസുബ്രഹ്മണ്യത്തിന്റെയും മറ്റും ചിത്രങ്ങൾ ഉണ്ടാകും. കുടമാളൂരിനെ തൊട്ടാൽ നിങ്ങൾ കഥകളിപക്ഷക്കാരനാണെന്ന് കംപ്യൂട്ടറിന് മനസ്സിലാവും.

മുകളിൽ കൊടുത്തിരിക്കുന്നത് ഒരു ശാസ്ത്രലേഖനത്തിന്റെ ഭാഗമാണ്. ഗഹനമായ ശാസ്ത്രകാര്യങ്ങളെ ലളിതമായും രസകരമായും അവതരിപ്പിച്ചിരിക്കുകയാണിവിടെ. ഈ രീതിയിലുള്ള അവതരണം അഭികാമ്യമാണോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക. (സ്കോർ 6)

7. ഒരു സാധാരണ സഞ്ചാരിയുടെ കൗതുക കാഴ്ചാനുഭവങ്ങൾക്കുപരിയായുള്ള ചില അന്വേഷണങ്ങളാണ് 'മാതൃസന്നിധി'യെ വ്യത്യസ്തമാക്കുന്നത് - വിശകലനക്കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 6)

8. തകഴിയുടെ ഓർമ്മകൾ കേരളീയ കാർഷിക സംസ്കൃതിയുടെ അടയാളപ്പെടുത്തലുകളാണ്. 'കാർഷികരംഗത്തെ പാരമ്പര്യവും സാധ്യതകളും' എന്ന വിഷയത്തിൽ നടത്തുന്ന സെമിനാറിന് ആമുഖ പ്രഭാഷണം തയ്യാറാക്കുക. (സ്കോർ 8)

9. 'ചില ആത്മകഥകൾ വ്യക്തിയുടെ അനുഭവത്തിൽ ഊന്നി നിൽക്കുമ്പോൾ മറ്റ് ചിലത് സമൂഹത്തിന്റെ കഥകൾക്ക് പ്രാധാന്യം നൽകുന്നു.'

'സ്വന്തം അനുഭവവിവരണങ്ങൾക്കപ്പുറം താൻ ജീവിച്ച സമൂഹത്തെകൂടി വരച്ചിടുമ്പോൾ മാത്രമേ ആത്മകഥകൾ അർത്ഥവത്താകൂ.' ഈ ആശയങ്ങൾ മുൻനിർത്തി തകഴിയുടെ ആത്മകഥയെ വിശകലനം ചെയ്യുക.

(സ്കോർ 6)

10. 'തകഴിയുടെ കൃതികളുടെ വായന പൂർണ്ണമാകണമെങ്കിൽ അദ്ദേഹത്തിന്റെ ആത്മകഥകൂടി വായിക്കേണ്ടതുണ്ട്' - സർഗ്ഗാത്മകരചന അനുഭവങ്ങളും ഭാവനയും എന്ന വിഷയത്തിൽ നടന്ന ഒരു സെമിനാറിൽ ഉയർന്നുവന്ന അഭിപ്രായമാണിത്. നിങ്ങൾ ഈ വാദഗതിയോട് യോജിക്കുന്നുണ്ടോ? വ്യക്തമാക്കുക. (സ്കോർ 4)

യൂണിറ്റ് രണ്ട്

# കഥാമുദ്രകൾ

## ആമുഖം

### കഥയുടെ ഉദ്ഭവവും വളർച്ചയും

പത്തൊമ്പതാം നൂറ്റാണ്ടോടെ പാശ്ചാത്യ രാജ്യങ്ങളിൽ രൂപപ്പെട്ട സവിശേഷമായ സാഹിത്യരൂപമാണ് ചെറുകഥ. ലോകമെമ്പാടും പ്രചാരത്തിലുണ്ടായിരുന്ന വീരകഥകൾ (Legends) യക്ഷിക്കഥകൾ (Fairy tal), ജന്തുകഥകൾ (Fables), പുരാവൃത്തങ്ങൾ (Myths), സാരോപദേശകഥകൾ (Parables), അന്യാപദേശകഥകൾ (Allegories), നർമ്മകഥകൾ (Jests) എന്നിവയുടെ സ്വാധീനവും ചെറുകഥകളുടെ ഉത്ഭവത്തിനു പിന്നിലുണ്ട്. നഥാനിയേൽ ഹാതോൺ, വാഷിങ്ടൺ ഇർവിംഗ്, എഡ്ഗാർ അല്ലൻപോ, ഫ്ളോബേർ, മോപ്പസാങ്, ഗാഗോൾ, ചെക്കോവ്, ലൂയി സ്റ്റീവൻസൺ, ഒ. ഹെൻറി തുടങ്ങിയ എഴുത്തുകാരാണ് ലോകസാഹിത്യത്തിൽ കഥയ്ക്കു സ്വന്തമായൊരിടം സമ്മാനിച്ചത്. ഹാത്തോണിന്റെ Twice Told Tales എന്ന കഥാസമാഹാരത്തെക്കുറിച്ച് അല്ലൻപോ എഴുതിയ നിരൂപണത്തിൽ (1842) ചെറുകഥയുടെ പ്രത്യേകതകൾ വിശദീകരിച്ചിട്ടുണ്ട്. ഇതിവൃത്തം, ഭാഷാശൈലി, വികാരം, വിചാരം, ബിംബം എന്നിവ ചേർത്ത് തീവ്രമായ അനുഭൂതി നൽകണം, ഫലൈക്യം (unity of effect) അനിവാര്യമാണ്, കഥയുടെ ഘടനാപരമായ ഐക്യത്തിൽനിന്ന് (Organic Unity) വായനക്കാരന്റെ പ്രതികരണമുണ്ടാവണം. ഭാവസാന്ദ്രമാകണം (Lyric moment) എന്നിങ്ങനെ നിരവധി പ്രത്യേകതകൾ അല്ലൻപോ നൽകുന്നുണ്ട്. ആദ്യകാല കഥകളെ സംബന്ധിച്ചിടത്തോളം ഈ ഘടകങ്ങളെല്ലാം പാലിച്ചെഴുതിയവ വളരെ വിരളമാണ്. കേവല കൗതുകങ്ങളിലും നേരമ്പോക്കിനു ഉള്ള ഉപാധികളിലും അഭിരമിച്ചവരായിരുന്നു ഒന്നാംഘട്ടത്തിലെ ഭൂരിപക്ഷം കഥാകൃത്തുക്കളും.

നോവൽ, ഭാവകാവ്യം, സാഹിത്യവിമർശനം തുടങ്ങിയ സാഹിത്യരൂപങ്ങൾപോലെ മലയാള ചെറുകഥയും കൊളോണിയൽ സംസ്കാരത്തിന്റെ സൃഷ്ടിയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവരായിരുന്നു നമ്മുടെ ആദ്യകാല ചെറുകഥാകാരന്മാർ. പുതുതായി പരിചയപ്പെട്ട ഒരു മാധ്യമം പരീക്ഷിക്കുകയായിരുന്നു അവർ. പത്രമാസികകളുടെ പ്രചാരം ചെറുകഥയുടെ വളർച്ചയെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. കേസരി, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, എം.ആർ.കെ.സി., മൂർക്കോത്ത് കുമാരൻ, സി.എസ്. ഗോപാലപിള്ള തുടങ്ങിയവരുടെ കഥകൾ, ചെറുകഥ എന്ന മാധ്യമത്തിന് ഏറെ പ്രചാരമുണ്ടാക്കി. രസകരമോ സാങ്കൽപ്പികമോ അപരിചിതമോ ആയ സംഭവങ്ങളുടെ ആഖ്യാനമായിരുന്നു ആദ്യകാല കഥകൾ. വായനക്കാരെ ചിരിപ്പിക്കുകയോ വിസ്മ

യിപ്പിക്കുകയോ ആയിരുന്നു അവയുടെ മുഖ്യലക്ഷ്യം. ചുരുക്കം ചില കഥകളിൽ സാമൂഹ്യവിമർശനം കാണാൻ കഴിയുമെങ്കിലും ആഖ്യാനനിർവഹണം തന്നെയായിരുന്നു മുഖ്യം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ വന്ന സാമൂഹ്യവും രാഷ്ട്രീയവുമായ മാറ്റങ്ങൾ കേരളീയ ജീവിതത്തെയും സാഹിത്യത്തെയും സ്വാധീനിച്ചു. മനുഷ്യസമത്വത്തെക്കുറിച്ചുള്ള പുതിയ ബോധം സാമൂഹ്യമായ ഉണർവ്വുണ്ടാക്കി. കഥ സാമൂഹ്യവിമർശനത്തിനുള്ള ഒരു ഉപകരണമായി മാറി. സാമൂഹ്യനവോത്ഥാനം ചെറുകഥയുടെ രൂപ ഭാവങ്ങളിൽ ഗണ്യമായ മാറ്റങ്ങളുണ്ടാക്കിയതിനു തെളിവാണ്. വി.ടി., എം. ആർ.ബി., മൂത്തിരിങ്ങോട്ട് എന്നിവരുടെ രചനകൾ. തൊള്ളായിരത്തി മുപ്പതുകൾ ആകുമ്പോഴേക്കും ദേശീയവും സാർവദേശീയവുമായ സംഭവവികാസങ്ങൾ കേരളത്തിലെ സാമൂഹികജീവിതത്തിൽ അഭികാമ്യമായ ദിശാവ്യതിയാനം സൃഷ്ടിച്ചു. വൈദേശിക ഭരണം, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, വർഗപരമായ ചൂഷണം, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ തീവ്രമായ സാമൂഹ്യപ്രശ്നങ്ങൾ സാഹിത്യത്തിന്റെ പ്രമേയങ്ങളായി. തകഴി, കേശവദേവ്, ബഷീർ, പൊൻകുന്നം വർക്കി, ലളിതാംബിക അന്തർജ്ജനം, കാരൂർ, ഉറൂബ്, പൊറ്റെക്കാട്ട് തുടങ്ങിയവരുടെ കഥകൾ സാമൂഹ്യവിമർശനത്തിന് ഗണ്യമായ സംഭാവനകൾ നൽകുകയുണ്ടായി. വർത്തമാനകാല സാമൂഹ്യസങ്കീർണ്ണതകളെ വിമർശനാത്മകമായി ആവിഷ്കരിക്കുവാൻ ഉതകുന്ന ഒരു രൂപമായി ചെറുകഥയെ ഇവർ മാറ്റിത്തീർത്തു. ലോക സാഹിത്യത്തിൽ ഏറ്റവും പുതിയ പ്രവണതകളും മാതൃകകളും പരിചയപ്പെടുത്തുന്ന കേസരി എ. ബാലകൃഷ്ണപിള്ളയുടെ സാഹിത്യവിമർശനവും ഉപദേശനിർദ്ദേശങ്ങളും ഈ തലമുറയിലെ എഴുത്തുകാരെ ഏറെ സഹായിച്ചു. ഈ തലമുറയിൽ ഏറ്റവും സർഗ്ഗാത്മകമായ കഥകൾ രചിച്ചത് കാരൂരും ബഷീറുമായിരുന്നു. പിന്നീട് ചർച്ച ചെയ്യപ്പെട്ട ആധുനികതയുടെ പല ഘടകങ്ങളും ഇവരുടെ കഥകളിൽ കാണാം.

കോളോണിയൽ കാലത്ത് ജനിക്കുകയും സ്വാതന്ത്ര്യാനന്തരം എഴുതിത്തുടങ്ങുകയും ചെയ്തവരുടെ രചനകൾ, തൊട്ടുമുമ്പുള്ള തലമുറയിലെ കഥാകൃത്തുക്കളുടേതിൽ നിന്നുംതീർത്തും ഭിന്നമായിരുന്നു. കൂട്ടുകുടുംബത്തിലെ നിരാലംബത, സാമൂഹ്യനിരപേക്ഷമായ വ്യക്തിബോധം, ഏകാകിത തുടങ്ങിയവ പ്രമേയങ്ങളായി. എം.ടി., മാധവിക്കുട്ടി, ടി. പത്മനാഭൻ, എൻ.മോഹനൻ, രാജലക്ഷ്മി തുടങ്ങിയ എഴുത്തുകാരുടെ കഥകൾ ഈ അനുഭവങ്ങളാണ് ആവിഷ്കരിച്ചത്. പുതിയ നഗരജീവിതത്തെ കഥകളിൽ കൊണ്ടുവന്ന് രൂപപരമായ പല പരിഷ്കാരങ്ങൾ നടത്തി, വിപുലമായ വായനാലോകത്തെ സൃഷ്ടിക്കുവാൻ എം.ടിക്കും മാധവിക്കുട്ടിക്കും ടി. പത്മനാഭനും സാധിച്ചിട്ടുണ്ട്.

തൊള്ളായിരത്തി അറുപതുകളാകുമ്പോഴേക്കും അസ്തിത്വവാദത്തോട് ആഭിമുഖ്യം പുലർത്തിയ ഒരു കൂട്ടം എഴുത്തുകാർ (എം. മുകുന്ദൻ, കാക്കനാടൻ, ഒ. വി. വിജയൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, എം.പി. നാരായണപിള്ള, സേതു) നവീനമായ ഒരു ഭാവുകത്വം കഥാസാഹിത്യത്തിൽ ഉണ്ടാക്കി. ദാർശനികഭാരം കൊണ്ട് കഥകൾ സങ്കീർണ്ണമായതും ഭാവകേന്ദ്രത്തിലേക്ക് വലിഞ്ഞുമുറുകിയ കഥാ

ശില്പങ്ങൾ സ്ഫോടനാത്മകമായതും ആധുനികതയുടെ പ്രത്യേകതയും പരിമിതിയുമായി. ജീവിതത്തിന്റെ സാമാന്യ പ്രശ്നങ്ങളിൽ നിന്ന് സാഹിത്യത്തെ അകറ്റി, ശുദ്ധകലാവാദപരമായ ദൗത്യം പുലർത്തിപ്പോന്നിരുന്ന ആധുനികത ഒരു പ്രസ്ഥാനമെന്ന നിലയിൽ ഏറെ വിമർശിക്കപ്പെട്ടു.

പട്ടത്തുവിള, എം. സുകുമാരൻ, യു. പി. ജയരാജ് തുടങ്ങിയവരാകട്ടെ രാഷ്ട്രീയമായ ആധുനികതയുടെ വക്താക്കളായി ചരിത്രവും രാഷ്ട്രീയവും കഥാവിഷയമായി സ്വീകരിച്ചു. സാമൂഹ്യപ്രതിബദ്ധതയും വർഗപരമായ ആഭിമുഖ്യവും പ്രകടിപ്പിക്കുന്നതായിരുന്നു ഇക്കാലത്തെ കഥകൾ.

കഥാനിരൂപണം സർഗാത്മക പ്രക്രിയയായി വളർന്നത് ആധുനികതയുടെ കാലത്താണ്. കെ.പി. അപ്പൻ, വി. രാജകൃഷ്ണൻ നരേന്ദ്രപ്രസാദ് ഉൾപ്പെടെയുള്ള വിമർശകർ ഭാഷയിലും കഥകളെ വിലയിരുത്തുന്നതിലും നവീനത സൃഷ്ടിച്ചു.

ജീവിതത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുന്ന രചനകളാണ് ആധുനികോത്തര ഘട്ടത്തിൽ രചിക്കപ്പെട്ടത്. ആധുനികരുടെ ദർശനങ്ങളെ അപ്രസക്തമാക്കുന്നതും തിരസ്കരിക്കുന്നതുമായ രാഷ്ട്രീയ സാമൂഹ്യ പരിതഃസ്ഥിതികൾ എൺപതുകളിൽ രൂപപ്പെട്ടു. എഴുത്തുകാരൻ പ്രവാചകനോ പ്രക്ഷോഭകാരിയോ അല്ല; കാലത്തിന്റെ അനന്ത വൈചിത്ര്യങ്ങൾ വ്യത്യസ്തമായി ആവിഷ്കരിക്കുന്നവനാണ്.

ഭാഷയിലും ശില്പത്തിലും നവീനമായ ജീവിതാനുഭവത്തിന്റെ ഊഷ്മളതയിലും ആധുനികാനന്തരകഥകൾ വേറിട്ട അനുഭവങ്ങളായി മാറുന്നു. എൻ. പ്രഭാകരൻ, സി.വി. ബാലകൃഷ്ണൻ, ടി.വി കൊച്ചുബാവ, എൻ.എസ്. മാധവൻ, സക്കറിയ, അക്ബർ കക്കട്ടിൽ, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, ഇ. സന്തോഷ്കുമാർ, ആർ ഉണ്ണി, കെ.ആർ.മീര, എസ്. സിതാര, സന്തോഷ് ഏച്ചിക്കാനം, സുഭാഷ്ചന്ദ്രൻ തുടങ്ങിയ കഥാകൃത്തുകൾ സക്രിയമാക്കുന്ന ആധുനികോത്തര-ആധുനികാനന്തര കഥാലോകം ജീവിതത്തെയും കാലത്തെയും സൂക്ഷ്മമായിത്തന്നെ പിന്തുടരുന്നുണ്ട്. കഥയുടെ കരുത്ത് ഉദ്ഘോഷിക്കുന്ന വൈവിധ്യം നിറഞ്ഞ നിരവധി രചനകൾ സമകാലിക കഥയിലുണ്ട്. ആഖ്യാനത്തിന്റെയും പ്രമേയത്തിന്റെയും മേഖലകളിൽ മുമ്പില്ലാത്ത സ്വാതന്ത്ര്യം സാഹിത്യവ്യവഹാരത്തിനും സാധ്യമാവുന്നു എന്നതാവാം ഇതിനു കാരണം.

മലയാള ചെറുകഥയുടെ ശക്തിസൗന്ദര്യങ്ങൾ സാക്ഷ്യപ്പെടുത്തുന്ന മൂന്നു കഥകളും ഒരു കഥാനിരൂപണവും ഉൾപ്പെടുന്നതാണ് 'കഥാമുദ്രകൾ' എന്ന ഈ ഖണ്ഡം. നവോത്ഥാനകഥയുടെ ദീപ്തമാതൃക എന്നു വിശേഷിപ്പിക്കാവുന്ന കാരൂർ നീലകണ്ഠപിള്ളയുടെ മോതിരം, ആധുനിക ജീവിതാവസ്ഥയുടെ സങ്കീർണ്ണതകളും വ്യാകുലതകളും സ്വാംശീകരിച്ച മാധവിക്കുട്ടിയുടെ 'പക്ഷിയുടെ മണം', ആധുനികോത്തര ആഖ്യാനങ്ങളുടെ പ്രത്യേകതയുള്ള സുഭാഷ്ചന്ദ്രന്റെ 'അമേരിക്ക' എന്നീ കഥകളുടെ പഠനം നവോത്ഥാനം തൊട്ട് ആധുനികോത്തരത വരെയുള്ള കാലത്തെക്കുറിച്ച് സമഗ്രമായ ധാരണകളുണ്ടാക്കും. ആസ്വാദനത്തിൽ നിന്ന് അപഗ്രഥനത്തിലേക്കും അനുഭൂതികളിൽ നിന്ന് അനുഭവപാഠങ്ങ

ളിലേക്കുമുള്ള വികാസപരിണാമങ്ങൾ സാഹിത്യപഠനത്തെ ഗൗരവപ്പെട്ട ഒരു പ്രക്രിയയാക്കി മാറ്റും. എം. മുകുന്ദന്റെ 'ഫോട്ടോ' ആസുരമായ ഒരു കാലത്തിന്റെ ഉയിരെഴുത്താണ്. 'കണ്ണാടിയിലും വർത്തമാന പത്രത്തിലും വിശ്വസിക്കുമ്പോൾ' എന്ന കെ.പി. അപ്പന്റെ നിരൂപണം കഥാപഠനത്തോടൊപ്പം കഥയുടെ സാധ്യതകളിലേക്ക് വെളിച്ചം പരത്തുന്നു. കലാസൃഷ്ടിയുടെ ആസ്വാദനവും ജീവിതാവസ്ഥയിലൂന്നിയുള്ള വിലയിരുത്തലുകളും പുതിയ അവബോധങ്ങളുണർത്തുന്നു.

കഥകളോ നിരൂപണങ്ങളോ ഓരോന്നായി ക്ലാസ്സിൽ വായിച്ച് നേരിട്ട് അർത്ഥമോ കഥാവസ്തുവോ വിശദീകരിക്കുന്നതിനേക്കാൾ വ്യക്തിപരമായും സംഘമായും സാഹിത്യ പ്രസ്ഥാനത്തെ സമഗ്രമായി തിരിച്ചറിയുന്ന പ്രവർത്തനങ്ങളാണ് അനിവാര്യം.

## പാഠവിശകലനം

### പക്ഷിയുടെ മണം

ആയിരത്തി തൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിലും അറുപതുകളിൽ പൂർണ്ണമായും രൂപപ്പെട്ട ആധുനികതയുടെ തികഞ്ഞ കഥാ മാതൃകയാണ് മാധവിക്കുട്ടിയുടെ 'പക്ഷിയുടെ മണം.' കല്യാണി, കോലാട്, മീനാക്ഷിയേടത്തി, കാലിച്ചന്ത, നെയ്പായസം തുടങ്ങിയ കഥകളിൽ സ്ത്രീകളനുഭവിക്കേണ്ടിവരുന്ന വിവിധതരം ചൂഷണങ്ങളും പീഡനങ്ങളും മാധവിക്കുട്ടി ആർജ്ജവത്തോടെ ചിത്രീകരിച്ചിട്ടുണ്ട്. 'പക്ഷിയുടെ മണം' പല മാനങ്ങളുമുള്ള ഒരു കടങ്കഥയാണ്. ഒരു പരസ്യം കണ്ടിട്ട് ജോലിക്കപേക്ഷയുമായി കൊൽക്കത്തയിലെ തൊഴിൽശാലയിലേക്കു പുറപ്പെട്ട നായിക, വഴിയന്വേഷിച്ച് Dying എന്ന ബോർഡ് തൂക്കിയ ഒരു മുറിയിലാണെത്തുന്നത്. അവിടെയിരുന്നു തളർന്നു മയങ്ങിയ അവൾ കണ്ണുതുറന്നപ്പോൾ കണ്ടത് ഒര പരിചിതനെയാണ്. സുഖമായി മരണം ഏർപ്പെടുത്തിക്കൊടുക്കുന്ന ഇടമാണതെന്നുള്ള അയാളുടെ വിശദീകരണം അവളെ ഭീതിദയാക്കുന്നു. പണ്ട് കിടപ്പുമുറിയിൽ വന്നുപെട്ട ഒരു പക്ഷിയെ ഷൂസിട്ട കാലുകൊണ്ട് ചവിട്ടി അരച്ചുകളഞ്ഞ അനുഭവവിവരണത്തിലൂടെ മരണത്തിന്റെ മണം എന്തെന്ന് അയാൾ ചോദിക്കുന്നു. വാതിൽ തുറന്നു പുറത്തുപോകുവാനായി ലിഫ്റ്റിൽ കയറി സ്വിച്ചമർത്തിയപ്പോഴാണ്, അത് കേടുവന്നതാണെന്നറിഞ്ഞത്. തകർച്ചയുടെ സ്വരത്തോടെ ഉയർന്ന ലിഫ്റ്റിൽ അവൾ കുടുങ്ങുകയാണ്. പക്ഷിയുടെ മണം മരണത്തിന്റെ മണമായി രൂപാന്തരപ്പെടുകയാണ്.

കഥയിൽ "Dying' എന്ന വാക്കിന്റെ ദ്വയാർത്ഥപ്രയോഗം മുകളിൽ സൂചിപ്പിക്കുകയുണ്ടായി. അതോടൊപ്പം തുണിക്കു ചായം ചേർക്കൽ എന്നതുപോലെ തന്നെ മരണവും ഒരു കലയാണ് എന്ന സൂചന ഇതിലടങ്ങിയിട്ടുണ്ട്. ഒരു കലാകാരന്റെ ഏകാഗ്രമായ അർപ്പണബുദ്ധിയോടുകൂടിയാണ് ചെറുപ്പക്കാരൻ നായികയ്ക്കു തന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചുകൊടുക്കുന്നത്. അയാളുപയോഗിക്കുന്ന മാസ്മരഭംഗി കലർന്ന രൂപകങ്ങൾ ഒരു കവിയുടെ സങ്കൽപ്പത്തിൽ മാത്രം ഉദിക്കുന്നവയാണ്. ഈ ചെറുകഥ പ്രസിദ്ധീകരിച്ച കാലയളവിൽ ആത്മഹത്യ ചെയ്ത സിൽവിയാ പ്ലാത്തിന്റെ

അലൗകിക സൗന്ദര്യം കലർന്ന അനുധ്യാനങ്ങളാണോ ഈ ആശയത്തിനു പിന്നിലുള്ള പ്രേരണ? പ്ലാത്തിന്റെ "Dying is an art" ഇംഗ്ലീഷ് കവയിത്രി കൂടിയായ മാധവിക്കുട്ടിയെ വേട്ടയാടാനിടയുണ്ട്.

ചെറുകഥയെ കവിതയോടടുപ്പിച്ച ഒരു തലമുറയുടെ പ്രതിനിധിയായിട്ടാണ് മാധവിക്കുട്ടി അറിയപ്പെടുന്നത്. ആ കരവിരുത് "പക്ഷിയുടെ മണം"ത്തിന്റെ രൂപസംവിധാനത്തിലാകെ കാണാം. ഒരു കേന്ദ്രബിംബത്തെ വലം ചുറ്റി, മിതത്വം സ്ഫുരിക്കുന്ന പദങ്ങളുടെയും പ്രതിമാനങ്ങളുടെയും വിന്യാസത്തിലൂടെ സൂക്ഷ്മവേഗത്തിൽ ലക്ഷ്യത്തിലണയുന്ന ഈ ചെറുകഥയുടെ വൈകാരിക ഘടന ഒരു ഭാവഗാനത്തിന്റെ ഏകതാന വിശുദ്ധി പുലർത്തുന്നു. ചില പ്രത്യേക വർണങ്ങളുടെ ആവർത്തിച്ചുള്ള ഉപയോഗം കൂടി ഇവിടെ സാക്ഷാത്കരിച്ചിട്ടുള്ള ഭാവനാരീതിയുടെ ഭാഗമാണ്.

നഗരജീവിതത്തെ നിരവധി കഥകളിൽ ആഖ്യാനം ചെയ്ത കഥാകാരി പക്ഷിയുടെ മണത്തിലൂടെ അപരിചിതവും ഭയാനകവുമായ അന്തരീക്ഷമായാണ് നഗരത്തെ കൊണ്ടുവരുന്നത്. ഏഴുനിലകളും ഇരുന്നൂറിലധികം മുറികളും ഏറെ വരാന്തകളും ലിഫ്റ്റുകളുമുള്ള തിരക്കുള്ള ഒരിടം. കഥാനായികയുടെ ശാരീരികമായ മരണമല്ല, മരണവുമായി മുഖത്തോടുമുഖമുള്ള അവളുടെ കൂടിക്കാഴ്ചയാണ് ഏറ്റവും പ്രധാനമായ വിഷയം. ദുരന്തം എത്രത്തോളം ലളിതവും ലഘുവുമായി ചിത്രീകരിക്കപ്പെടുന്നുവോ അത്രത്തോളം ദുരന്തത്തിന് ആഴക്കൂടുതൽ അനുഭവപ്പെടുന്നു. ബിംബകല്പനയിലും ആഖ്യാനത്തിലും പുലർത്തുന്ന ശ്രദ്ധയും പ്രധാനമാണ്. സമകാലികരായ എം.ടി., ടി. പത്മനാഭൻ എന്നിവരുടെ കഥകളിൽനിന്നും ഭിന്നമായൊരു രചനാതന്ത്രവും ഭാഷയും മാധിക്കുട്ടിക്കുണ്ടെന്ന് ഈ കഥ രേഖപ്പെടുത്തുന്നുണ്ട്. എം.പി. നാരായണപിള്ള , എം.മുകുന്ദൻ, കാക്കനാടൻ, ഒ.വി. വിജയൻ, പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു തുടങ്ങിയ കഥാകൃത്തുക്കളുടെ അസ്തിത്വഭാവാധിഷ്ഠിതവും അന്യവല്ക്കരണവിധേയവുമായ കഥകൾ ഇതിന്റെ തുടർച്ചയായി കാണാവുന്നതാണ്.

മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതതൃഷ്ണകളെ പ്രതിഫലിപ്പിക്കുന്ന മാധ്യമമെന്ന നിലയിൽ എക്കാലത്തും ജനപ്രീതിയാർജ്ജിച്ച സാഹിത്യരൂപമാണ് കഥ. മാറി വരുന്ന ജീവിത സന്ദർഭങ്ങളുടെ ഗതിവേഗങ്ങൾക്കും സങ്കീർണ്ണതകൾക്കുമനുസരിച്ച് കഥയുടെ ആഖ്യാനത്തിലും രൂപശില്പത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ മോതിരം, പക്ഷിയുടെ മണം, ഫോട്ടോ, അമേരിക്ക തുടങ്ങിയ കഥകളിൽ പ്രത്യക്ഷത്തിൽ തന്നെ കണ്ടറിയാം. ചെറുകഥകളുടെ വിശകലനം ശ്രദ്ധയോടെയും സൂക്ഷ്മതയോടെയും നിർവ്വഹിക്കേണ്ട ഒന്നാണ്.

- രചനാകൗശലം
- ഇതിവൃത്തം
- ആഖ്യാനരീതി
- ബിംബകല്പന
- കാഴ്ചപ്പാട്

തുടങ്ങിയവ പരിഗണിച്ചുകൊണ്ട് കഥകളെ വിലയിരുത്താം.

## പ്രവേശക പ്രവർത്തനം

പല കാലങ്ങളിലായി രചിക്കപ്പെട്ടതോ വാമൊഴി വഴക്കത്തിലൂടെ പ്രചരിപ്പിക്കപ്പെട്ടതോ ആയ തനിമയും വ്യത്യസ്തതയുമുള്ള മൂന്നോ നാലോ ഹ്രസ്വകഥകൾ ക്ലാസിൽ വിതരണം ചെയ്യുന്നു. (വ്യത്യസ്ത ഗ്രൂപ്പുകളിൽ) കഥാവായന ആകർഷകമായ ഭാവാത്മകത; സ്ഫുടതയോടെ കഥ വായിക്കുന്നു മുതലായ വിലയിരുത്തൽ സൂചകങ്ങളാകാം.

കഥകളിൽ ഏതാണ് കൂടുതൽ ആകർഷകമായി തോന്നിയത്? കാരണമെന്ത്?

കഥയുടെ ഇതിവൃത്തത്തിന്റെ സവിശേഷത എന്ത്?

സംഭവങ്ങളാണോ കഥാപാത്രങ്ങളാണോ ഭാഷയുടെ മിഴിവാണോ നിങ്ങളെ ആകർഷിച്ചത്? കുട്ടികൾ വിശദീകരിക്കട്ടെ.

അവതരണ രീതിയുടെ അടിസ്ഥാനത്തിൽ കഥകൾ തമ്മിലുള്ള വ്യത്യസ്തത എന്താണ്? ചർച്ച

ചർച്ചയിൽ ഉയർന്നുവരുന്ന നിരീക്ഷണങ്ങളിൽ പ്രധാനമായവ രേഖപ്പെടുത്താൻ പഠിതാക്കളോട് ആവശ്യപ്പെടുന്നു.

പൊതു ചർച്ചയ്ക്കുശേഷം പഠിതാക്കൾ ഗ്രൂപ്പുകളായി തിരിയുന്നു. സൂക്ഷ്മമായി കഥകൾ വിശകലനം ചെയ്യട്ടെ.

## പ്രവർത്തനം –2

നിർദിഷ്ട കഥകളിലേതെങ്കിലുമൊന്നിനെക്കുറിച്ച് ഓരോ ഗ്രൂപ്പും നടത്തിയ കണ്ടെത്തലുകൾ പ്രബന്ധരൂപത്തിൽ അവതരിപ്പിക്കുന്നു.

### കാരൂർ നീലകണ്ഠപിള്ള

1898 ഫെബ്രുവരി 22 ന് ഏറ്റുമാനൂരിൽ ജനനം. അച്ഛൻ നീലകണ്ഠപിള്ള, അമ്മ കുഞ്ഞിനീലിയമ്മ. ഏറ്റുമാനൂർ മലയാളം സ്കൂളിൽ വിദ്യാഭ്യാസം. ഏഴാംക്ലാസ് പാസായതിനുശേഷം സർക്കാർ സ്കൂളിൽ അധ്യാപകനായി. ജോലിയിലിരിക്കെ മലയാളം ഹയർ പരീക്ഷയിൽ പ്രശസ്ത വിജയം നേടി.

'ഭൃത്യവാത്സല്യം' ആദ്യത്തെ ചെറുകഥ. 1932 മുതൽ തുടർച്ചയായി എഴുതി. കണ്ടഷൻ എന്ന തൂലികാ നാമത്തിലായിരുന്നു ആദ്യകാലത്ത് എഴുതിയത്. മലയാള കഥയിലെ മികച്ച രചനകളായ മരപ്പാവകൾ, മോതിരം, പൂവമ്പഴം തുടങ്ങി അഞ്ഞൂറിലധികം കഥകൾ. 'ഗൗരി, ഹരി, പഞ്ഞിയും തുണിയും എന്നീ നോവലുകൾ. പത്തോളം ബാലസാഹിത്യ ഗ്രന്ഥങ്ങൾ. 1959 ലും 1968 ലും കേരള സാഹിത്യ അക്കാദമി അവാർഡു ലഭിച്ചു.

1975 സെപ്തംബർ 30 ന് അന്തരിച്ചു.

പ്രമേയം, അവതരണ രീതി, ഭാഷാപരമായ സവിശേഷതകൾ, കഥാപാത്ര സൃഷ്ടി എന്നിവ സംബന്ധിച്ച സാമാന്യ നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നു.

**'മോതിരം' - ചെറുകഥ - കാരൂർനീലകണ്ഠപിള്ള**

## പാഠാപഗ്രഥനം

ചെറുകഥയെ ശക്തമായ ജീവിതഭാഷ്യമാക്കിത്തീർത്തവരാണ് നവോത്ഥാന കാഥികർ. കേശവദേവും തകഴിയും ബഷീറും ഉറൂബും പൊൻകുന്നം വർക്കിയും പൊറ്റെക്കാട്ടും ലളിതാംബികാ അന്തർജ്ജനവും കാരൂരും സാമൂഹ്യ പരിഷ്കരണ വ്യഗ്രതയോടെയും വൈയക്തികാനുഭവങ്ങളോടെയും സമീ

പിച്ചതിനാൽ ചെറുകഥ ജനകീയമായ സാഹിത്യരൂപമായിമാറി. 'മരപ്പാവകൾ', 'ഉതുപ്പാന്റെ കിണർ', 'ചെകുത്താൻ', 'പൊതിച്ചോറ്', 'ചുടലത്തെങ്ങ്', 'മോതിരം' തുടങ്ങിയവയിലൂടെ മനുഷ്യ മനസ്സിന്റെ കാണാപ്പുറങ്ങൾ കണ്ടെത്തിയ കഥാകാരനാണ് കാരൂർ. ഇതര കഥകളിൽനിന്നും 'മോതിരം' വ്യതിരിക്തമാകുന്നത് സ്ത്രീപുരുഷ, ബന്ധങ്ങളുടെ നിഗൂഢതലങ്ങളിലേക്കുള്ള സഞ്ചാരമെന്ന നിലയിലാണ്. 'പൊതിച്ചോറ്' പോലുള്ള രചനകളിൽ കാണുന്ന സാമൂഹികതയ്ക്കൊപ്പം നവോത്ഥാനകാല വൈയക്തികാനുഭവങ്ങളെ ഹൃദ്യവും തീവ്രവുമായി അവതരിപ്പിച്ചിട്ടുണ്ടെന്ന് 'മോതിരം' സാക്ഷ്യപ്പെടുത്തുന്നു. കുഞ്ചുവമ്മാവൻ എന്ന പഴയ ആനക്കാരനും കുഞ്ഞിക്കാവമ്മ എന്ന വിധവയും തമ്മിലുള്ള സവിശേഷമായ ഹൃദയബന്ധത്തിന്റെ കഥയാണ് മോതിരം. മിതത്വമാർന്ന ശൈലിയിലൂടെ ഒട്ടും പ്രകടനപരതയില്ലാതെ കാലത്തെയും സന്ദർഭത്തെയും കാരൂർ സംഗ്രഹിക്കുന്നു. നവോത്ഥാന തലമുറയിലെ വലിയ കലാകാരനാണ് അദ്ദേഹം എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. നവോത്ഥാന കഥയുടെ പ്രാതിനിധ്യമെന്ന നിലയിൽ 'മോതിരം' ഉദാത്തമായ ഒരു കഥാനുഭവമാണ്. ബഷീർ (ജന്മദിനം, പൂവമ്പഴം, തേന്മാവ്) തകഴി (വെള്ളപ്പൊക്കത്തിൽ, പട്ടാളക്കാരൻ) അന്തർജ്ജനം (മനുഷ്യപുത്രി, മൂടുപടത്തിൽ, പ്രതികാരദേവത) പൊൻകുന്നം വർക്കി (ശബ്ദിക്കുന്ന കലപ്പ, ഇടിവണ്ടി, നിഷേധി) കേശവദേവ് (പ്രതിജ്ഞ, ഗുസ്തി, സ്ത്രീധനം) പൊറ്റെക്കാട്ട് (നദീതീരത്തിൽ, അന്തകന്റെ തോട്ടി, ടൈംപീസിന്റെ കഥ) ഉറൂബ് (രാച്ചിയമ്മ, വെളുത്തകുട്ടി, പടച്ചോന്റെ ചോറ്) തുടങ്ങിയ നവോത്ഥാന കഥാകൃത്തുകളെയും കഥകളെയും കാരൂർ കഥകളുമായി ചേർത്തു പഠിക്കുവാനും പരിചയപ്പെടുവാനും മൂല്യാധിഷ്ഠിത രചനകളുടെ സവിശേഷതകൾ തിരിച്ചറിയുവാനും 'കഥാമുദ്രകൾ' അവസരം നൽകുന്നു.

'കുഞ്ചുവമ്മാവൻ എഴുപത്തിനാലാം പിറന്നാൾ ദിവസമാണ് മരിച്ചത്' എന്ന വാചകത്തിൽ തുടങ്ങുന്ന 'മോതിരം' കുഞ്ചുവമ്മാവന്റെ ഭൂതകാല ജീവിതത്തിലേക്ക് കടന്നുപോകുന്നു. അമ്പാടി മനയ്ക്കലെ ആനക്കാരനായി അയാൾ വന്നതും അകലെനിന്ന് കൊതിയോടെ കുഞ്ഞിക്കാവമ്മയെ നോക്കിക്കണ്ടതും പിന്നീട് ജീവിത സായാഹ്നത്തിൽ രണ്ടുപേരും തനിച്ചായതും പരസ്പരം മനസ്സറിഞ്ഞ് അറിഞ്ഞുതുടങ്ങുന്നതുമെല്ലാം കഥയിൽ ആഖ്യാനം ചെയ്യപ്പെടുന്നു. ഒരു വലിയ കാലം ഈ കഥയിൽ നിവർന്നു കിടക്കുന്നുണ്ട്. ഭൂതകാലത്തിൽ ആരംഭിച്ച് കുഞ്ചുവമ്മാവന്റെ മരണത്തിലെത്തി അവിടെയും അവസാനിക്കാതെ മരണാനന്തരം മോതിരത്തെക്കുറിച്ച് മറ്റുള്ളവർ അന്വേഷിക്കുന്നിടത്താണ് കഥ എത്തിച്ചേരുന്നത്.

മോതിരം യഥാർത്ഥത്തിൽ ഈ കഥയിൽ ആത്മീയ പ്രണയത്തിന്റെ മുദ്രയാണ്. പ്രണയികളുടെ മനസ്സിൽ അത് ശാശ്വത രഹസ്യമായി സൂക്ഷിക്കപ്പെടുന്നു. കൊതിയും ദുരയുമുള്ള ബാഹ്യലോകവും സ്നേഹത്തിന്റെ ആത്മീയലോകവും തമ്മിലുള്ള വൈരുദ്ധ്യം ഇവിടെ കാണാം. പ്രത്യക്ഷത്തിൽ ഒരു പ്രണയകഥയെന്ന് മോതിരത്തെ വിശേഷിപ്പിക്കാൻ കഴിയില്ല. പ്രകടമായ പ്രേമ

ത്തിന്റെ അലങ്കാരങ്ങളൊന്നും കഥാകൃത്ത് കഥയിലേക്കു കൊണ്ടുവരുന്നില്ല. ഹൃദയത്തിൽ രഹസ്യമായി സൂക്ഷിച്ചു വെച്ച അനുരാഗമാണ് കുഞ്ഞിക്കാവമ്മയുടെയും കുഞ്ചുവമ്മാവന്റെയും വാർധക്യകാലത്ത് പുറത്തുചാടുന്നത്.

അമ്പാടി മനയ്ക്കലെ തുപ്പൻ നമ്പൂതിരിയുടെ മൂന്നാം വേളിയായിരുന്നു കുഞ്ഞിക്കാവമ്മ. അപ്രതീക്ഷിതമായാണ് അവിടത്തെ ആനക്കാരനായി കുഞ്ചുവമ്മാവൻ എത്തിച്ചേരുന്നത്. കാലം കഴിഞ്ഞപ്പോൾ കുഞ്ഞിക്കാവമ്മ വിധവയായി. പിന്നെയും കാലം മുന്നോട്ടുപോയപ്പോൾ കുഞ്ചുവമ്മാവന്റെ ഭാര്യയും മരിച്ചു. വിവിധ ഘട്ടങ്ങളിലായി കുഞ്ഞിക്കാവമ്മ കുഞ്ചുവമ്മാവനെ സന്ദർശിക്കുന്നു. അതൊരു വലിയ ഹൃദയബന്ധമായി വളരുന്നു. ഇരുവരുടെയും ഓർമ്മകളിലൂടെയാണ് ഭൂതകാലസംഭവങ്ങൾ ആഖ്യാനം ചെയ്യപ്പെടുന്നത്. പതുക്കെ അവരുടെ മനസ്സും ശരീരവും അടുക്കുന്നതിന്റെ സൂചനകൾ കഥാകൃത്ത് സമർത്ഥമായി അവതരിപ്പിക്കുന്നു. കഥയുടെ അവസാനം എഴുപത്തിനാലാം പിറന്നാളിനു കുഞ്ഞിക്കാവമ്മയെ വിളിക്കുകയാണ് കുഞ്ചുവമ്മാവൻ. വിരലിലെ മോതിരമൂരി അവരെ അണിയിച്ച് മനസ്സാവരിക്കുകയും ചെയ്തു. അത് ഒരു രഹസ്യഗാന്ധർവ്വമാണ്. പക്ഷേ പിറന്നാൾ ദിവസം കുഞ്ചുവമ്മാവൻ മരിച്ചു. ആ മരണത്തെക്കുറിച്ചോ കുഞ്ഞിക്കാവമ്മയുടെ ദുഃഖത്തെക്കുറിച്ചോ കാരൂർ ഒന്നും പറയുന്നില്ല. പറയുന്നത് മോതിരത്തെക്കുറിച്ചാണ്. മോതിരം തിരഞ്ഞുകൊണ്ടിരിക്കുന്ന ബാഹ്യലോകത്തിന്റെ സ്വാർത്ഥതയെ, പൊള്ളത്തരത്തെ.

## പ്രവർത്തനം മൂന്ന്

### സംവാദം

കഥയുടെ ധ്വന്യാത്മകത കാരൂർ പ്രകടമാക്കിയത് എങ്ങനെ? കഥാപാത്രങ്ങളുടെ നിഗൂഢമായ അഭിലാഷങ്ങളും മനോവൃത്തികളും നേരിട്ട് വിവരിക്കുകയാണോ? സംവാദം സംഘടിപ്പിക്കുക. 'ധ്വന്യാത്മകത വെളിപ്പെടുത്തുന്ന കഥാഭാഗങ്ങൾ പഠിതാക്കൾ കണ്ടെത്തുന്നു. അധ്യാപകൻ വിശദീകരിക്കുന്നു.

- ഋജുവായ ആഖ്യാനം
- നിരലംകൃതമായഭാഷ

## പ്രവർത്തനം - നാല് -ഗ്രൂപ്പു

### ചർച്ചയും പ്രബന്ധരചനയും

'മോതിരം' ഒരു പ്രണയകഥയാണോ - എങ്കിൽ അതിന്റെ പ്രമേയപരമായ അപൂർവ്വത എന്താണ്? പ്രമേയത്തെക്കുറിച്ചുള്ള പൊതുചർച്ച നടക്കുന്നു.

- വാർധക്യകാല പ്രണയം
- വാർധക്യത്തിന്റെ ഏകാന്തത.
- ജീവിതത്തെ പ്രകാശമയമാക്കുന്ന സ്നേഹബന്ധം
- വ്യത്യസ്തമായ മൂല്യചിന്ത
- മനഃശാസ്ത്രപരമായ ഉൾക്കാഴ്ച
- കുഞ്ചുനായരും കുഞ്ഞിക്കാവമ്മയും തമ്മിലുള്ള ബന്ധത്തിന്റെ വളർച്ച തുടങ്ങിയ ആശയങ്ങളെക്കുറിച്ചുള്ള ധാരണകൾ ചർച്ചയ്ക്കു വിധേയമാക്കി പ്രബന്ധം അവതരിപ്പിക്കുന്നു

മികച്ച അവതരണങ്ങളുടെ മേന്മകൾ വിലയിരുത്തുന്നു.

## പ്രവർത്തനം – അഞ്ച്

### കുറിപ്പു തയാറാക്കൽ

എങ്ങനെയാണ് 'മോതിരം ഈ കഥയുടെ കേന്ദ്രമാകുന്നത്.'മോതിര'ത്തിന് ഭൗതിക വസ്തു എന്നതിലുപരി മറ്റെന്ത് പ്രാധാന്യമാണ് കഥയിലുള്ളത്?

പഠിതാക്കൾ ഒരു ചെറുകുറിപ്പ് തയ്യാറാക്കുന്നു. സഹപഠിതാക്കൾ നിരീക്ഷണങ്ങൾ വിലയിരുത്തുന്നു.

പ്രധാന കഥാപാത്രങ്ങൾ തമ്മിലുള്ള നിഗൂഢ ഹൃദയബന്ധത്തിന്റെ പ്രതീകമാണ് മോതിരം എന്ന ആശയം വിശകലനം ചെയ്യപ്പെടുന്നു.

## പ്രവർത്തനം – 6

### ചർച്ച/സെമിനാർ

കഥാന്ത്യത്തിൽ 'മോതിരം' നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ടുള്ള ബന്ധുക്കളുടെ ഉത്കണ്ഠയ്ക്കു അടിസ്ഥാനമെന്ത്? ശാകുന്തളം നാടകത്തിലെ കേന്ദ്രബിന്ദുവായ മോതിരം എന്ന അടയാളവും ചർച്ച ചെയ്യാം.

കഥയുടെ വിവിധ തലങ്ങൾ സൂക്ഷ്മമായി അപഗ്രഥിക്കാനുതകുന്ന സെമിനാർ സംഘടിപ്പിക്കുന്നു. വിവിധ ഗ്രൂപ്പുകൾക്ക് വ്യത്യസ്ത വിഷയങ്ങൾ.

- കഥാപാത്ര സവിശേഷതകൾ
- കഥയുടെ ആഖ്യാനരീതി
- സാമൂഹ്യജീവിതം
- കഥയുടെ മൂല്യാന്വേഷണം – എന്നീ വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പിനകത്ത് ചർച്ച നടക്കുന്നു.

ഓരോ വിഷയത്തെക്കുറിച്ചുമുള്ള ധാരണകൾ രൂപപ്പെടുന്നതിൽ അധ്യാപകർ മാർഗനിർദ്ദേശം നൽകുന്നു.

ഗ്രൂപ്പുകളിൽ രൂപപ്പെട്ട നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ സെമിനാർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു. പഠിതാക്കൾ പൊതുവായി രൂപപ്പെടുത്തിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ/ വിലയിരുത്തുന്നു/ പ്രബന്ധങ്ങൾ.

- ഉള്ളടക്കം
- നിരീക്ഷണങ്ങൾ
- പ്രബന്ധാവതരണ രീതി

എന്നീ സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

## പ്രവർത്തനം – 7

### താരതമ്യ വിശകലനം

മോതിരം എന്ന കഥപോലെ മാനസിക ജീവിതത്തിന്റെ സൂക്ഷ്മാവതരണങ്ങളായ മലയാളത്തിലെ ചില മികച്ച കഥാമാതൃകകൾ (ഉദാ: എം.ടി./വാനപ്രസ്ഥം, ടി പത്മനാഭൻ/ഗൗരി) പരിചയപ്പെടുത്തുന്നു. എല്ലാ പഠിതാക്കളും എല്ലാ കഥകളും വായിച്ചിരിക്കണം.

ഓരോ കഥയുടെയും അവതരണത്തിനു ശേഷം കഥയെക്കുറിച്ചുള്ള വ്യക്തിപരമായ നിരീക്ഷണങ്ങൾ 'മോതിര'വുമായി താരതമ്യം ചെയ്ത് അവതരിപ്പിക്കുന്നു. ശ്രദ്ധേയങ്ങളായവ പഠിതാക്കൾ രേഖപ്പെടുത്തുന്നു. പൊതു ചർച്ചയ്ക്കുശേഷം എല്ലാ വിദ്യാർത്ഥികളും ഏതെങ്കിലും ഒരു കഥയെക്കുറിച്ചെങ്കിലും ആസ്വാദനക്കുറിപ്പ് തയ്യാറാക്കണം.

**മാധവിക്കുട്ടി**

മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരിയും ലോകപ്രശസ്ത കവയത്രിയു (കമലാദാസ്) മായ മാധവിക്കുട്ടി 1934 മാർച്ച് 31 ന് പുന്നയൂർ കുളത്ത് ജനിച്ചു. അച്ഛൻ വി.എം. നായർ. അമ്മ പ്രശസ്ത കവയിത്രി നാലപ്പാട്ട് ബാലാമണിയമ്മ.

മതിലുകൾ, നരിച്ചീറുകൾ, പക്ഷിയുടെ മണം, ചുവന്ന പാവാട, ചന്ദനമരങ്ങൾ, നഷ്ടപ്പെട്ട നീലാംബരി, ചേക്കേറു പക്ഷികൾ, ജാനുവമ്മ പറഞ്ഞ കഥ എന്നിവയാണ് പ്രധാന കഥാസമാഹാരങ്ങൾ. മാനസി, മനോമി, വണ്ടിക്കാളകൾ എന്നിവയാണ് നോവലുകൾ. എന്റെ കഥ, ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കുമുമ്പ്, നീർമാതളം, പഠനകാലം എന്നിവ ആത്മകഥകൾ. സമ്മർ ഇൻ കൽക്കത്ത, ആൽഫബറ്റ് ഓഫ് ദ ലസ്റ്റ്, ഒൺലി ദ ഡോൾ നോസ് ടു സിങ്ങ്, ദി ഓൾഡ് പ്ലേ ഹൗസ്, കളക്റ്റഡ് പോയംസ് എന്നിവയാണ് ഇംഗ്ലീഷ് കാവ്യസമാഹാരങ്ങൾ. ആശാൻ വേൾഡ പ്രൈസ്, ഏഷ്യൻ പോയട്രി പ്രൈസ്, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം തുട്ങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2009 മെയ് 31 ന് അന്തരിച്ചു.

## പാഠാപഗ്രഥനം

### പക്ഷിയുടെ മണം

നവോത്ഥാനത്തിനുശേഷം മലയാള കഥയുടെ ഭാവുകത്വപരിണാമത്തിനു ഏറെ സംഭാവന നൽകിയത് കാല്പനികരായ ആധുനികരാണ്. മാധവിക്കുട്ടി, ടി. പത്മനാഭൻ, എം.ടി., രാജലക്ഷ്മി തുടങ്ങിയ ഈ തലമുറയിലെ എഴുത്തുകാരുടെ കഥാപാത്രങ്ങളിലധികംപേരും അസ്വസ്ഥരും ഏകാകികളും വീടു വിട്ടു ഇറങ്ങിപ്പോകേണ്ടിവരുന്നവരും സ്നേഹത്തിനുവേണ്ടി ഉഴലുന്നവരുമാണ്. പുതിയ നഗരജീവിതത്തെ കഥകളിൽ കൊണ്ടുവന്നവരിൽ മാധവിക്കുട്ടിയുടെ സ്ഥാനം വളരെ വലുതാണ്. രൂപത്തിന്റെ കാര്യത്തിലും ആഖ്യാനത്തിന്റെ കാര്യത്തിലും വ്യത്യസ്തമായ കഥയാണ് 'പക്ഷിയുടെ മണം'.

ആധുനികത ഉന്നയിച്ച പ്രധാന പ്രമേയങ്ങളിലൊന്ന് അസ്ഥിത്വവാദമാണ്. വൈയക്തികാനുവങ്ങളും വ്യക്തിനിഷ്ഠ സ്വാതന്ത്ര്യവും ഉദ്ഘോഷിക്കുന്നവയായിരുന്നു ഒ.വി. വിജയന്റെയും എം. മുകുന്ദന്റെയും കാക്കനാടന്റെയും മറ്റും രചനകൾ. ആധുനികതയുടെ നാന്ദി കുറിച്ച രചനകളിൽ മാധവിക്കുട്ടിയുടെ കഥകൾക്ക് വലിയ സാംഗത്യമുണ്ട്.

## അപഗ്രഥനം

പൊതുസവിശേഷതകളായ ഭ്രമാത്മകത, മൃതുബോധം, സ്വത്വപ്രതിസന്ധി തുടങ്ങിയവ ആധുനിക കഥകളുടെ പക്ഷിയുടെ മരണത്തിൽ പ്രതിഫലിക്കുന്നുണ്ടോ? പക്ഷിയുടെ മണം ഒരു സാധാരണ കഥയല്ല. ഒറ്റപ്പെട്ട കഥയാണ്. അതിന്റെ അന്തരീക്ഷം നൂതനമാണ്; കുറെയൊക്കെ ഭയാനകമാണ്

പക്ഷിയുടെ മണം എന്ന ശീർഷക പരിശോധന നടത്താവുന്നതാണ്. പഠിതാക്കളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നു.

കഥയിലെ ഓരോ വാക്കും അത്യന്തം സൂക്ഷ്മമാണ്. കാവ്യാത്മകവും. ഈ അഭിപ്രായം ചർച്ച ചെയ്യട്ടെ.

- പത്രത്തിൽ കണ്ട പരസ്യം കഥയിലെ കേന്ദ്ര കഥാപാത്രത്തെ എത്തിച്ച ദുരൂഹമായ ഇടം.
- മരണം എന്ന കഥാപാത്രം.

- അനേകം നിലകളും ഇടനാഴികളും മുറികളുമുള്ള കെട്ടിടം.

കാവ്യാത്മകമായ ആഖ്യാനം എന്ന നിലയിൽ പഠിതാക്കൾ കഥയെ വിലയിരുത്തുന്നു.

സ്ത്രീ എത്തിച്ചേരുന്ന കെട്ടിടത്തിന്റെ വിവരണം "അത് ഏഴു നിലകളും ഇരുന്നൂറിലധികം മുറികളും വളരെയധികം വരാന്തകളുമുള്ള ഒരു കൂറ്റൻ കെട്ടിടമായിരുന്നു..."

പക്ഷിയുടെ മണം എന്ന കഥയിൽ മരണം അനുഭവവേദ്യമാകുന്നത് ഗന്ധദൃശ്യബിംബങ്ങളിലൂടെയാണ്

മരണത്തിന്റെ മണം / പക്ഷിയുടെ മണവുമായി താരതമ്യം ചെയ്യപ്പെടുന്ന പ്രയോഗവിശേഷം.

- മഞ്ഞ കലർന്ന തവിട്ടുനിറമുള്ള പക്ഷി,
- മഞ്ഞക്കാമില
- മഞ്ഞപ്പൂക്കൾ തുടങ്ങിയ പ്രയോഗങ്ങൾ അപഗ്രഥിക്കുന്നു.

**ഭാഷാപരമായ പ്രത്യേകതകൾ**

ഋജുവും ലളിതവുമായ ഭാഷ. ബിംബങ്ങൾ ഭാഷയുടെ ലാഘവം കൊണ്ട് ആദ്യവായനയിൽ തന്നെ ഹൃദ്യമാകുന്നു.

Dying എന്ന വാക്ക് സൃഷ്ടിക്കുന്ന ഭാവം. Dyeing (തുണിക്കു ചായം കൊടുക്കുക) - അക്ഷരത്തെറ്റ് ജീവിതത്തിന്റെ തന്നെ നഷ്ടഭാവത്തിലെത്തിച്ചേരുന്നത്. തകർന്ന ലിഫ്റ്റ്.

**സൂചകങ്ങൾ**

- മനുഷ്യനെ ഊരാക്കുടുക്കുകളിലെത്തിക്കുന്ന പ്രലോഭനങ്ങൾ (പത്രത്തിലെ പരസ്യം)
- ലക്ഷ്യബോധമില്ലാത്ത അന്വേഷണം.

  (ടെക്സ്റ്റൈൽ കമ്പനി കണ്ടെത്തുവാനുള്ള ശ്രമം)
- യാന്ത്രികതയിലേക്കും ചിന്താക്കുഴപ്പത്തിലേക്കും നയിക്കുന്ന സുഖസൗകര്യങ്ങൾ (കൂറ്റൻ കെട്ടിടങ്ങൾ, ലിഫ്റ്റുകൾ)
- പ്രതിസന്ധികളിലും വിഭ്രാന്തികളിലുമെത്തിക്കുന്ന മൃത്യുസാമീപ്യം (ചവിട്ടിയരയ്ക്കപ്പെടുന്ന പക്ഷി, കേടുവന്ന ലിഫ്റ്റ്)
- ശബ്ദിക്കുന്ന, ഗർജിക്കുന്ന ഇരുട്ട്
- പ്രതീകഭംഗി

**സംവാദം**

മർദ്ദിത നായിക - മാധവിക്കുട്ടിയുടെ കഥാപാത്ര സങ്കൽപ്പം വിചിന്തനം ചെയ്യുന്നു. സ്ത്രീപക്ഷ കഥ എന്ന നിലയിലുള്ള സംവാദം.

നെയ്പായസം, കല്യാണി പോലുള്ള മാധവിക്കുട്ടിയുടെ ഇതരകഥകളെ പരിചയപ്പെടുത്തുന്നു. പഠിതാക്കൾക്ക് കഥയുടെ ആന്തരികതലം തിരിച്ചറിയാനുള്ള അവസരം നൽകുന്ന ചർച്ചകൾ - കൂട്ടായും വ്യക്തിഗതമായും - കഥയെ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള ശേഷി നൽകുന്നു.

കഥയെ വിലയിരുത്തിക്കൊണ്ടുള്ള കുറിപ്പുകൾ തയ്യാറാക്കുന്നു.

ഭാവസ്ഫുരണത്തോടെയുള്ള വായന/ വിലയിരുത്തൽ

നവോത്ഥാന കഥയും പിന്നീടുള്ള കഥകളും തമ്മിലുള്ള ഭാഷാപരവും പ്രമേയപരവുമായ മാറ്റവും വളർച്ചയും.

'മോതിരം' പൊലെ വൈകാരിക തീവ്രതയുള്ള രചനകളിൽ നിന്ന് പക്ഷിയുടെ മണം പോലെ സങ്കീർണ്ണതയാർന്ന കൃതികളെ സമീപിക്കുവാനുള്ള ആസ്വാദനപരമായ പാകത പഠിതാക്കൾക്ക് ലഭ്യമാകുന്നു.

ഉപരിവർഗ മൂല്യങ്ങളിൽ അഭിരമിക്കുന്നവരുടെ മുഖം പ്രതിഫലിപ്പിക്കുന്ന, കറുത്ത ഫലിതവും ആത്മോപഹാസവും ചേർന്ന ഒരു ആഖ്യാനമാണ് അമേരിക്കയുടേത്.

ആഖ്യാതാവിന്റെ സ്വപ്നത്തിലൂടെ ആരംഭിക്കുന്ന കഥയുടെ ആഖ്യാന സവിശേഷത പഠിതാക്കൾക്കു വിശേഷമായൊരു അനുഭവമാകുന്നു.

ഒരിക്കലും നായാട്ടുകാരനായിട്ടില്ലാത്ത സ്കൂൾ അധ്യാപകനായ അച്ഛനാണ് സ്വപ്നത്തിൽ, ചുമരിൽ തറയ്ക്കുവാൻ മൃഗത്തലയുമായി നില്ക്കുന്നത് എന്നത് അനുഭവപ്പെടുമ്പോൾ സ്വപ്നവും യാഥാർത്ഥ്യവും പഠിതാക്കൾക്ക് വിശകലനം ചെയ്യേണ്ട ഒന്നായി മാറുന്നു.

### പാഠാപഗ്രഥനം

എഴുപതുകളിലും എൺപതുകളിലും എഴുതിത്തുടങ്ങിയ ഒരു കൂട്ടം കഥാകാരന്മാർ ആധുനികതയുടെ അടിസ്ഥാന പൊളിച്ചെഴുതി. കഥയെ കഥയായി കണ്ട് ജീവിതത്തിന്റെ ആഖ്യാനരൂപമായി ആവിഷ്കരിച്ചു. ആധുനികോത്തരത എന്ന വ്യത്യസ്തമായ ഒരു ഭാവുകത്വ പരിസരമാണ് അവർ സൃഷ്ടിച്ചത്. കഥകൾക്കുള്ളിൽ യാഥാർത്ഥ്യത്തിന്റെ നിരവധി പാഠങ്ങൾ സൃഷ്ടിച്ച് ബഹുസ്വരതയാർന്ന ഒരു ആഖ്യാനരൂപമായിത്തീർന്നു അവരുടെ രചനകൾ. എൻ. പ്രഭാകരൻ, ടി.വി. കൊച്ചുബാവ, എൻ. എസ്. മാധവൻ, സി.വി. ബാലകൃഷ്ണൻ, അക്ബർ കക്കട്ടിൽ, പി. സുരേന്ദ്രൻ, ശിഹാബുദ്ദീൻ, പൊയ്തും കടവ്, കെ. ആർ. മീര, സുഭാഷ് ചന്ദ്രൻ, ഇ. സന്തോഷ്കുമാർ, സന്തോഷ് ഏച്ചിക്കാനം, ആർ. ഉണ്ണി തുടങ്ങി വ്യത്യസ്ത രീതികളിൽ പല തലങ്ങളിൽ എഴുതുന്ന കഥാകൃത്തുക്കൾ ആധുനികോത്തര കാലത്തുണ്ട്. സുഭാഷ് ചന്ദ്രന്റെ 'അമേരിക്ക' പ്രതിനിധാനം കൊണ്ടും സമകാലിക ജീവിതത്തിന്റെ നേർക്കാഴ്ച കൊണ്ടും വ്യത്യസ്തവും മൗലികവുമായ കഥയാണ്. വിദേശ സംസ്കൃതിയോടുള്ള ഭ്രമവും ആഡംബരങ്ങൾക്കു പുറകെ പോകാനുള്ള വ്യഗ്രതയും ഇവിടെ കറുത്ത ഫലിതം കൊണ്ട് വിമർശിക്കപ്പെടുന്നു. ഇടത്തരക്കാരന്റെ ജീവിതത്തിലെ ചില കൊതികൾ രാജ്യാന്തരസംസ്കൃതിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന അമേരിക്ക, പേരുപോലെ തന്നെ പടിഞ്ഞാറൻ ഭ്രമത്തിന്റെ സൃഷ്ടിയാണ്. കയറ്റുമതിക്കായി പ്രത്യേകം വളർത്തുന്ന കൊഞ്ചും, വൈറ്റ് ഹൗസ് എന്നു പേരായ കൂറ്റൻ വീടും വലിയ ചിഹ്നങ്ങളായി വരുന്നു. അനുഭവങ്ങൾക്ക് ആധികാരികതയും മൂർത്ത രൂപവും നഷ്ടപ്പെടാതെ അവയെ കലാപരമായി കാണുവാനുള്ള സുഭാഷ്ചന്ദ്രന്റെ കഴിവ് 'അമേരിക്ക' വെളിപ്പെടുത്തുന്നു. പുതു കഥകൾ കാലത്തിന്റെ സൃഷ്ടിയാണെന്നും അത് ഒരു സാംസ്കാരിക നിർമ്മിതിയാണെന്നും 'അമേരിക്ക' സാക്ഷ്യം നൽകുന്നു.

നവോത്ഥാനവും ആധുനികതയും പിന്നിട്ട് ആധുനികാനന്തരകാലഘട്ടത്തിലെത്തുമ്പോൾ ചെറുകഥയ്ക്കു വന്നു ചേർന്ന ഭാവുകത്വ പരിണാമങ്ങൾ പഠിതാക്കൾക്ക് മനസ്സിലാക്കുവാൻ ഉതകുന്ന ചില കഥകളെ പരിചയപ്പെടുത്തുന്നു.

എൻ. പ്രഭാകരൻ - ബി.എം.പി.
വി.ആർ.സുധീഷ് - വംശാനന്തര തലമുറ
ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് - മഞ്ഞുകാലം
സുഭാഷ്ചന്ദ്രൻ - അമേരിക്ക
ഉദാ: ജീവിത ദർശനം കൊണ്ടും സാഹിത്യസങ്കൽപ്പംകൊണ്ടും സുഭാഷ്ചന്ദ്രന്റെ കഥകൾ വേറിട്ടു നിൽക്കുന്നത് ബോധ്യപ്പെടുന്നു.

## LO പഠനനേട്ടം

കഥ വായിച്ച് ആസ്വദിക്കുവാനും അപഗ്രഥിക്കുവാനും ശേഷി ആർജ്ജിക്കുന്നു. കഥ ഒരു സാംസ്കാരികവും രാഷ്ട്രീയവുമായ നിർമ്മിതിയാണെന്ന ബോധ്യപ്പെടുത്തലിന് പ്രേരകമാകുന്ന കഥകൾ അധ്യാപകർക്ക് നേരിട്ട് ക്ലാസ്സിൽ ചർച്ച ചെയ്യാം.

പഠിതാക്കൾ വിവിധ ഗ്രൂപ്പുകളായി അത്തരം കഥകളുടെ വായനാനുഭവം പങ്കുവയ്ക്കുന്നു.

**കഥ നിർവ്വഹിക്കുന്ന സമകാലിക സാമൂഹീക വിമർശനം ചർച്ച ചെയ്യാം.**

- പുതിയ വീടിന്റെ പൂമുഖ ചുമരിലേക്ക് കഥകളിത്തല വേണമെന്ന ഭാര്യയുടെ ആവശ്യം സമകാല ജീവിതവുമായി ചേർത്തുവയ്ക്കാൻ ആവശ്യപ്പെടുന്നു.
- പാരമ്പര്യവും സാംസ്കാരിക പൈതൃകവും വെറും 'മ്യൂസിയം പീസാ'യിത്തീരുന്ന അവസ്ഥയെക്കുറിച്ചുള്ള ചർച്ചകൾ ക്ലാസിൽ നടത്താം. കഥകളിത്തലപറ, ഓട്ടുരുളി, വാളും പരിചയും ഇങ്ങനെ പഠിതാക്കൾ നേരിട്ടു കണ്ടറിഞ്ഞവ വിശദീകരിക്കപ്പെടുന്നു.
- ആധുനിക സമൂഹത്തിലെ മറ്റൊരു പ്രശ്നമായ പടിഞ്ഞാറൻ സംസ്കാരത്തോടുള്ള ആരാധന.

## വിശകലനം

അമേരിക്ക എന്ന ബോധം രൂപപ്പെടുന്ന പശ്ചാത്തലം ഏതൊക്കെ?

'അമേരിക്ക' എന്ന ശീർഷകത്തിന്റെ പ്രാധാന്യം ചർച്ച ചെയ്യാം.

- വൈറ്റ് ഹൗസ്
- ഫിഷറീസ് ഫാമിലെ സുഹൃത്ത് തങ്കച്ചൻ നൽകുന്ന എക്സ്പോർട്ട് ക്വാളിറ്റി കൊഞ്ച് കഥയിൽ ഒരു പ്രതീകമായി വരുന്നു.
- ഇന്നു രാത്രി നിന്റെ പുതിയ വീട് ഒരു അമേരിക്കയാകട്ടെ" എന്ന തങ്കച്ചന്റെ ആശംസകൾ വിശകലനം ചെയ്യുമ്പോൾ കഥയുടെ ആന്തരാർത്ഥങ്ങളിലേക്ക് പഠിതാക്കളെത്തുന്നു.
- ജീവിതത്തിന്റെ പല തലത്തിൽ വരുന്ന ആഗോളീകരണത്തിന്റെ സ്വാധീനവും വിധേയത്വവും പഠിതാക്കളുടെ നിരീക്ഷണങ്ങളിലൂടെ തന്നെ കഥയുമായി ചേർത്തുവെക്കാം.
- വീടിന്റെ മേൽവിലാസം നൽകുമ്പോൾ 'വൈറ്റ് ഹൗസ്' എന്ന വമ്പൻവീടിനടുത്താണെന്ന പരാമർശം നൽകുന്ന അർത്ഥവിവക്ഷകൾ സംവാദത്തിന് സാധ്യത നൽകുന്നു.

അമേരിക്ക എന്ന കഥാശീർഷകവും എക്സ്പോർട്ട് ക്വാളിറ്റി, വൈറ്റ് ഹൗസ് തുടങ്ങിയ സംജ്ഞകളും പഠിതാക്കളുടെ

ആസ്വാദന - അപഗ്രഥന ശേഷിയിലുണ്ടാക്കുന്ന മാറ്റങ്ങളും മികവുകളും പരിശോധിക്കാൻ അവസരം നൽകുന്നു.

**അപഗ്രഥനം**

- ഭാര്യയുടെയും മക്കളുടെയും ചെയ്തികൾ.
- രണ്ടു മൂന്നു ദിവസമായിട്ടുള്ള 'സഹികെട്ട നാറ്റം' എന്താണെന്നുള്ള ഗൃഹനാഥന്റെ അന്വേഷണം.
- മക്കളുടെ ടെലിവിഷൻ ഭ്രമം -
- ഫാഷൻ പരേഡ് പോലുള്ളവയോടുള്ള അനുകരണഭ്രമം
- 'കഥകളിത്തല' ശില്പം ചുമരിൽ വെക്കുന്നത്
- 'എന്തിന്റെ തലയാ ഇത്? എന്ന മക്കളുടെ ചോദ്യം
- പഠിതാക്കളുടെ കണ്ടെത്തലുകളിലൂടെ അപഗ്രഥനം മികവുറ്റതാക്കാം.

**സംവാദം**

വൈറ്റ് ഹൗസിലെ സെപ്റ്റിക് ടാങ്കിൽ നിന്ന് തൊട്ടടുത്ത കുഴിയിലേക്ക് വിസർജ്യം കോരിക്കളയുന്ന തോട്ടിപ്പണിക്കാരന്റെ കാഴ്ചയും 'അസഹ്യതകളെ സഹ്യമാക്കാനുള്ള സ്ത്രീയുടെ ജന്മവാസനയും' ഉണർത്തുന്ന ജീവിത ദർശനം കഥയ്ക്കു നൽകുന്ന മാനങ്ങൾ / സ്ത്രൈണ സത്തയെ സംബന്ധിച്ചുള്ള പ്രസ്താവം സംവാദത്തിൽ ഉൾപ്പെടുത്താം.

പുറം രാജ്യങ്ങളിലെ മാലിന്യങ്ങൾ വലിച്ചെറിയാനുള്ള ഒരിടമായി നമ്മുടെ ദേശം മാറുന്നത് ഒരു രാഷ്ട്രീയ പ്രശ്നമായി തീരുന്നിടത്തുള്ള കഥയുടെ ശക്തി വിശദീകരിക്കാവുന്നതാണ്.

**ആഖ്യാനപരമായ പ്രത്യേകത**

**ഭാഷയിലെ ബിംബാത്മകത**

സമകാലികരിൽ നിന്ന് സുഭാഷചന്ദ്രനെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ അലങ്കാര മുദ്രിതമായ ഭാഷയാണ്.

'ഒരു പിഞ്ചുകുഞ്ഞിന്റെ കൈയിനോളം വരും ഓരോ കൊഞ്ചും' എന്ന അവന്റെ സാമ്യോക്തി, അതിന്റെ പ്രാസഭംഗിയെപ്പോലും വിഗണിച്ച് ആദ്യം എന്നെ നടുക്കിക്കളഞ്ഞെങ്കിലും, അമേരിക്കയിലേക്കു കയറ്റി അയയ്ക്കാൻ മാത്രമായി പരിപാലിക്കപ്പെടുന്ന കൊഞ്ചുകളെ തിന്നാൻ കിട്ടുന്നതു ഭാഗ്യമാണെന്ന് അവർ പറഞ്ഞപ്പോൾ ഞാനതിൽ മുഗ്ധനായിത്തീർന്നു.

സംസാരഭാഷയ്ക്കപ്പുറം സന്ദർഭങ്ങളിലും സാഹിത്യഭാഷയാണ് സുഭാഷ് ചന്ദ്രൻ ഉപയോഗിക്കുന്നത്.

**താരതമ്യവിശകലനം**

'അമേരിക്ക'യുമായി പ്രമേയതലത്തിലോ ആഖ്യാനതലത്തിലോ താരതമ്യം ചെയ്യാവുന്ന രചനകളുടെ വായന.

പൊൻകുന്നം വർക്കി (മോഡൽ)

എം.ടി. (ഷെർലക്ക്)

സക്കറിയ (സലാം അമേരിക്ക)

പൊതുവായനയ്ക്കുശേഷം പഠിതാക്കളെ ഗ്രൂപ്പുകളായി തിരിച്ച് സുഭാഷ് ചന്ദ്രന്റെ കഥയുമായി താരതമ്യം ചെയ്യാൻ ആവശ്യപ്പെടുന്നു. കുറിപ്പുകൾ വായിക്കുന്നു.

താരതമ്യക്കുറിപ്പുകൾ പഠിതാക്കൾ തന്നെ വിലയിരുത്തുന്നു.

**സുഭാഷ് ചന്ദ്രൻ**

1972 ൽ ആലുവായ്ക്കടുത്ത് കൊടുങ്ങല്ലൂരിൽ ജനിച്ചു. അച്ഛൻ ചന്ദ്രശേഖരൻ പിള്ള അമ്മ പൊന്നമ്മ എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് മലയാളത്തിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയ്ക്ക് മാതൃഭൂമി വിഷുപ്പതിപ്പ് നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചു. ഇതേ പേരിലുള്ള ആദ്യകഥാസമാഹരത്തിന് 2001 ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. പി.പി. ശിവകുമാർ കേളി അവാർഡ്", അബുദാബി ശക്തി അവാർഡ് തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ ലഭിച്ചു. പറുദീസാനഷ്ടം, തല്പം, ബ്ലഡിമേരി, എന്നീ ചെറുകഥാസമാഹരങ്ങളും മനുഷ്യന് ഒരു ആമുഖം എന്ന നോവലും മധ്യേയിങ്ങനെ, കാണുന്ന നേരത്ത്, ദാസ് ക്യപിറ്റർ, നമസ്കാരം എന്നിവയും പ്രധാനകൃതികൾ കേരള സാഹിത്യ അക്കാദമി ജനറൽ കൗൺസിൽ അംഗമായിരുന്നു. മാതൃഭൂമിയിൽ ചീഫ് സബ് എഡിറ്റർ.

**സൂചകങ്ങൾ**

- നിരീക്ഷണങ്ങളിലെ തനിമ
- ആശയ സമഗ്രത
- എന്നിവയെ അടിസ്ഥാനമാക്കി താരതമ്യക്കുറിപ്പുകൾ.

**കണ്ണാടിയിലും വർത്തമാന പത്രത്തിലും വിശ്വസിക്കുമ്പോൾ**

**പാഠപ്രഗ്രഥനം**

കാലത്തിനുനേരെ പിടിച്ച കണ്ണാടിയാണ് 'കല' സാമൂഹ്യയാഥാർത്ഥ്യങ്ങളോട് പ്രതിബദ്ധതയുള്ള വ്യക്തിയാണ് എഴുത്തുകാരൻ. സമകാലികാനുഭവങ്ങളിൽ നിന്ന് ഊർജ്ജം നേടി എഴുതിയ കഥയാണ് ഫോട്ടോ. ദൽഹി 1981, ഭാവി തുടങ്ങിയവ. പ്രശസ്തമായ കഥകളെപ്പോലെ തന്നെ ഫോട്ടോയും യാഥാർത്ഥ്യത്തോടുള്ള പ്രതികരണമാണ്. ബാലികാ പീഡനമാണ് കഥാവിഷയം. കൂട്ടുകാരായ ആൺകുട്ടിയും പെൺകുട്ടിയും പത്രങ്ങളിലും മറ്റും കണ്ട വിവാഹ ഫോട്ടോകളുടെ സ്വാധീനത്തിൽ ഒന്നിച്ചൊരു ഫോട്ടോയെടുക്കുകയാണ്. പണമില്ലാത്തതുകൊണ്ട് ഫോട്ടോഗ്രാഫർ അവരെ

**കെ.പി. അപ്പൻ**

1936 ഓഗസ്റ്റ് 25 ന് ആലപ്പുഴയിൽ ജനിച്ചു. പൂന്തോപ്പ് 'കാർത്തിക'യിൽ പത്മനാഭൻ - കാർത്ത്യായനി ദമ്പതികളുടെ മകൻ. ആലുവ യു.സി. കോളേജിലും ചേർത്തല എസ്.എൻ. കോളേജിലും കൊല്ലം എസ്.എൻ. കോളേജിലും അധ്യാപകനായിരുന്നു.

1960 കളുടെ ഉത്തരാർധത്തിൽ മലയാള സാഹിത്യത്തിൽ കടന്നുവന്ന ആധുനികതാ പ്രസ്ഥാനത്തിൽ, സൗന്ദര്യശാസ്ത്രത്തെ ആഴത്തിൽ പഠിച്ച് ഒരു പുതിയ ഭാവുകത്വത്തിന്റെ അപ്പോസ്തലനായി ഉയർന്നു വന്ന വിമർശകനാണ് കെ.പി. അപ്പൻ. യാഥാസ്ഥിതിക വിമർശനത്തോടുള്ള തിരസ്കാരവും കലഹവാസനയും കൊണ്ട് എഴുത്തുകാരന്റെ അന്തസ്സ് നിലനിർത്തുവാൻ അപ്പനു കഴിഞ്ഞു. ആധുനിക കഥ- നോവൽ സാഹിത്യത്തിനൊപ്പം തന്നെ വിമർശനവും സാമൂഹ്യാംഗീകാരം നേടി. ആശയപരമായ പരിപൂർണ്ണ സ്വാതന്ത്ര്യവും കാവ്യാത്മകഭാഷയും ധ്യാനാത്മക ദർശനവും കൊണ്ട് അവ വേറിട്ട് നിൽക്കുന്നു. പ്രധാന കൃതികൾ : ക്ഷോഭിക്കുന്നവരുടെ സുവിശേഷം, തിരസ്ക്കാരം, കലഹവും വിശ്വാസവും, മാറുന്ന മലയാള നോവൽ, പേനയുടെ സമരമുഖങ്ങൾ, ചരിത്രത്തെ അഗാധമാക്കിയ ഗുരു. 2008 ഡിസംബർ 15 ന് അന്തരിച്ചു

ചതിക്കുകയാണ്. പെൺ കുട്ടിയെ വിവസ്ത്രയാക്കി പടമെടുത്ത് ഭീഷണിപ്പെടുത്തി അവളെയുംകൊണ്ട് അപ്രത്യക്ഷനാകുന്നു. കുട്ടിയുടെ നിശ്ശബ്ദ നിലവിളികൊണ്ട് കഥ എഴുതിയകാലത്തിന്റെ ട്രാജഡിയാകുന്നു. നിസ്സഹായനാകുന്ന ആൺകുട്ടിയും ആധിപിടിപ്പിക്കും. കണ്ണാടിയിലും വർത്തമാന പത്രത്തിലും വിശ്വസിച്ച് ബാഹ്യയാഥാർത്ഥ്യങ്ങളിൽ മാത്രം ഒതുങ്ങിക്കഴിയുന്ന പുതിയ കാലത്തിന്റെ ചിത്രമാണ് ഫോട്ടോയിലുള്ളത് എന്നും നിരൂപകൻ വിശ്വസിക്കുന്നു.

ബാഹ്യയാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കുന്നതാണ് ഛായാഗ്രഹണം. ഫോട്ടോ എന്ന കഥയിൽ കുട്ടികളുടെ ജീവിതത്തിന്റെ ബാഹ്യയാഥാർഥങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത്. ആന്തരികയാഥാർഥ്യം ഇവിടെ അവതരിപ്പിക്കപ്പെടുന്നില്ല അതായത് ബാഹ്യമായവ പറഞ്ഞ് ആന്തരികമായത് പറയാതെ മാറി നിൽക്കുക എന്ന തന്ത്രമാണ് / രീതിയാണ് ഈ കാലഘട്ടത്തിന്റെയും പ്രത്യേകത. ഇതാണ് കണ്ണാടിയിലും (ബാഹ്യയാഥാർഥ്യം കാണിക്കുന്നത്) പത്രവാർത്തയിലും (വാർത്ത പറഞ്ഞ് അതിന്റെ സത്ത ഒഴിവാക്കുന്നത്) എന്ന ലേഖനശീർഷകം അർഥമാക്കുന്നു.

**കഥാപഠനം:**

എം. മുകുന്ദന്റെ 'ഫോട്ടോ' എന്ന കഥയുടെ ഭാവസ്ഫുരണത്തോടെയുള്ള വായന ശ്രോതാക്കളെ ആകർഷിക്കാൻ പര്യാപ്തമാകും.

പഠിതാക്കൾ കഥയെ വിലയിരുത്തുന്നു.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

- ആശയസമഗ്രത
- ആഖ്യാന രീതി
- ഭാഷാപരമായ മേന്മ

'ഫോട്ടോ' യെ ആസ്പദമാക്കിയുള്ള ചലചിത്രം 'അഞ്ചുസുന്ദരികൾ' എന്ന സിനിമയിലെ 'സേതുലക്ഷ്മി' എന്ന ഭാഗം പ്രദർശിപ്പിക്കാം.

കെ.പി. അപ്പന്റെ 'കണ്ണാടിയിലും വർത്തമാനപത്രത്തിലും വിശ്വസിക്കുമ്പോൾ' പരിചയപ്പെടുന്നു.

നിരൂപകന്റെ കാഴ്ചപ്പാട്, പഠിതാക്കൾ നേരത്തെ തയ്യാറാക്കിയ ആസ്വാദനങ്ങളുമായി താരതമ്യം ചെയ്ത് നിരൂപണത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുന്നു.

നിരൂപണം രൂപപ്പെടുന്നതെങ്ങനെ?

- പ്രമേയം
- ഭാഷ
- ആഖ്യാനം

തുടങ്ങിയവ വേറിട്ട ചർച്ച ചെയ്യുന്നു.

കഥാപഠനം / നിരൂപണം തയ്യാറാക്കുന്നു.

അപ്പന്റെ നിരീക്ഷണങ്ങൾ മുൻനിർത്തി മോതിരം, പക്ഷിയുടെ മണം, അമേരിക്ക എന്നീ കഥകൾ നിരൂപണം ചെയ്യുക. കുട്ടികൾക്ക് ഇഷ്ടപ്പെട്ട കഥ തെരഞ്ഞെടുക്കാം.

നിരൂപണപ്പതിപ്പ് തയ്യാറാക്കുന്നു.

പരിഗണിക്കാവുന്ന വിഷയങ്ങൾ

- നവോഥാന മലയാളകഥ
- ആധുനിക കഥ
- പുതിയ കാലം / പുതിയ കഥ

## സഹായകഗ്രന്ഥങ്ങൾ

1. ചെറുകഥാ പ്രസ്ഥാനം - എം. പി. പോൾ
2. ചെറുകഥ ഇന്നലെ ഇന്ന് - എം. അച്യുതൻ

3. കാഥികന്റെ പണിപ്പുര - എം.ടി.
4. കഥ ആഖ്യാനവും അനുഭവസത്തയും- കെ.പി. അപ്പൻ
5. ചെറുകഥയുടെ ഛന്ദസ് - വി. രാജകൃഷ്ണൻ
6. കഥ കാലം പോലെ - എൻ. ശശിധരൻ
7. കഥ തേടുന്ന കഥ - എൻ. പ്രഭാകരൻ
8. നിശബ്ദതകളും നിർമ്മാണവും - ഇ.പി. രാജഗോപാലൻ
9. കഥയും ഭാവുകത്വ പരിണാമവും - കെ.എസ്. രവികുമാർ
10. കഥാപഠനങ്ങൾ - ഡോ. പി.കെ. തിലക്
11. കഥയും ഫാന്റസിയും - ഡോ. വത്സലൻ വാതുശ്ശേരി.

## ചോദ്യങ്ങൾ

1. 'മോതിരം' എന്ന കഥയുടെ പ്രമേയുപരവും ആഖ്യാനപരവുമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.
2 കുഞ്ചുവമ്മാവന്റെ മരണാനന്തരം നഷ്ടപ്പെട്ട മോതിരം വീട്ടുകാർ അന്വേഷിക്കുന്ന അവസ്ഥയിലാണ് കഥ അവസാനിക്കുന്നത്. മനുഷ്യരുടെ ഏതെല്ലാം മനോഭാവങ്ങളാണ് ഇതിലൂടെ വെളിവാക്കപ്പെടുന്നത്.?
3. നഗരജീവിതത്തിൽ സ്ത്രീ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും ആവിഷ്കരിക്കുന്ന പക്ഷിയുടെ മണത്തിൽ - കഥാകാരി സ്വീകരിച്ച രചനാ തന്ത്രങ്ങൾ എന്തൊക്കെ?
4. സങ്കീർണ്ണമായ ഇതിവൃത്തം അത്യന്തം ലാളിത്യത്തോടെയാണ് പക്ഷിയുടെ മണത്തിൽ ചിത്രീകരിച്ചിരിക്കുന്നത് - പ്രതികരണക്കുറിപ്പ് തയാറാക്കുക.
5. സമകാലിക സമൂഹത്തിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങളിലേക്ക് പൊതുജന ശ്രദ്ധ ക്ഷണിക്കുന്നതിനു വേണ്ടി പത്രാധിപർക്ക് ഒരു കത്ത് തയാറാക്കുക.
6. മൂന്നാം ലോകരാജ്യങ്ങളുടെ സ്വപ്നഭൂമി എന്ന നിലയിലാണല്ലോ അമേരിക്കയെ വിശേഷിപ്പിക്കാറുള്ളത്. സുഭാഷ് ചന്ദ്രന്റെ കഥ ഈ നിലപാട് വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്നതിനു സ്വീകരിച്ച തന്ത്രങ്ങൾ വിശകലനം ചെയ്തു കുറിപ്പെഴുതുക.
7. ആഴം നഷ്ടപ്പെട്ട്, പാരമ്പര്യവും സാംസ്കാരിക മുദ്രകളും എല്ലാം പ്രദർശനവസ്തുവാക്കി മാറ്റുന്ന നവനാഗരിക സംസ്കാരത്തെ വിമർശനാത്മകമായി അവതരിപ്പിക്കുന്ന ഒരു തലം അമേരിക്ക എന്ന കഥയിലുണ്ട്. നിഗമനങ്ങൾ അവതരിപ്പിക്കുക.
8. എം. മുകുന്ദന്റെ ഫോട്ടോ, സ്വന്തം കാലഘട്ടത്തിന്റെ സദാചാരചരിത്രമാണ് - കെ.പി.അപ്പന്റെ നിരീക്ഷണത്തിന്റെ പൊരുളെന്ത്?
9. 'ഫോട്ടോ' എന്ന കഥയുടെ ആഖ്യാനത്തിന് ഉപയോഗിച്ചിരിക്കുന്നത് ഛായാഗ്രഹണ കലയാണെന്ന നിരൂപകന്റെ അഭിപ്രായം പരിശോധിക്കുക.